# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 9, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--346]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 82 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 83 മുതൽ 148 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 149 മുതൽ 262 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 263 മുതൽ 346 വരെ |

### പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ ഒഴിവുകൾ

1. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി വിജ്ഞാപനം ചെയ്തിട്ടും പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പി.എസ്.സി.യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും അതിന് മറുപടി ലഭിച്ചോ എന്നും വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

### ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം

2. ശ്രീ.സി.പി.മുഹമ്മദ്
   ,, ഹൈബി ഈഡൻ

,, ആർ . സെൽവരാജ്

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണ രീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചതായി അറിയാമോ ;എങ്കിൽ വിശദമാക്കുമോ?

<u>മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായികതാരങ്ങൾക്ക് അവധി</u>

3. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയതലത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പരിശീലനങ്ങൾക്കും ആവശ്യമായ അവധി അനുവദിക്കാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പദ്ധ്യക്ഷന്മാരും ഉയർന്ന ഉദ്യോഗസ്ഥതലത്തിലും നിരസിക്കുകയും അതുകാരണം മികച്ച കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാനുള്ള അവസരം നഷ്ടമാകുന്നതും പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മതിയായ അവധി അനുവദിക്കാത്തതു കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം</u>

4. ശ്രീ.വർക്കല കഹാർ

,, വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്;

(സി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ശമ്പള പരിഷ്കരണ കമ്മീഷൻ</u>

5. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചത്, പ്രസ്തുത കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയത് എന്നാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ ;

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് എത്ര മാസമായി: പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് :10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് എന്ന് അനുഭവവേദ്യമാകും എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ?

<u>വികസന പ്രവത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ</u>

6. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലത്തിലെ വികസന പ്രവൃത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവുണ്ടായിട്ടും പല വകുപ്പുകളും ഈ ഉത്തരവ് പാലിക്കാൻ തയ്യാറാകാത്തതിനന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ ഉത്തരവിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ തന്നെ വകുപ്പുകൾക്ക് അറിവില്ലാത്തതിനാലും അറിവുള്ള വകുപ്പുകൾ എം.എൽ.എ.മാർക്ക് ആമുഖ കത്ത് തയ്യാറാക്കുകയാണെന്നും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കും എന്നെല്ലാം പറഞ്ഞ് പകർപ്പ് ലഭ്യമാക്കാത്തതും പല വികസന പദ്ധതികളും

സമയബന്ധിതമായി നടപ്പാക്കുന്ന കാര്യത്തിൽ സൃഷ്ടിക്കുന്ന അനാവശ്യ കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(ഡി) എം.എൽ.എ.മാർ മുഖാന്തിരം സമർപ്പിക്കപ്പെടുന്ന നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള വ്യക്തിഗത അപേക്ഷകളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഡേവിഡ് ലാലി എന്നയാൾക്ക് ലഭിച്ച ശിക്ഷ</u>

7. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഡാക്കുപ്പികൊണ്ടടിച്ച് പല്ലും താടിയെല്ലും തകർത്ത് ഗുരുതര പരിക്കേല്പിച്ചുവെന്നതിനു മലയൻകീഴ് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതി ഡേവിഡ് ലാലി എന്നയാൾക്ക് വിധിച്ച ശിക്ഷ എന്തായിരുന്നു; ഈ ശിക്ഷ സുപ്രീം കോടതി ശരിവെക്കുകയുണ്ടായോ;

(ബി) സുപ്രീം കോടതി ശരിവച്ച ശിക്ഷ പിന്നീട് ഗവൺമെന്റ് ഇളവു ചെയ്യുകയുണ്ടായോ; എങ്കിൽ ഏത് ഉത്തരവിലൂടെ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) രണ്ട് വർഷം തടവിനുള്ള ശിക്ഷ ഒരു ലക്ഷം രൂപ പിഴ മാത്രമാക്കാനുണ്ടായ കാരണം എന്തായിരുന്നു; ആരുടെ ശിപാർശയിന്മേലാണ് സർക്കാർ ഉത്തരവ് നൽകിയത്; വിശദമാക്കാമോ;

(ഡി) ഈ കേസിൽ പ്രതി എത്ര ദിവസം തടവിൽ കഴിയുകയുണ്ടായി; പ്രതിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയും തമ്മിലുള്ള ബന്ധം അറിയാമോ?

<u>അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ</u>

8. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നിയോഗിച്ച മന്ത്രിമാരിൽ ഏതെല്ലാം വകുപ്പ് മന്ത്രിമാർക്കെതിരെ നിയമസഭയിലും, വിജിലൻസിലും, മറ്റ് നിലയിലും അഴിമതി ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട് ;

(ബി) ഏതെല്ലാം ആരോപണങ്ങളെ തുടർന്ന് ഏതെല്ലാം മന്ത്രിമാർ രാജിവെച്ചുകൊണ്ടോ, മാറ്റിനിർത്തിക്കൊണ്ടോ അന്വേഷണം നേരിടുകയുണ്ടായി ;

(സി) ബന്ധപ്പെട്ട മന്ത്രിമാരെ തൽസ്ഥാനത്ത് നിന്നും മാറ്റി നിർത്തി, അന്വേഷണത്തിനുത്തരവിട്ട കേസ്സുകൾ എത്ര ; ബന്ധപ്പെട്ട മന്ത്രിമാരിൽ നിന്നും വകുപ്പ് മാറ്റിയത് ഏതെല്ലാം കേസ്സുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്;

(ഡി) ഇപ്പോഴത്തെ മന്ത്രിമാരിൽ ഇത്തരം ആരോപണത്തിന് വിധേയരാകാത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

## ആശ്രിത നിയമനം

9. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ കൊയ്പള്ളി കാരാഴ്മയിൽ ഓലകെട്ടിയിൽ 24.10.2011 ന് ബലാൽസംഗം ചെയ്തു കൊലപ്പെടുത്തിയ വിധവയായ സ്മിതയുടെ മകൾ വർഷയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## അഴിമതി ആക്ഷേപങ്ങൾ

10. **ശ്രീ.രാജു എബ്രഹാം**
**,, വി.ശിവൻകുട്ടി**
**,, വി.ചെന്താമരാക്ഷൻ**
**,, കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതികളും ക്രമക്കേടുകളും നേരിട്ട് അറിയിക്കാൻ മുഖ്യമന്ത്രിയുടെ ആഫീസിൽ ഏർപ്പെടുത്തിയ സംവിധാനത്തിന്റെ ഗുണഫലവും പ്രവർത്തനപുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചില മന്ത്രിമാർ അഴിമതി നടത്തുന്നു എന്ന ആക്ഷേപം മുൻമന്ത്രി ശ്രീ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ; അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ ;

(സി) മറ്റാരെല്ലാമാണ് ധനമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ രേഖാമൂലം ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) 2014 സെപ്തംബർ 28 ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്ന വിവരങ്ങളിൽ ഒന്നാണ് ബാറുടമ ബിജുരമേശ് ഉന്നയിച്ചിരിക്കുന്നതെന്ന ശ്രീ. ബാലകൃഷ്ണപിള്ളയുടെ 2015 ജനുവരി 10 ലെ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശ്രീ. ബാലകൃഷ്ണപിള്ള തന്നോട് നേരിട്ട് പറഞ്ഞിരുന്ന കാര്യങ്ങൾ എല്ലാം ബാർകോഴ കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തെ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ ;

ക്ലിഫ് ഹൗസിൽവെച്ചുള്ള ആർ. ബാലകൃഷ്ണപിള്ള-മുഖ്യമന്ത്രി കൂടിക്കാഴ്ച

11. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. നേതാവും, മുൻ മന്ത്രിയുമായ ശ്രീ ആർ. ബാലകൃഷ്ണപിള്ള 2014 സെപ്റ്റംബർ 28 ന് ക്ലിഫ് ഹൗസിൽവെച്ച് ബഹു. മുഖ്യമന്ത്രിയെ നേരിൽ കാണുകയും ധനകാര്യവകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറവിൽ കോഴ വാങ്ങുന്നതിനെക്കുറിച്ച് പരാതിപ്പെടുകയും ചെയ്തിട്ടുണ്ടോ;

(ബി) യു.ഡി.എഫ് നേതാവ് മുഖ്യമന്ത്രിയെ നേരിൽ കണ്ട് തന്റെ മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ ശ്രദ്ധയിൽപ്പെടുത്തിയ സംഗതികളിന്മേൽ മുഖ്യമന്ത്രി സ്വീകരിച്ച തുടർനടപടി എന്തായിരുന്നു?

ആറന്മുള വിമാനത്താവളത്തിന് പാരിസ്ഥിതികാനുമതി

12. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിന് പാരിസ്ഥിതികാനുമതി നൽകണമെന്നാവശ്യപ്പെട്ട്കൊണ്ട് മുഖ്യമന്ത്രി പരിസ്ഥിതി വകുപ്പ് മന്ത്രിയ്ക്ക് കത്ത് നല്കിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഐഡിയാസ് സംവിധാനം

13. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐഡിയാസ് സംവിധാനം വഴി പരാതിക്കാരന്/ഹർജിക്കാരന് ഫയൽ നമ്പർ എസ്.എം. എസ്. വഴി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സോളാർ ജുഡീഷ്യൽ കമ്മീഷൻ അന്വേഷണ പരിധി

14. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ജുഡീഷ്യൽ കമ്മീഷന്റെ അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും ഓഫീസും ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

15. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിലും, സ്ഥാപനങ്ങളിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ പേരും എണ്ണവും വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾ സൃഷ്ടിച്ചത് വഴി സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

## പെൻഷൻ പ്രായം

16. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും, അധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻപ്രായം എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

## പേഴ്സണൽ സ്റ്റാഫ് നിയമനത്തിനുള്ള നിയമവ്യവസ്ഥകൾ

17. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടം അനുസരിച്ച് മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതെല്ലാം തസ്തികകളിലായി എത്ര പേരെ വീതം നിയോഗിക്കാമെന്ന് വിശദമാക്കാമോ;

(ബി) ബന്ധപ്പെട്ട ചട്ടങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) സർക്കാർ ജീവനക്കാർക്കുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് നിലവിൽ നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>പെൻഷൻ പ്രായവർധന</u>

18. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ പ്രായവർധന പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ജീവനക്കാരും അധ്യാപകരുമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും എണ്ണം വെവ്വേറെ വെളിപ്പെടുത്താമോ;

(സി) 2015 മാർച്ച് മുതൽ ഡിസംബർ വരെ എത്ര സർക്കാർ ജീവനക്കാരും അധ്യാപകരും വിരമിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

<u>അഴിമതിയും ക്രമക്കേടും - പരിഹാര മാർഗ്ഗങ്ങൾ</u>

19. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച വിവരങ്ങൾ പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ ആഫീസിൽ പ്രത്യക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച മുഖ്യമന്ത്രിയുടെ പ്രഖ്യാപനം എന്നു മുതലാണ് നടപ്പിൽ വരുത്തിയത്;

(ബി) പ്രസ്തുത സംവിധാനം വഴി നാളിതുവരെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച എത്ര വിവരങ്ങൾ ലഭിക്കുകയുണ്ടായി; തുടർ നടപടികൾ സ്വീകരിച്ച പരാതികളുടെയും ശിക്ഷിക്കപ്പെട്ടവരുടെയും എണ്ണം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മന്ത്രിമാർക്കെതിരെ മുഖ്യമന്ത്രിയ്ക്ക് പരാതി ലഭിക്കുകയുണ്ടായി; നേരിൽ കണ്ട് ഉന്നയിച്ച പരാതികൾ എത്രയാണെന്നും ഏതൊക്കെയാണെന്നും

വ്യക്തമാക്കാമോ ?

<u>പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്ന വർക്ക് അർഹതപ്പെട്ട മിനിമം ശമ്പളം .</u>

20. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നവരെ സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ കാലാനുസൃതമാറ്റം വരുത്താത്തതിനാൽ ചെയ്യുന്ന ജോലിക്ക് അർഹതപ്പെട്ട മിനിമം ശമ്പളം പോലും നിഷേധിക്കപ്പെടുന്നതായി, സുലൈമാൻ മുതൽപേർ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലി ചെയ്യുന്ന തസ്തികയിൽ അർഹമായ മിനിമം വേതനമെങ്കിലും ലഭിക്കാനുള്ള അവരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ ;

<u>പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ട്</u>

21. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടി കേന്ദ്രസർക്കാർ തയ്യാറാക്കിയ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഏത് റിപ്പോർട്ടാണ് നടപ്പാക്കുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ എത്ര വില്ലേജുകളിലെ എത്ര ജനങ്ങളെയാണ് ബാധിക്കുന്നതെന്ന് കണക്കുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഈ മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ സാധാരണ ജീവിതം തടസ്സപ്പെടാൻ ഇടയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ ഇനിയും പട്ടയം ലഭിക്കാത്ത കൈവശക്കാർക്ക് പട്ടയം നിഷേധിക്കുന്നതിന് ഇത് കാരണമാകുമോയെന്നറിയിക്കുമോ;

(ഇ) ഈ മേഖലയിലെ ജനങ്ങളുടെ ഇക്കാര്യത്തിലുള്ള ആശങ്കയകറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്</u>

22. **ശ്രീ.കെ.കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പ്രഭാകരന്‍ കമ്മീഷന്‍ റിപ്പോര്‍ട്ട് പ്രകാരം 2 വര്‍ഷത്തിനകം എത്ര കോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ റിപ്പോര്‍ട്ട് പ്രകാരം എത്രകോടി രൂപയുടെ വികസന പ്രവര്‍ത്തനങ്ങളാണ് ശിപാര്‍ശ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ എത്ര ശതമാനമാണ് ജില്ലയില്‍ ഈ വര്‍ഷങ്ങളില്‍ നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ ?

<u>സര്‍ക്കാര്‍ സ്ഥലങ്ങളിലും ഓഫീസ് മേല്‍ക്കൂരകളിലും മൊബൈല്‍ ടവറുകള്‍</u>

23. **ശ്രീ.കെ.എന്‍.എ.ഖാദര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ സ്ഥലങ്ങളിലും ഓഫീസ് മേല്‍ക്കൂരകളിലും മൊബൈല്‍ ടവറുകള്‍ സ്ഥാപിക്കുന്നതിന് സ്വകാര്യ മൊബൈല്‍ കമ്പനികള്‍ക്ക് അനുമതി നല്‍കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ജനവാസ കേന്ദ്രങ്ങളില്‍ ഇത്തരം ടവറുകള്‍ സ്ഥാപിക്കുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്നത് സംബന്ധിച്ച പഠനങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത തീരുമാനം സംബന്ധിച്ച് പൊതുജനങ്ങളില്‍ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(ഡി) ഈ തീരുമാനം നടപ്പിലാക്കുന്നത് മൂലം സര്‍ക്കാര്‍ സ്ഥലങ്ങളുടെയും ഓഫീസുകളുടെയും ഭാവി വികസന പരിപാടികള്‍ തടസ്സപ്പെടാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം മുന്‍കരുതലുകള്‍ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ?

<u>വകുപ്പുകളിലെ അഴിമതി ആരോപണങ്ങള്‍</u>

24. **ശ്രീ.എസ്.രാജേന്ദ്രന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം പ്രവര്‍ത്തനങ്ങളുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങള്‍ നിയമസഭയില്‍ ഉയര്‍ന്നുവരുകയുണ്ടായി;

(ബി) നിയമസഭയില്‍ ഉയര്‍ന്നുവന്ന ആരോപണങ്ങളെ സംബന്ധിച്ച് സര്‍ക്കാര്‍ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ;

(സി) നിയമസഭയില്‍ രേഖാമൂലം എഴുതി നല്കിക്കൊണ്ട് അംഗങ്ങള്‍ ആരോപണം

ഉന്നയിച്ചാൽ അതേക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്താറുണ്ടോ; ഈ സഭയിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി?

മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ്

25. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു, ആയതിൽ ചെലവഴിച്ച തുകയെത്ര എന്നിവ വ്യക്തമാക്കാമോ ?

ഭരണപരിഷ്കാര കമ്മീഷൻ

26. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ഭരണ പരിഷ്കാരത്തിനായി എത്ര കമ്മീഷനുകൾ രൂപീകരിച്ചു; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ ഏതെല്ലാം ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇ-ഗവേണൻസിനു വേണ്ടി എന്തെല്ലാം നീക്കങ്ങളാണ് സംസ്ഥാനത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ മാറ്റം വരുത്തേണ്ട ഓഫീസ് പ്രൊസീജ്യർ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ഓഫീസ് പ്രൊസീജറിൽ ഭേദഗതി വരുത്തുവാനുള്ള നീക്കത്തിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) കേരളത്തിലെ ഏതെല്ലാം വകുപ്പുകളിൽ എത്ര ശതമാനം ഇ-ഗവേണൻസ് പൂർത്തിയായി എന്ന് വ്യക്തമാക്കാമോ; ഓരോ വകുപ്പിലേയും ശതമാനം വ്യക്തമാക്കാമോ;

(ജി) ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിൽ ഏറ്റവും പുറകിൽ നിൽക്കുന്ന വകുപ്പ് ഏത്;

കാരണം വിശദമാക്കാമോ; ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ; ഇ-ഗവേണൻസ് വഴി പൊതു ജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക</u>

27. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലാണ് അറ്റകുറ്റപ്പണികൾ, മോടി പിടിപ്പിക്കൽ തുടങ്ങിയവ നടത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഈ ഇനത്തിൽ ഓരോ മന്ത്രിമാരും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

28. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കുമായുള്ള പേഴ്സണൽ സ്റ്റാഫുകളുടെ എണ്ണംഎത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രപേർ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിട്ടുള്ളവരാണ് എന്ന് വ്യക്തമാക്കാമോ ?

<u>മന്ത്രിമാരുടെ വിദേശയാത്ര</u>

29. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ വിദേശയാത്ര നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മന്ത്രിമാർ നടത്തിയിട്ടുള്ള വിദേശയാത്രകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## മന്ത്രിമാരുടെ വിദേശയാത്ര

30. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര മന്ത്രിമാരാണ് വിദേശയാത്ര നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മന്ത്രിമാരുടെയും യാത്ര സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവർ സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാമാണെന്നും യാത്രയുടെ ഉദ്ദേശം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) വിദേശയാത്ര ഇനത്തിൽ 2014 വർഷം ഓരോ മന്ത്രിമാരും ചെലവഴിച്ച തുക എത്രയാണ്;വ്യക്തമാക്കുമോ?

## മന്ത്രിമാർക്ക് വേണ്ടി ചെലവഴിച്ച തുക

31. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ് എന്നിവയ്ക്കായി ചെലവഴിക്കപ്പെട്ട തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ ടി. എ., ഡി. എ. ഇനങ്ങളിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അതിഥി സൽക്കാരത്തിനായി ഇവരോരോരുത്തരും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

## ചന്ദ്രബോസിന്റെ ആശ്രിതർക്ക് നിയമനം

32. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരൻ കൊലചെയ്യപ്പെട്ടതിനുശേഷം ഈ കുടുംബത്തിന് എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) ഈയാളുടെ ആശ്രിതന് സർക്കാർ ജോലി നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

## നയപ്രഖ്യാപനങ്ങൾ

33. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര നയപ്രഖ്യാപനങ്ങൾ നടത്തി ;

(ബി) ഓരോ നയപ്രഖ്യാപനത്തിലൂടെയും പ്രഖ്യാപിക്കപ്പെട്ട പരിപാടികൾ ഏതെല്ലാം , അവയിൽ എത്ര പരിപാടികൾ നടപ്പാക്കി , നടപ്പാക്കാത്തത് എത്ര , അതിന് കാരണമെന്ത് എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ ;

(സി) നടപ്പാക്കിയ ഓരോ പരിപാടിക്കായി നീക്കിവച്ച തുക , ചെലവാക്കിയ തുക എന്നിവ വ്യക്തമാക്കാമോ ;

(ഡി) നടപ്പാക്കിയ ഓരോ പരിപാടിക്കായി നീക്കിവച്ച തുക എത്ര ; ചെലവാക്കിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

## കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ

34. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ വിശദമാക്കാമോ;

(ബി) 2015 ഫ്രെബ്രുവരി അവസാനിക്കുമ്പോൾ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്നിരുന്ന എത്ര ഫയലുകൾ വീതം തീരുമാനം എടുത്ത് തിരിച്ചയക്കുവാൻ ബാക്കി നില്പുണ്ടായിരുന്നു; മൂന്നും ആറും മാസവും ആ വർഷത്തിൽ കൂടുതലും കാലമായി തീരുമാനമാകാതെ മന്ത്രി ആഫീസിൽ കെട്ടികിടപ്പുള്ള ഫയലുകൾ എത്ര എന്ന് അറിയിക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ആഫീസിൽ മന്ത്രിസഭായോഗ തീരുമാനം ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച എത്ര ഫയലുകൾ 2015 ഫെബ്രുവരി അവസാനിക്കുമ്പോൾ പെന്റിങ്ങിലുണ്ടായിരുന്നു;

(ഡി) മുഖ്യമന്ത്രിയുടെ ആഫീസിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയക്കേണ്ടതായ എത്ര ഫയലുകൾ 2015 ഫെബ്രുവരി അവസാനിക്കുമ്പോൾ പെന്റിങ്ങിലുണ്ടായിരുന്നു എന്ന് അറിയിക്കാമോ?

## ഐ.എ.എസ്/ഐ.പി.എസ് ഉദ്യോഗസ്ഥർ

35. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഐ.എ.എസ്, ഐ.പി.എസ് ഓഫീസർമാരുണ്ട്; ഇവർക്കായി നീക്കി വച്ച തസ്തികകൾ എത്രയാണ്;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര ഐ.എ.എസ് / ഐ.പി.എസുകാർ കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറിപോയിട്ടുണ്ട്;

(സി) അതിൽ എത്ര പേർ തിരിച്ച് വന്നിട്ടുണ്ട്;

(ഡി) ഐ.എ.എസ്, ഐ.പി.എസ് സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ വന്നതിനുശേഷം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെതിരെ; എന്തിനെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കാമോ?

<u>സിവിൽ സർവ്വീസ് കേഡറിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയവർ</u>

36. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സർവ്വീസ് കേഡറിൽ നിന്ന് എത്ര ഉദ്യോഗസ്ഥർ കേന്ദ്രത്തിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരാണ് വേണ്ടത്; ഇതിൽ എത്ര ഒഴിവുകളുണ്ട്;

(സി)

<u>കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

37. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കോടതികൾക്ക് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ചാലക്കുടി കോർട്ട് കോംപ്ലക്സ്</u>

38. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അനുമതി നല്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ക്രിമിനൽ കേസുകളിലെ ശിക്ഷകളിൽ ഇളവ്</u>

39. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, കെ.വി.വിജയദാസ്

,, സാജു പോൾ

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിൽ കോടതി നൽകുന്ന ശിക്ഷകൾ സർക്കാർ റദ്ദാക്കുകയോ ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ടോ;എങ്കിൽ ഇതു സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സുപ്രീം കോടതി ശരിവെച്ച തടവുശിക്ഷയ്ക്ക് സർക്കാർ ഇളവ് നല്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) നെയ്യാറ്റിൻകര മജിസ്ട്രേറ്റ് കോടതി രണ്ടു വർഷം കഠിന തടവിനു ശിക്ഷിച്ച ശ്രീ .ഡേവിഡ് ലാലിയെ ഒരു ലക്ഷം രൂപ പിഴ ഈടാക്കി സർക്കാർ ശിക്ഷയിൽ ഇളവ് നൽകിയോ; എങ്കിൽ ഇതിനു ശുപാർശ ചെയ്തത് ആരാണ് ;

(ഡി) ഏതെല്ലാം നിലയിലുള്ള കേസുകളിലാണ് ശിക്ഷകളിൽ ഇളവ് നൽകാനുള്ള അധികാരം സർക്കാർ വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്താമോ.

(ഇ) കോടതിവിധി പ്രകാരമുള്ള ശിക്ഷ ഇളവ് ചെയ്തു കിട്ടുന്നതിനോ, റദ്ദു ചെയ്തു കിട്ടുന്നതിനോ ഈ സർക്കാരിന് ലഭിച്ച ഹർജികൾ എത്ര; എത്രയെണ്ണത്തിൽ തീരുമാനമെടുത്തു?

<u>കോടതികളുടെ പ്രവർത്തനം</u>

40. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>എൻക്വയറി കമ്മീഷനുകൾ</u>

41. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര എൻക്വയറി കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട്; എന്ന് മുതൽ ആണ് ഇവയെല്ലാം പ്രവർത്തനം ആരംഭിച്ചത്; എന്ന് വരെയാണ് ഓരോന്നിന്റെയും കാലാവധി; എത്ര തവണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; ഇതുവരെ ഓരോ കമ്മീഷന്റെയും ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

<u>മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ്, സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പേരിൽ നിലവിലുള്ള കേസുകൾ</u>

42. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ വിവിധ വിഷയങ്ങളിൽ ലോകായുക്ത ഉൾപ്പെടെയുള്ള വിവിധ കോടതികളിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിൽപെട്ടവരുടെയും പേരിൽ എത്ര കേസ്സുകൾ വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ഇവരുടെ കീഴിൽ പ്രവർത്തിച്ച പേഴ്സണൽ സ്റ്റാഫ്, മറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പേരിലെ കേസ്സുകൾ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം കേസ്സുകളിൽ കുറ്റപത്രം നീതിപീഠത്തിന് മുമ്പിൽ സമർപ്പിച്ചു; ഏതെല്ലാം കേസ്സുകളിൽ സമർപ്പിയ്ക്കുവാനുണ്ട്;വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവരുടെ പേരിൽ നിലവിലുള്ള ഏതെല്ലാം കേസ്സുകളിൽ ഇവരെ കുറ്റവിമുക്തരാക്കിയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരുടെ പേരിൽ ലോകായുക്ത ഉൾപ്പടെ വിവിധ കോടതികളിലുള്ള ഏതെല്ലാം കേസ്സുകളിൽ വിജിലൻസ് ഉൾപ്പെടെ വിവിധ അന്വേഷണങ്ങൾ നടത്തുകയുണ്ടായെന്നും പ്രസ്തുത വിഷയങ്ങളിൽ ഇവർക്കെതിരെയുള്ള ആരോപണങ്ങളിൽ കണ്ടെത്തിയ നിയമവിരുദ്ധ ഇടപെടലുകൾ എന്തെല്ലാമെന്നും

വ്യക്തമാക്കുമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് ലോകായുക്ത/ കോടതി പരാമർശങ്ങൾ നീക്കണമെന്നത് സംബന്ധിച്ച് എത്ര പേർ ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി എന്നിവയെ സമീപിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

## കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

43. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതു സംബന്ധിച്ച് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ വയനാട് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസുകൾ

44. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ അംഗങ്ങളിൽ ആരുടെയെങ്കിലും പേരിൽ വിജിലൻസ് കേസുകളോ മറ്റ് കേസുകളോ എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിലാണെന്നും, അതിന് ആധാരമായ വിഷയവും പ്രത്യേകം വിശദമാക്കുമോ;

(സി) ഇതിൽ ആർക്കെങ്കിലും എതിരെ കുറ്റപത്രം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെ; വിശദമാക്കുമോ?

## മിഷൻ **676** - പദ്ധതികൾ

45. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി, ശാസ്ത്ര സാങ്കേതിക വകുപ്പ് കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തികരണത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഈ മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ.;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ആലപ്പുഴ, കോട്ടയം, ജില്ലകളിൽ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ</u>

46. **ശ്രീ.**ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ നിലവിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആലപ്പുഴ, കോട്ടയം, ജില്ലകളിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എൽ.ഡി.സി. തസ്തികയിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നടന്ന നിയമനങ്ങളുടെ സംവരണം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഔദ്യോഗിക ഭാഷ</u>

47. **ശ്രീ.**പാലോട് രവി

**,,** സണ്ണി ജോസഫ്

**,,** ബെന്നി ബെഹനാൻ

**,,** ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷയെ ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി

48. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ വിവിധ വകുപ്പുകളിലായി എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) പല വകുപ്പുകളും ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നല്കാമോ;

(ഡി) ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരു ലിസ്റ്റിൽ നിന്നും കുറഞ്ഞത് 50% പേരെയെങ്കിലും നിയമിക്കാതെ പുതിയ അപേക്ഷ ക്ഷണിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## അംഗപരിമിതരായ ഉദ്യോഗാർത്ഥികളുടെ വൈകല്യം തെളിയിക്കുന്നത്തിനുള്ള നിബന്ദന

49. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനത്തിന് അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വൈകല്യം തെളിയിക്കുന്നതിന് പുതിയ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ വിശദമാക്കാമോ;

(ബി) രണ്ട് വർഷം സർവ്വീസുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതയുള്ള ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന മൂലം ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ

50. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. 2013 -ൽ പരീക്ഷ നടത്തി ,2014 മെയ് മാസം ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്താൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിലെക്കുള്ള നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തി ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

## പി.എസ്.സി. യുടെ ഓൺലൈൻ പരീക്ഷാ സംവിധാനം

51. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ പരീക്ഷകൾ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിന് പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത സംവിധാനം എവിടെയെല്ലാമാണ് ഉള്ളത്; ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്;

(ഡി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## പി.എസ്.സി. നിയമനം

52. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ ഓരോ വർഷവും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്ക് നിയമനം നൽകി; ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടും നിയമന ഉത്തരവ് ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ ഉണ്ട്; വിശദാംശം നൽകുമോ?

## കരാർ നിയമനവും സ്ഥിരപ്പെടുത്തലും

53. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ ചട്ടവിരുദ്ധമായി നിയമിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന നടപടികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ വകുപ്പുകളിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചട്ടവിരുദ്ധമായി അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നരീതി നിർത്തലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള സിവിൽ സർവ്വീസ്

54. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സർവ്വീസ് പ്രകാരം ഏതൊക്കെ വകുപ്പുകളിലെ എത്ര തസ്തികകൾ വീതമാണ് നീക്കി വച്ചിട്ടുള്ളത്;

(ബി) ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന്റെ പ്രായപരിധി എത്രയാണ്;

(സി) സർവ്വീസിലുള്ളവർക്ക് എത്ര ശതമാനം സീറ്റുകളാണ് നീക്കി വച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

55. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദ നിലവാരത്തിലുള്ള പരീക്ഷ എഴുതി നേരിട്ട് നിയമനം നേടുന്ന തസ്തികകളെയും അതിന്റെ പ്രമോഷൻ തസ്തികകളെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നും ഒഴിവാക്കുമോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാർ, ജൂനിയർ എംപ്ലോയിമെന്റ് ഓഫീസർമാർ, ബി.ഡി.ഒ. മാർ, സെക്രട്ടറിയറ്റ് / എൽ.എഫ്.എ.ഡി / അഡ്വ. ജനറൽ ഓഫീസ് എന്നിവയുടെ പ്രമോഷൻ തസ്തികകളിൽ നിന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ ഒഴിവാക്കുമോ?

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

56. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽനിന്നും ഏതെല്ലാം വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്;

(ബി) ഇത് സംബന്ധമായി ഇറങ്ങിയ ഉത്തരവുകളിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തുകയുണ്ടായോ; തീരുമാനം വിശദമാക്കാമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു; ഇത് ചില വകുപ്പുകളുടെ കാര്യത്തിൽ വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിന്റെ കാരണം വെളിപ്പെടുത്താമോ?

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

57. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ മൂന്നു ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിൽ വരുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അർഹമായ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക വെട്ടിക്കുറച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## സംവരണ തസ്തികയിലെ നിയമനം

58. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ പട്ടികജാതി പട്ടിക-വർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണ തസ്തികയിൽ പ്രസ്തുത വിഭാഗങ്ങൾക്ക് തന്നെ നിയമനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിലുള്ള ചട്ടം ലംഘിച്ചതിലൂടെ 1995 മുതൽ എത്ര ജീവനക്കാർക്ക് പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട്;

(സി) എങ്കിൽ ചട്ടലംഘനത്തിലൂടെ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹയർ സെക്കന്ററി വിഭാഗത്തിലെ ഹിന്ദി എച്ച്. എസ്. എസ്. റ്റി. റാങ്ക് ലിസ്റ്റ്</u>

59. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ ഹിന്ദി എച്ച്. എസ്. എസ്. റ്റി. റാങ്ക് ലിസ്റ്റ് പി. എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; എത്ര പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു;

(ബി) ഇപ്പോൾ എത്ര വേക്കൻസിയാണ് പി.എസ്.സി. യിൽ നിലവിലുള്ളത്; ഇതിന്റെ അഡ്വൈസ് മെമ്മോ എന്നേക്ക് അയയ്ക്കും എന്ന് വ്യക്തമാക്കുമോ;

(സി)

<u>ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി കോമേഴ്സ് (സീനിയർ, ജൂനിയർ) അദ്ധ്യാപക നിയമനം</u>

60. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി കോമേഴ്സ് (സീനിയർ, ജൂനിയർ)അദ്ധ്യാപക റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ കോമേഴ്സ് (ജൂനിയർ, സീനിയർ)അദ്ധ്യാപക ഒഴവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി റാങ്ക് ലിസ്റ്റിലെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്;

(ഡി) എച്ച്.എസ്.എസ്.ടി കോമേഴ്സ് അദ്ധ്യാപക റാങ്ക് ലിസ്റ്റിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന്

അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി മസ്ദൂർ നിയമനം</u>

61. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽ വന്ന കെ.എസ്.ഇ.ബി മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>സിവിൽ സർവ്വീസ് അഴിമതി</u>

62. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഇ-ഗവേർണൻസ് സംവിധാനവും ഇ-ടെൻഡർ സംവിധാനവും ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയെന്നും എവിടെയെല്ലാം നടപ്പാക്കാനുണ്ട് എന്നും ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) ഇവ നടപ്പിലാക്കിയ വകുപ്പുകളിൽ പ്രസ്തുത സംവിധാനങ്ങളെ മാറ്റി നിർത്തി, മുൻകാലങ്ങളിൽ അഴിമതി കണ്ടെത്തിയതിനാൽ ഒഴിവാക്കിയ സംവിധാനം ഏതെല്ലാം വകുപ്പുകളിൽ ഇപ്പോഴും സ്വീകരിച്ചു വരുന്നു ; ഇത് നിയന്ത്രിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ നടപ്പുവർഷത്തിൽ (2014-15) അഴിമതി നിയന്ത്രിക്കാൻ ഏതെല്ലാം വകുപ്പുകളിൽ വിജിലൻസ് റെയിഡുകൾ നടത്തി ; ഇവയിലൂടെ കണ്ടെത്തിയ അഴിമതി തുക എത്ര ; ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചു ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കൈക്കൂലിക്കേസ്സിൽ അന്വേഷണങ്ങൾക്ക് വിധേയരായ ഐ.എ.എസ്സ്, ഐ.പി.എസ്സ്, ഐ.എഫ്.എസ്സ്, ഐ.ആർ.എസ്സ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവരിൽ എത്ര പേർക്കെതിരെ കുറ്റപത്രം നല്കി എന്നും എന്തെല്ലാം നടപടികൾ ഇവരുടെമേൽ സ്വീകരിച്ചുവെന്നും ഇവരിൽ എത്ര പേർക്ക് തുടർ പ്രമോഷനുകൾ നൽകി എന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിലായി വിജിലൻസ് കണ്ടെത്തി നടപടികൾക്കുവിധേയരായവരിൽ എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി ;

(ജി) അവർ ആരെല്ലാമെന്നും ഇവരെ സർവ്വീസിൽ നിന്നും പുറത്താക്കിയതു ഏതൊക്കെ വകുപ്പുകളിൽ നിന്നുമാണെന്നും വ്യക്തമാക്കുമോ ?

<u>പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>

63. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര വർഷമായി; ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക്നിയമനം കൊടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുമോ;

(ഡി) ഈ ലിസ്റ്റിൽ നിന്നും മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>കോഴിക്കോട് ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം</u>

64. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 477/2010 പ്രകാരം കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് വേണ്ടി തയ്യാറാക്കിയ പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഇനി നിയമനം നൽകാൻ ബാക്കിയുണ്ടോ; അടുത്ത വർഷത്തെ ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) കണക്കാക്കി സൂപ്പർ ന്യൂമററിയായി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ</u>

65. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാ മാസവും നിശ്ചിത ദിവസം ഫയൽ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ;

(സി) കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭിക്കാത്തത് ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ശമ്പളകമ്മീഷൻ

66. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സമരസമിതി, സൂചന പണിമുടക്ക് സമരം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ;

(ബി) പണിമുടക്ക് നോട്ടീസ് നൽകിയ ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളെ വിളിച്ച് ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) ജീവനക്കാരുടെയും അധ്യാപകരുടെയും ന്യായമായ ആവശ്യം പരിഗണിച്ച് ഇടക്കാലാശ്വാസം നല്കാൻ തയ്യാറാകുമോ?

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

67. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക്എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്എത്ര തവണ കാലാവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി ; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; മെയിൻ ലിസ്റ്റിൽ എത്ര പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമന ശുപാർശ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇനിയും എത്ര പേർക്ക് നിയമന ശുപാർശ നൽകുവാനുള്ള ഒഴിവുകൾ നാളിതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉദ്യോഗക്കയറ്റം മുഖേനയും റിട്ടയർമെന്റ് മുഖേനയും ഏത് കാലയളവുവരെ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനാണ് ഇപ്പോൾ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശം അനുസരിച്ച് ഇത്തരം ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ

(എഫ്) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം അനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുവാനും അത് നടപ്പിലാക്കുവാനും എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്ക്കരണം

68. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മാന്വൽ ഏറ്റവും ഒടുവിൽ പരിഷ്ക്കരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും യന്ത്രസാമഗ്രികളും ഉപയോഗിച്ചു തുടങ്ങിയതിനുശേഷം ആയതിൽ കാലികമായ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയിലെ പരീക്ഷ

69. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയുടെ കാറ്റഗറി നമ്പർ (661/12) പരീക്ഷ നാളിതുവരെ നടത്താത്തത് ചോദ്യപേപ്പർ ലഭ്യമാകാത്തതു മൂലമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ നടത്തുന്നതിന് ആവശ്യമായ ചോദ്യപേപ്പർ ലഭിച്ചിട്ടുണ്ടോ ;

(സി) പരീക്ഷ എന്നത്തേക്ക് നടത്താൻ സാധിക്കും എന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ തീയതി നിശ്ചയിക്കാൻ സാധിക്കാത്തതിന്റെ ഭരണ-സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

## പത്തനംതിട്ട ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് **II** നിയമനം

70. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നിട്ടുള്ളത്;

(ബി) എത്ര പേരാണ് റാങ്ക് ലിസ്റ്റിലുള്ളത്; റാങ്ക് ലിസ്റ്റിന് എന്നുവരെയാണ് കാലാവധിയുള്ളത്;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷം പൂർത്തിയായപ്പോഴേക്കുംലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് നിയമനം നൽകാൻ കഴിയാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ജില്ലയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് പൊതു സ്ഥലംമാറ്റം വഴി മറ്റു ജില്ലകളിൽ നിന്നും ജീവനക്കാരെ മാറ്റി നിയമിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് പരമാവധി പേർക്ക് നിയമനം ലഭിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിലെ **LD** ക്ലർക്ക് റാങ്ക് ലിസ്റ്റ്

71. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള LD ക്ലർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; അതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) ഇതിനകം വിവിധ വകുപ്പുകളിലായി നടത്തിയ നിയമന വിവരങ്ങൾ വിശദീകരിക്കാമോ ;

(സി) ജില്ലയിൽ 2015 ഫെബ്രുവരി 28 വരെ ഓരോ വകുപ്പിലും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;പ്രസ്തുത ഒഴിവുകളിലേക്ക് നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) താരതമ്യേന കുറഞ്ഞ നിയമനം നടന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിന്റെ

കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ?

## **PSC** യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ

72. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) PSC യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം സർട്ടിഫിക്കറ്റ് പരിശോധനയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ കഫേകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അയയ്ക്കേണ്ടിവരുന്നതുമൂലം സാമ്പത്തികവും മറ്റുമുള്ള പ്രയാസങ്ങൾ ഉദ്യോഗാർത്ഥികൾ നേരിടുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## രവിദാസന്റെ കുടുംബത്തിന് ധനസഹായം.

73. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ ചുങ്കത്ത് 29.3.2014ൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ടാങ്കർ ലോറി മറിഞ്ഞ് മരണപ്പെട്ട രവിദാസൻ, (ഇട്ടുവനിലയം, എരഞ്ഞിക്കൽ പി.ഒ., കോഴിക്കോട്) എന്നയാളുടെ കുടുംബത്തിന് ഗവൺമെന്റ് ജോലിയും ധനസഹായവും വാഗ്ദാനം ചെയ്തിരുന്നോ ;

(ബി) ഉണ്ടെങ്കിൽ വാഗ്ദാനം ചെയ്ത ധനസഹായവും ജോലിയും നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ മരണപ്പെട്ട രവിദാസന്റെ കുടുംബത്തിന് ധനസഹായവും ജോലിയും നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

74. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപേക്ഷകർക്ക് അനുവദിക്കുന്ന ധനസഹായം യഥാസമയം ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടമരണം നേരിട്ടവരുടെ ആശ്രിതരും മറ്റ് കടുത്ത രോഗബാധിതരും അനുവദിച്ച ധനസഹായത്തിന് ആഫീസുകൾ പലതവണ കയറി ഇറങ്ങേണ്ട അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ കാര്യത്തിൽ റവന്യൂ വകുപ്പിന്റെ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കമലമ്മയുടെ അപേക്ഷ</u>

75. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കമലമ്മ, കലാസദനം,പാറ്റൂർ. പി.ഒ, നൂറനാട് എന്ന വ്യക്തി തന്റെ ഭർത്താവ് തെങ്ങിൽ നിന്ന് വീണ് മരണപ്പെട്ടതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അപേക്ഷ നൽകി രണ്ടു വർഷം കഴിഞ്ഞിട്ടും, നാളിതുവരെയും ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകയുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് ശ്രീമതി സുജാത സമർപ്പിച്ച അപേക്ഷ</u>

76. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് ശ്രീമതി സുജാതസമർപ്പിച്ചിരുന്നഅപകട മരണത്തെ തുടർന്നുള്ള ധനസഹായത്തിനായി 24424/12/CM dated 21/7/2012 എന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കലക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ അപേക്ഷ നിരസിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശ്രീമതി സുജാതയുടെ അപേക്ഷയിന്മേൽ വില്ലേജ് ഓഫീസർ അന്വേഷണം

നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) അപേക്ഷകയ്ക്ക് ധനസഹായം നൽകുന്നതിന് തുടർ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം

77. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ചികിത്സാ സഹായം സമയത്ത് ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ക്ലിഫ് ഹൗസ് സന്ദർശനം

78. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെ, 2014 സെപ്തംബർ 28ന് ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ, മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള നേരിൽ കണ്ടിട്ടുണ്ടായിരുന്നുവോ;

(ബി) സന്ദർശന ഉദ്ദേശ്യം വെളിപ്പെടുത്താമോ;

(സി) ശ്രീ. ആർ. ബാലകൃഷ്ണപിള്ള സന്ദർശനം നടത്തിയ വേളയിൽ, ക്ലിഫ് ഹൗസിലെ ക്ലോസ്ഡ് സർക്യൂട്ട് ടി.വി. പ്രവർത്തനക്ഷമമായിരുന്നുവോ; വിശദമാക്കാമോ ;

(ഡി) സന്ദർശനം നടത്തിയിരുന്നുവെന്നു ശ്രീ. ആർ. ബാലകൃഷ്ണപിള്ള വെളിപ്പെടുത്തിയതിനെത്തുടർന്ന് , അക്കാര്യം ബഹു. മുഖ്യമന്ത്രി നിഷേധിച്ചിട്ടുണ്ടോ;

(ഇ) ഈ പശ്ചാത്തലത്തിൽ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കണമെന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ആവശ്യം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ?

കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനുള്ള ആവശ്യങ്ങൾ

79. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയ സംസ്ഥാന ആവശ്യങ്ങൾ എന്തെല്ലാമാണ്;

വിശദമാക്കാമോ;

(ബി) മുൻ യു.പി.എ സർക്കാരിനോട് ആവശ്യപ്പെട്ടതു കൂടാതെ പുതുതായി ഉന്നയിച്ച ആവശ്യങ്ങൾ ഏതെല്ലാമാണ് ;

(സി) യു.പി.എ. സർക്കാർ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന ഏതെങ്കിലും പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഇനിയും തീരുമാനം എടുക്കാ നുണ്ടോ; എങ്കിൽ പദ്ധതികൾ ഏതെല്ലാം?

<u>ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ കോഴ</u>

80. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ സ്വർണ്ണവ്യാപാരികൾ, ബേക്കറിഉടമകൾ, ക്വാറി ഉടമകൾ തുടങ്ങിയവരിൽ നിന്നും ധനകാര്യ വകുപ്പ് മന്ത്രി കോഴ വാങ്ങുന്നതായി ആക്ഷേപിച്ചുകൊണ്ടുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പരാമർശം പത്ര ദൃശ്യ മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൗരവകരമായ ഈ ആരോപണങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിയിരിക്കുന്നത്;

(സി) നികുതി വരവിലും, അധിക വിഭവസമാഹരണത്തിലും പ്രതീക്ഷിച്ച നേട്ടം പോലും ഇല്ലാതായിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ ആക്ഷേപത്തിന്റെ ഗൗരവം പരിഗണിച്ച്, ധനകാര്യ വകുപ്പ് ബന്ധപ്പെട്ട മന്ത്രിയിൽ നിന്നും എടുത്ത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>പ്രതിപക്ഷ നേതാവിന്റെ ചെലവുകളും ഔദ്യോഗിക നിയമനങ്ങളും</u>

81. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക്

ലഭ്യമാക്കുമോ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കേന്ദ്രസർക്കാർ അനുവർത്തിക്കുന്ന ജനവിരുദ്ധ നിലപാടുകൾ</u>

82. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളിൽ സംസ്ഥാന ഗവൺമെന്റ് അസംതൃപ്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നിലപാടുകൾക്കെതിരെയാണെന്നു വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ സംസ്ഥാനത്ത് ഏതെങ്കിലും നിലയിലുള്ള ജനകീയ അഭിപ്രായ രൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്രസർക്കാർ സ്വീകരിച്ച ഏതെല്ലാം നയ സമീപനങ്ങളാണ് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും പൊതു താത്പര്യങ്ങൾക്ക് വിരുദ്ധമായി ഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>നീര ടോഡി ബോർഡ് രൂപീകരണം</u>

83. ശ്രീ.പി.എ.മാധവൻ

,, വർക്കല കഹാർ

,, എ.റ്റി.ജോർജ്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ സാദ്ധ്യത ,ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ബാർ ലൈസൻസ് പുതുക്കി നൽകൽ</u>

84. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രീസ്റ്റാർ, ഫോർസ്റ്റാർ കാറ്റഗറികളിൽപ്പെട്ട പത്ത് ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഹർജി നൽകിയിട്ടുണ്ടായിരുന്നുവോ;

(ബി) ഇടക്കാല ഉത്തരവിൽ അപ്പീൽ നൽകണമെന്ന നിയമ ഉപദേശം നൽകിയതാരായിരുന്നു;

(സി) അപ്പീൽ ഹർജിയിന്മേൽ സുപ്രീം കോടതിയിൽ വാദം നടത്താൻ സ്ഥിരം വക്കീലൻമാരല്ലാത്ത പ്രമുഖരായ എതെങ്കിലും അഡ്വക്കേറ്റിനെ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടായിരുന്നു;

(ഡി) ബാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് തിരിച്ചടി നേടിയെടുക്കുന്നതിന് കള്ളക്കളി നടത്തുകയായിരുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുള്ളതായി സർക്കാരിനറിയാമോ;

(ഇ) സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ?

<u>മദ്യ വിമുക്ത കേരളം പദ്ധതി</u>

85. ശ്രീ.വി.പി.സജീന്ദ്രൻ

**,,** സി.പി.മുഹമ്മദ്

**,,** ലൂഡി ലൂയിസ്

**,,** കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വിമുക്ത കേരളം പദ്ധതി നടപ്പാക്കിത്തുടങ്ങിയോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) മദ്യാസക്തിക്കെതിരെ സ്കൂൾ കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ?

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

86. ശ്രീ.ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ

,, ആർ . സെൽവരാജ്

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്കൂൾ - കോളേജ് തലത്തിൽ എത്ര ലഹരി വിരുദ്ധ ക്ലബുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ എത്ര ലഹരി മുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

## മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ

87. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് നിലവിൽ ഉള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) ഈ സർക്കാർ പ്രസ്തുത പരിപാടികൾ/പദ്ധതികൾക്ക് എത്ര തുക വീതം ചെലവിട്ടുമെന്നുള്ള വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പരിപാടികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## മദ്യനയം

88. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.പുരുഷൻ കടലുണ്ടി

,, കെ.കെ.നാരായണൻ

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യനയത്തിനും അതേ തുടർന്നുള്ള നടപടികൾക്കും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനം എത്രത്തോളം ഉണ്ടായിരുന്നു;

(ബി) തീരുമാനങ്ങളിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളവ എന്തൊക്കെയാണ്; ഏതെല്ലാം സംഗതികളിൽ ഏതെല്ലാം കോടതികളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള വിധി പ്രസ്താവങ്ങൾ തന്നാണ്ടിലെ മദ്യനയ പ്രഖ്യാപനത്തെ തുടർന്നുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(സി) സർക്കാർ ആദ്യം പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും പിന്നീട് ഏതെല്ലാം നിലയിലുള്ള ഭേദഗതികളോ, മാറ്റങ്ങളോ വരുത്തുകയുണ്ടായി;

(ഡി) ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ തീരുമാനങ്ങളോട് സർക്കാരിലുള്ള ഏതെങ്കിലും മന്ത്രിമാർ ഫയലിൽ, വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഫയലിൽ ഏത് തീരുമാനത്തോടാണെന്ന് വെളിപ്പെടുത്താമോ?

<u>സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ</u>

89. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർധന കമ്പനികൾക്ക് അനുവദിച്ച് കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനത്തിൽ ഏതെല്ലാം നിലയിൽ എത്ര ശതമാനം തുക വീതം സർക്കാർ ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും വിശദമാക്കാമോ?

<u>നീരയുടെ ഉൽപ്പാദനവും വിതരണവും</u>

90. ശ്രീ.ലൂഡി ലൂയിസ്

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ;

(സി) നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

<u>ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വരുമാനം</u>

91. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ, ഓരോ വർഷവും ബിവറേജസ് കോർപ്പറേഷൻ വഴി ആകെ എന്ത് തുകയുടെ വീതം മദ്യങ്ങൾ വില്പന നടത്തിയിട്ടുണ്ട് ; ഓരോ വർഷവും വില്പന നടത്തിയ ബിയർ/വൈൻ തുടങ്ങിയവയുടെ ആകെ തുക എത്ര ;

(ബി) മേല്പറഞ്ഞ കാലയളവിൽ മദ്യം/ബിയർ/വൈൻ തുടങ്ങിയ ഇനങ്ങളുടെ വില്പനയിലൂടെയും ലൈസൻസുകൾ നൽകിയതിലൂടെയും മൊത്തം എത്ര കോടി രൂപ വീതം സർക്കാർ ഖജനാവിൽ ലഭിക്കുകയുണ്ടായി ; വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(സി) ബിവറേജസ് കോർപ്പറേഷന് ഓരോ വർഷവും ലഭിച്ച വരുമാനം എത്ര കോടി വീതമായിരുന്നു ;

(ഡി) എക്സൈസ് വകുപ്പിൽ വിവിധ ഇനങ്ങളിൽ ഇതേവരെ ലഭിക്കുവാനുള്ള ആകെ കുടിശ്ശിക എത്ര കോടി രൂപയുടേതാണ് ?

<u>ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പ്പന</u>

92. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇതേവരെ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവയുടെ മൊത്തം അളവുകൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും ഇതിനായി ചെലവാക്കിയ മൊത്തം തുക എത്രയെന്നു ഇനം തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഏതെല്ലാം ഇനത്തിൽ എത്ര തുകവീതം ഖജനാവിന് മുതൽക്കൂട്ടായിട്ടുണ്ട് എന്ന് വർഷവും ഇനവും തിരിച്ച് വിശദമാക്കാമോ?

<u>ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തുന്ന ബിയറുകളും വൈനുകളും</u>

93. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ 2014 ഡിസംബർ 19ന് ശേഷം ഇന്നേവരെ വില്പന നടത്തുന്നതിന് ഏതെല്ലാം ബ്രാന്റുകളിലുള്ള ബിയറുകളും വൈനുകളും വാങ്ങിയിട്ടുണ്ട് ;വിശദമാക്കുമോ ;

(ബി) ഓരോ ബ്രാൻഡിലും അതിൽ അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ ശതമാനം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുമോ ;വിശദമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ ആൽക്കഹോൾ കണ്ടന്റ് ഉണ്ടാവുന്ന ഏതെല്ലാം ബ്രാന്റുകളിൽപ്പെട്ട ബിയറും വൈനും കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തിക നിയമനം</u>

94. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ പി. എസ് . സി . വഴി നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്; ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകി ;

(ബി) അദർ ക്രിസ്ത്യൻ (ഒ.എക്സ്) വിഭാഗത്തിൽ എത്രപേർക്ക് നിയമനം നൽകി ; ഈ വിഭാഗത്തിലെ വനിതകളുടെ റാങ്കിൽ നിന്നും താഴ്ന്ന റാങ്ക് ഉള്ളവർക്ക് നിയമനം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലെ ഒഴിവുകളിലേക്ക് വനിതകളെ പരിഗണിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ; പോലീസ്, ഗതാഗതം എന്നീ വകുപ്പുകളിലേതുപോലെ ബിവറേജസ് കോർപ്പറേഷനിലും വനിതകളെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് പരിഗണിക്കുമോ ;

(ഡി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പ്യൂൺ തസ്തികകളാണ് ഉള്ളത് ; അവയിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നുണ്ട് ; P.S.C. ലിസ്റ്റ് നിലവിലിരിക്കെ താൽക്കാലികമായും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമനം നടത്തുന്നത് നിയമവിരുദ്ധമല്ലേ ; അവരെ മാറ്റി ആ ഒഴിവുകൾ P.S.C. ലിസ്റ്റിൽനിന്നും നികത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഇ) ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമോ ?

## ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിലുണ്ടായ കുറവ്

95. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## സർക്കാർ നൽകിയ ബാർ ലൈസൻസുകൾ

96. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ ഓരോ വർഷവും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും നൽകിയ ബിയർ/വൈൻ ലൈസൻസുകൾ എത്ര എന്നും വ്യക്തമാകാമോ ;

(ബി) 2011, 2012, 2013, 2014 എന്നീ ഓരോ സാമ്പത്തിക വർഷത്തിലും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും പുതുക്കി നൽകിയിരുന്ന ബിയർ/വൈൻ പാർലറുകൾ എത്ര ; വിശദമാകാമോ ;

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട ഏത്ര ബാറുകൾ സർക്കാർ ലൈസൻസോടുകൂടി പ്രവർത്തിച്ച് വരുന്നുണ്ട് ; ബിയർ/വൈൻ ലൈസൻസുകൾ എത്ര;

(ഡി) ബാർ ലൈസൻസ് പുതുക്കി നല്കാതിരുന്ന എത്ര ഹോട്ടലുകൾക്ക് ബിയർ/ വൈൻ ലൈസൻസ് നല്കിയിട്ടുണ്ട്;വിശദാംശം നൽകുമോ?

## സമ്പൂർണ്ണ മദ്യനിരോധനം-സ്വീകരിച്ച നടപടികൾ

97. ശ്രീ.എ.കെ.ബാലൻ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.സി.കെ സദാശിവൻ
ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടിട്ടുണ്ടോ;എങ്കിൽ അധികാരം ഏറ്റെടുത്തത് മുതൽ അതിനുതകുന്ന അബ്കാരി നയം ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ പുതുതായും പുതുക്കിയും നൽകിയ ബാർ ലൈസൻസുകൾ എത്രയായിരുന്നു;ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ ഒടുവിൽ പ്രഖ്യാപിച്ച നയം പ്രാവർത്തികമാക്കുവാൻ നടപടികൾ ഉണ്ടാകുമോ;പ്രഖ്യാപനവും നടപടികളും തമ്മിലുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നയവും നടപടികളും അപ്രായോഗികമായിരുന്നു എന്ന കാര്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ബി) 2014ആഗസ്റ്റിൽ പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാമാണ്; ആദ്യ പ്രഖ്യാപനത്തിൽ നിന്ന് പിന്നീട് എന്തെല്ലാം കാര്യങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി; വിശദമാക്കാമോ;

(സി) ആദ്യമദ്യനയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും അതേ തുടർന്ന്ഇതുവരെയും സർക്കാർ ഇറക്കിയ എല്ലാ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇനിമുതൽ പുതിയ 5സ്റ്റാർ ഹോട്ടലുകൾക്കോ, ബിയർ/വൈൻ പാർലറുകൾക്കോ ലൈസൻസ് നൽകാതിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;നിലവിലുള്ളവയെല്ലാം അടച്ചുപൂട്ടുകയല്ലാതെ, പുതുതായി ഒന്നിനും ലൈസൻസ് നൽകുകയില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) 2014 ആഗസ്റ്റിൽ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം ഇതേവരെ പുതുതായി ഏതെങ്കിലും ബാറിന് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടോ;ഇതിനകം സർക്കാർ സ്വീകരിച്ച എത്ര അപേക്ഷകൾ തീരുമാനം എടുക്കാതെ ബാക്കി നിൽപ്പുണ്ട്?

## <u>ബാറുകൾക്ക് ലൈസൻസ്</u>

98. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വിഭാഗത്തിൽപെട്ട എത്ര വീതം ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായിട്ടുണ്ട്;

(ബി) 2014-2015 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കി നല്കികൊടുത്തവ എത്ര;

പുതുതായി ലൈസൻസ് നല്കിയവ എത്ര;

(സി) ലൈസൻസിനുള്ള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ലഭിച്ച എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട്;സർക്കാറിന്റെ പരിഗണനയിലിരിക്കുന്നവ എത്ര; അവ ഏതെല്ലാം;

(ഡി) വൈൻ ബിയർ പാർലർ/ ലൈസൻസിനുള്ള എത്ര അപേക്ഷ ഈ വർഷം ലഭിച്ചു; എത്ര പേർക്ക് ലൈസൻസ് നല്കുകയുണ്ടായി; പരിഗണനയിലിരിക്കുന്നവ എത്ര?

## സർക്കാരിന്റെ മദ്യ നയം

99. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള മദ്യ നയം വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ മദ്യ നയം പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ മദ്യ നയം നടപ്പിലാക്കിയ കാലയളവിൽ മദ്യത്തിന്റെ ഉപയോഗത്തിൽ കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ ?

## മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

100. ശ്രീ.എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തന രീതിയും വിശദീകരിക്കുമോ;

(സി) പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം

101. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തു തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>തുറമുഖ വകുപ്പിന്റെ കീഴിൽ ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

102. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ജോലികൾ ഏതെല്ലാമാണെന്നു പറയാമോ; ഇതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നു വ്യക്തമാക്കുമോ; ഈ ജോലികൾക്ക് ഭരണാനുമതി ലഭിച്ചതും ജോലികൾ നടപ്പിലാക്കിയതുമായ കാലയളവ് വിശദമാക്കുമോ; തുറമുഖ വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ പുരോഗതിയിലിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

<u>താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

103. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് സമ്പൂർണ്ണമായും പ്രവൃത്തികൾ പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

<u>വിഴിഞ്ഞം തുറമുഖ നിർമ്മാണ ടെണ്ടർ</u>

104. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ എത്ര കമ്പനികളാണ് ടെണ്ടർ അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് പഠനത്തിനായി കമ്പനികൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ടെണ്ടർ നടപടികളിൽ നിന്ന് കമ്പനികൾ പിൻവലിയാനുള്ള കാരണംഅറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) അടങ്കൽ തുകയുടെ 30% സർക്കാർ ഇടനിലക്കാർ കൈക്കൂലി ആവശ്യപ്പെട്ടതിനാലാണ് കമ്പനികൾ പിൻമാറിയതെന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാൻ വിജിലൻസ് ഉൾപ്പടെയുള്ള ഉന്നതതല ഏജൻസിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

## വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികളുടെ പിന്മാറ്റം

105. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികൾ പിന്മാറിയതിൽ അട്ടിമറി നടന്നിട്ടുണ്ടാകാം എന്ന വകുപ്പ് മന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മേൽവിഷയം സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

106. ശ്രീ.കെ.മുരളീധരൻ

,, ആർ . സെൽവരാജ്

,, എ.റ്റി.ജോർജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ

നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

107. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും വിഴിഞ്ഞം പദ്ധതിക്കനുകൂലമായി ഏതൊക്കെ തീരുമാനങ്ങളാണ് ഇനിയും ഉണ്ടാകാനുള്ളത്;

(സി) വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്;

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെൻഡർ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

<u>പൊന്നാനി മത്സ്യബന്ധന തുറമുഖം</u>

108. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(ബി) ഇവിടത്തെ തിരയിളക്കം മൂലം ബോട്ടുകൾ അടുപ്പിക്കാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഹാർബർ ജെട്ടിയോട് ചേർന്ന് റബ്ബർ ഫെൻസിംഗ് നടത്തുന്നതിനുള്ള

നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് അടിയന്തരമായി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ ;

(ഇ) മത്സ്യം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സെല്ലുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി; ഇവ കൂടുതൽ എണ്ണം നിർമ്മിക്കുന്നതിനുള്ള നടപടി ഉടൻ തുടങ്ങാനാകുമോ എന്ന് വിശദമാക്കാമോ?

<u>വിഴിഞ്ഞം തുറമുഖനിർമ്മാണം</u>

109. ശ്രീ.മാത്യൂ റ്റി.തോമസ്

,, ജോസ് തെറ്റയിൽ

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് ടെൻഡർ നൽകുന്ന കാര്യത്തിൽ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വം കണക്കിലെടുത്ത് തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഏറ്റെടുത്തു നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം</u>

110. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് എപ്പോഴാണ് തറക്കല്ലിട്ടതെന്നും എത്ര മാസത്തിനുള്ളിലായിരുന്നു പണി പൂർത്തിയാക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇതു വരെ നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇനി ഏതെല്ലാം ജോലികളാണ് ബാക്കിയുള്ളത് എന്നും പ്രസ്തുത തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

<u>തുറമുഖ വകുപ്പിന്റെ **2014-15** ലെ പരിപാടികൾ</u>

111. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബജറ്റിൽ, തുറമുഖ വകുപ്പിൽ ഏതെല്ലാം പരിപാടികളാണ് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നത് ;

(ബി) ഓരോ പരിപാടികൾക്കും ബജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് അനുമതി നല്കിയ മരാമത്ത് പണികൾ</u>

112. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികളുടെ പേര് വിവരം, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ ആരംഭിച്ച പണികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) പണി ആരംഭിക്കാത്തത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>കൊല്ലം പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ</u>

113. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലെ തെക്കുംഭാഗം എന്ന സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ; നാളിതുവരെ നടന്ന പഠനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഡി) മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി കഴിഞ്ഞ 5 വർഷമായി പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും ആയത് പൂർത്തീകരിക്കുവാൻ കാലതാമസം

വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഹാർബർ എഞ്ചിനിയറിംഗ്

114. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ പേരും, അതിന് വേണ്ടി നീക്കിവച്ച തുകകളും അവ ഓരോന്നിനും ചെലവഴിച്ച തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പൂർത്തീകരിച്ച പണികൾ ഏതെല്ലാം;

(സി) പൂർത്തിയാകാത്ത പണികൾ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പ്രവർത്തനങ്ങൾ

115. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തിരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മാർക്കറ്റ് നവീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള മാർക്കറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ പദ്ധതി.

116. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർഏജൻസിയായ പൂനെയിലെ CWPRS നടത്തിയ പഠനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) എപ്പോഴേക്ക് പഠനങ്ങൾ പൂർത്തിയാക്കുവാൻ കഴിയും;

(സി) പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ കഴിയും;വിശദാംശം നൽകുമോ?

ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം

117. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപരിപാലന നിയമപ്രകാരം കടൽ - കായൽ തീരമേഖലയിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൻ പ്രകാരം ആലപ്പുഴ ജില്ലയിൽ വീടുകൾ നഷ്ടപ്പെടുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട് ; വിശദവിവരം ലഭ്യമാക്കുമോ; ഇത്തരം കുടുംബങ്ങളെ അവരുടെ തൊഴിലിനെ ബാധിക്കാത്തവിധം പുനരധിവസിപ്പിക്കുവാൻ സർക്കാർ കണ്ടെത്തിയിരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് പറയാമോ?

ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിലെ അനുവദനീയമായ തസ്തികകൾ

118. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണെന്ന് തസ്തിക, ഓഫീസ് എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ജില്ലയിൽ ആകെ എത്ര ഫിഷറീസ് വില്ലേജുകളാണുള്ളതെന്നും ഓരോ ഫിഷറീസ് വില്ലേജിലും അധിവസിക്കുന്ന ഫിഷർമെൻ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഫിഷറീസ് വകുപ്പിനെ ആശ്രയിക്കുന്ന ഉൾനാടൻ മേഖലയിലെ മത്സ്യകർഷകരുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ ഫിഷറീസ് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനമടക്കം ബുദ്ധിമുട്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അധികമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

119. ശ്രീ.ബാബു എം. പാലിശ്ശേരി

,, കെ. ദാസൻ

,, പി.ശ്രീരാമകൃഷ്ണൻ

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ബി. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടും അതിന്റെയടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ നടപ്പിലാക്കിയാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടേണ്ടിവരുന്ന പ്രതിസന്ധിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) വിദേശകപ്പലുകൾക്ക് കടൽ പൂർണ്ണമായി വിട്ടുകൊടുക്കുന്നതാണ് നയം എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കമ്മീഷൻ റിപ്പോർട്ടിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും മറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

## <u>സമുദ്രമത്സ്യബന്ധന നിയമം</u>

120. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ചു കൊണ്ടുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) മത്സ്യബന്ധനമേഖലയിൽ ട്രാഷ് ഫിഷിംഗ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് , മത്സ്യബന്ധന ചട്ടം അനുസരിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

## <u>ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്</u>

121. ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യത്തൊഴിലാളി സമൂഹത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്</u>

122. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യ തൊഴിലാളിമേഖലാ പഠനത്തിനായി 2013-ൽ നിയോഗിച്ച ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥനത്തെ മത്സ്യ ബന്ധന വ്യവസായ മേഖലയേയും അതിനെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളേയും കുടുംബത്തേയും തകർക്കുന്ന പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാതിരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കടലും കടപ്പുറവും വിദേശ ശക്തികൾക്ക് തീറെഴുതും തരത്തിലെ തീരദേശ നിയന്ത്രണ പദ്ധതി ഭേദഗതി നിർദേശമടങ്ങുന്ന പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയുവാൻ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടുവോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. മീനാകുമാരി റിപ്പോർട്ട്</u>

123. ശ്രീ.കെ.എൻ.എ.ഖാദർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയേയും, മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡോ. മീനാകുമാരി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്രം നിയമനിർമ്മാണത്തിന് തുടക്കം കുറിച്ച കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) സംസ്ഥാന മത്സ്യബന്ധന മേഖലയ്ക്കും, മത്സ്യത്തൊഴിലാളികൾക്കും ഹാനികരമാവാത്തവിധമുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ വേണ്ടതു ചെയ്യുമോ?

<u>ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്.</u>

124. ശ്രീ.വി.എസ്.സുനിൽ കുമാർ

,, കെ.അജിത്

,, ജി.എസ്.ജയലാൽ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദേശ മൂലധന പങ്കാളിത്തമുള്ള സംയുക്ത സംരംഭകർക്ക് മത്സ്യബന്ധനത്തിന് അനുമതി നല്കാൻ കേന്ദ്രം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) റിപ്പോർട്ടിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട്</u>

125. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന പുതിയാപ്പ ഹയർ സെക്കന്ററി സ്കൂളിന് കെ.എസ്.സി.എ.ഡി.സി. മുഖേന ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന ഇതുവരെ അനുവദിച്ച പ്രവർത്തികളും തുകയും വെളിപ്പെടുത്തുമോ ?

<u>കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

126. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് മാർക്കറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷനു കീഴിൽ ഫിഷ് മാളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

താനൂർ ഗവ. റീജിണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

127. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലും, ഹയർ സെക്കന്ററിയിലും, വൊക്കേഷണൽ ഹയർ സെക്കന്ററിയിലുമായി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന എത്ര പേരുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പരീക്ഷകളിൽ ഇവിടുത്തെ വിജയ ശതമാനം എത്രയായിരുന്നെന്ന് വിശദമാക്കാമോ ;

(ഡി) ഈ സ്ഥാപനത്തിൽ അധ്യാപക-അധ്യാപകേതര ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ?

താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

128. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ആർക്കാണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ വിദ്യാലയത്തിൽ ഗേറ്റ്, ചുറ്റുമതിൽ, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഇ) ഈ വിദ്യാലയത്തിൽ നിലവിൽ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടർ, ഫർണീച്ചർ എന്നിവ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>കണ്ണൂർ ജില്ലയിലെ ഓലക്കീൽക്കടവ് പാലം</u>

129. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും പ്രധാന ആവശ്യവുമായ ഓലക്കീൽക്കടവ് പാലം നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

<u>സംയോജിത മൽസ്യഗ്രാമവികസന പദ്ധതി</u>

130. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത മൽസ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എത്ര മൽസ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് തീരദേശ റോഡ് നവീകരണം</u>

131. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് തീരദേശ റോഡ് സഞ്ചാര യോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സുഗമമായ ഗതാഗതത്തിന് നിലവിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണുന്നുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിലെ മെറ്റലിംഗും ടാറിംഗും പൂർത്തീകരിക്കുന്നതിലേക്ക് എത്ര രൂപയുടെ അനുമതി എന്ന് ലഭിച്ചുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റോഡ് നവീകരണം പൂർത്തീകരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;അവശേഷിക്കുന്ന ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ?

<u>പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് റോഡിൽ റെഗുലേറ്റർ കം ബ്രിഡ്ജ്.</u>

132. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് റോഡിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതും വർഷകാലത്ത് റോഡ് തകർന്ന് കടലും കായലും ഒന്നായി തീരുകയും ചെയ്യുന്ന ഭാഗത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, കേന്ദ്ര ഗവൺമെന്റ്/സംസ്ഥാന ഗവൺമെന്റ് എന്നിവരുടെ സാമ്പത്തിക സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

<u>മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്</u>

133. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നത് തദ്ദേശ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ആശങ്ക പരിഹരിക്കുന്നതിനും തീരദേശ സുരക്ഷ സംബന്ധിച്ച്

ഉയർന്നുവന്നിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ?

<u>മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ഔദ്യോഗിക പഠനം</u>

134. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തെ അത് എപ്രകാരമെല്ലാം ബാധിക്കുമെന്നതു സംബന്ധിച്ച ഔദ്യോഗിക പഠനങ്ങൾ സംസ്ഥാന തലത്തിൽ നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

<u>മീനാകുമാരി റിപ്പോർട്ട് മൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക</u>

135. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാകുമാരി റിപ്പോർട്ട് മറയാക്കി ആഴക്കടൽ - പുറം കടൽ മേഖലകൾ വിദേശ മത്സ്യ കപ്പലുകൾക്ക് തുറന്ന് കൊടുക്കുന്നത് മൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച മീനാകുമാരി റിപ്പോർട്ടിന്റെ കോപ്പി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) കേരളത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള നടപടി</u>

136. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ച എന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം എന്നത്

കണക്കാക്കി ആകെ തുകയുടെ പട്ടിക നൽകാമോ;

(സി) ഇങ്ങനെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത സ്ഥലങ്ങളിൽ അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സ്വീകരിച്ച തുടർനടപടികൾ എന്തെന്നും ഇതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

## സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ്

137. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് നിർദ്ധനരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മത്സ്യങ്ങളുടെ വംശനാശം

138. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർച്ചയെത്താത്ത ചെറുമത്സ്യങ്ങളെ സംസ്ഥാനത്തുനിന്നും വൻതോതിൽ തമിഴ്‌നാട്ടിലേക്ക് കടത്തുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് മത്സ്യങ്ങളുടെ വംശനാശത്തിനും മത്സ്യസമ്പത്ത് വൻതോതിൽ കുറയുവാനും ഇടയാക്കും എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ചെറുമത്സ്യങ്ങളെയും മറ്റും പിടിച്ചാൽ തിരികെ ജലാശയത്തിലേക്ക് തന്നെ തിരികെ അയയ്ക്കണം എന്നതിന് കർശന നിയമവ്യവസ്ഥ നിലവിലുണ്ടോ എന്നും എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ചെറുമത്സ്യങ്ങൾ വലയിൽ അകപ്പെട്ടാൽ തിരികെ അയയ്ക്കാത്തവർക്കെതിരെ കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) മത്സ്യബന്ധനം നടത്തിവരുന്ന ബോട്ടുകളെ പരിശോധനകൾക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം കടങ്ങൾ എഴുതിത്തള്ളൽ

139. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം ഏതെല്ലാം കടങ്ങൾ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് ഇനിയും എഴുതി തള്ളാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടെ നടപ്പാക്കുവാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

മിഷൻ **676** ലെ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

140. ശ്രീ.പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ്

,, കെ.ശിവദാസൻ നായർ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ക്ഷേമത്തിനും കടാശ്വാസ ത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ :

(സി) പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

രാജ്യാന്തര വിമാനത്താവള ഹബിൽ ഉൾപ്പെടുന്ന എയർപോർട്ടുകൾ

141. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ് വിമാനത്താവളങ്ങൾ മാത്രം അടങ്ങുന്ന രാജ്യാന്തര വിമാനത്താവള ഹബിൽ സംസ്ഥാനത്തുനിന്നും ഏതെല്ലാം എയർപോർട്ടുകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) ഇത് സംബന്ധമായി പ്രധാനമന്ത്രിക്കും വ്യോമയാനമന്ത്രാലയത്തിനും മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കണ്ണൂർ വിമാനത്താവള നിർമാണം

142. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ ഏതെല്ലാം പ്രവർത്തികളാണ് ഇതിനോടകം ടെൻഡർ ചെയ്തതതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവർത്തികൾ ഏതെല്ലാം നിർമ്മാണ കമ്പനികൾ ഏറ്റെടുത്തുവെന്നും എപ്പോൾ എഗ്രിമെന്റ് ഒപ്പ് വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവർത്തികളും എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ;

## വ്യോമയാന ഹബ്ബ്

143. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യോമയാന പാതയിലെ രാജ്യാന്തര ഹബ്ബ് നിശ്ചയിച്ചതിൽ നിന്നും കേരളത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹബ്ബിന് യോഗ്യതയുള്ള വിമാനത്താവളങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) വ്യോമയാന ഹബ്ബ് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

## കണ്ണൂർ വിമാനത്താവള നിർമ്മാണവും ഭൂമി ഏറ്റെടുക്കലും

144. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ആകെ എത്ര ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആകെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരതുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇനിയും എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരതുക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇനിയും നഷ്ടപരിഹാരതുക നൽകുവാനുള്ള ഭൂവുടമകൾക്ക് അതിവേഗം നഷ്ടപരിഹാരതുക നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

<u>കണ്ണൂർ വിമാനത്താവളനിർമ്മാണത്തിനായി സ്പോടക വസ്തുക്കളുടെ ഉപയോഗം</u>

145. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളനിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നിരപ്പാക്കുവാനും മറ്റുമായി സ്പോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഏത് ഉത്തരവുപ്രകാരമാണ് സ്പോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്;

(സി) ഇത്തരത്തിൽ സ്പോടനം നടത്തുമ്പോൾ സ്പോടനശക്തി എത്ര വരെയാകാമെന്ന് (സ്പോടന ശക്തിയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ കണക്കു പ്രകാരം) നിയന്ത്രണമേർപ്പെടുത്തികൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയന്ത്രണ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) വിമാനത്താവള നിർമ്മാണസ്ഥലത്തു നടക്കുന്ന അത്യുഗ്ര സ്ഫോടനങ്ങൾ സമീപവാസികളുടെ ജീവനും സ്വത്തിനും വലിയ ഭീഷണി ഉയർത്തുന്നതു സംബന്ധിച്ച് ജനപ്രതിനിധികളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത നിവേദനങ്ങൾ പ്രകാരം ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ജി) അത്യുഗ്രസ്ഫോടനങ്ങൾ കാരണം വീടുകൾക്കും കെട്ടിടങ്ങൾക്കും

വ്യാപാരസ്ഥാപനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നുവെന്നുറപ്പാക്കുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച കരട് നയം</u>

146. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച കരട് നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽ നിന്നും 2014 നവംബർ 10-ന് സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തിന് സംസ്ഥാന ഗവൺമെന്റ് നല്കിയ പ്രതികരണം എന്തായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ അന്താരാഷ്ട്രപദവിയുള്ള എയർപോർട്ടുകൾ ഏതെല്ലാമാണ്; ഓരോ എയർപോർട്ടിനും അന്താരാഷ്ട്ര പദവി ലഭിച്ചത് ഏത് കാലഘട്ടത്തിലായിരുന്നു ?

<u>വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം.</u>

147. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിന്റെ ഭാവിയെ ഏത് നിലയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആഭ്യന്തര വിമാന സർവ്വീസ് മാത്രം നടത്തി കണ്ണൂർ വിമാനത്താവള പദ്ധതി ലാഭകരമാക്കാൻ കഴിയുമോ പതിനായിരക്കണക്കായ ഗൾഫ് യാത്രക്കാരെ, നിർദ്ദിഷ്ട കണ്ണൂർ എയർപോർട്ടിൽ നിന്നും അകറ്റി, ബാംഗ്ലൂർ എയർപോർട്ടിലേക്ക് നയിക്കുന്ന കേന്ദ്ര നീക്കത്തിൽ, ഗൾഫ് മലയാളികളും എയർപോർട്ട് കമ്പനിയുടെ ഓഹരി ഉടമകളും കടുത്ത ആശങ്കയിലാണെന്നറിയാമോ;

(സി) ഗൗരവതരമായ ഈ പ്രവർത്തനത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ;ഇന്റർ നാഷണൽ ഹബ്ബിൽ കൊച്ചി വിമാനത്താവളത്തെ മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കണ്ണൂർ ഉൾപ്പെടെയുള്ള എയർപോർട്ടുകളെ

അവഗണിക്കുന്നതാണെന്നറിയാമോ?

<u>ബോട്ട് സർവ്വീസ്</u>

148. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലമാർഗ്ഗത്തിലൂടെ യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുന്നു; ഇതിൽ കെ. എസ്. ഡബ്ല്യൂ.റ്റി.സി യുടെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ എത്ര;; അല്ലാത്തവ എത്ര;

(ബി) സ്വകാര്യ സർവ്വീസ് ബോട്ടുകൾക്ക് സംസ്ഥാനത്തെ ജലപാതയിലൂടെ സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റിന്റെ പെർമിറ്റ് ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ലഭിക്കുന്നതിന് ഗവൺമെന്റ്/സ്വകാര്യ ബോട്ടുകൾക്ക് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതായിട്ടുള്ളത്;

(സി) സർവ്വീസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ പരിശോധനകളും മുൻകരുതലുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്നും വ്യക്തമാക്കുമോ?

<u>മതപരിവർത്തനം</u>

149. ശ്രീ.സി.ദിവാകരൻ
,, ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മതപരിവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂട്ട മതപരിവർത്തനത്തിന് നേതൃത്വം കൊടുക്കുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യകതമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മതപരിവർത്തനം നടന്നിട്ടുള്ളതായി പറയപ്പെടുന്നത് എവിടെയെല്ലാമാണ്; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യകതമാക്കുമോ?

## സോളാർ കേസ്

150. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ് തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം സ്റ്റേഷനുകളിൽ; ഇതിൽ പ്രതികൾ ജാമ്യമെടുത്ത കേസ്സുകൾ എത്ര ;

(ബി) ഈ കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

## രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ

151. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ബലാത്സംഗം, മോഷണം, ഭവനഭേദനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, സ്ത്രീപിഡനം, മയക്കുമരുന്നു കേസുകൾ, രാഷ്ട്രീയകൊലപാതകം, രാഷ്ട്രീയേതര കൊലപാതകം ,ഗുണ്ടാ ആക്ട് തുടങ്ങിയയിനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ ഉൾപ്പെടെ വിശദവിവരം നൽകുമോ?

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; Conviction rate-ന്റെ വിശദവിവരം നൽകുമോ?

## സർക്കാർ പിൻവലിക്കുന്ന കേസുകൾ

152. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

**,,** ബി.സത്യൻ

**,,** എസ്.രാജേന്ദ്രൻ

**,,** കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ശിക്ഷാനിയമ പ്രകാരമുള്ള വിചാരണയും ശിക്ഷയും ഒഴിവാക്കാൻ സർക്കാർ കേസുകൾ പിൻവലിക്കുന്നത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) കോടതി വിചാരണയുടെ വിവിധ ഘട്ടങ്ങളിലിരുന്ന കേസുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ നാളിതുവരെ കേസ് പിൻവലിക്കുന്നതിന് നൽകിയ ഉത്തരവുകളുടെ കണക്കുകൾ ലഭ്യമാണോ; വിജിലൻസ് കേസുകൾ ഏതെങ്കിലും പിൻവലിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കേസ് പിൻവലിച്ചുകിട്ടുന്നതിലേക്ക് സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ കണക്കുകൾ ലഭ്യമാണോ; അവയിൽ വിജിലൻസ് കേസുകൾ ഉണ്ടോ? വിശദമാക്കാമോ ?

## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ

153. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സ്ത്രീകളും പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

## ഡി.വൈ.എസ്.പി.ക്കെതിരായ പരാതി

154. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം പാറക്കടവ് പീഡനക്കേസിന്റെ അന്വേഷണത്തിൽ താമരശ്ശേരി ഡി.വൈ.എസ്.പി. ജയ്സൺ എബ്രഹാം ഇടപെട്ടത് സംബന്ധിച്ച് സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## എം.എം.മണിയുടെ അറസ്റ്റ്

155. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ.(എം) നേതാവ് സഖാവ് എം.എം.മണി നടത്തിയതായ ഒരു പ്രസംഗത്തെ തുടർന്ന് അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തത്

എപ്പോഴായിരുന്നു; അറസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്ത് നിയോഗിക്കപ്പെട്ട പോലീസുകാർ എത്രയായിരുന്നു;

(ബി) അറസ്റ്റിനെതുടർന്ന് അദ്ദേഹം എത്ര ദിവസം ജയിലിൽ അടയ്ക്കപ്പെട്ടു; അദ്ദേഹത്തിനു സ്വന്തം നാട്ടിൽ പ്രവേശനം നിഷേധിക്കപ്പെട്ടത് എത്ര ദിവസങ്ങളായിരുന്നു;

(സി) അദ്ദേഹത്തിനെതിരെ പോലീസ് ചാർജ്ജ് ചെയ്ത കേസ് എന്തായിരുന്നു; അദ്ദേഹം ഏത് സ്ഥലത്ത് നടത്തിയ പ്രസംഗത്തിന്റെ പേരിലായിരുന്നു കേസ് എടുത്തത്; കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥരുടെയും അതേ തുടർന്നുള്ള അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെയും പേരുകളും തസ്തികകളും വെളിപ്പെടുത്താമോ;

(ഡി) പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്താനുള്ള തീരുമാനം സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു;

(ഇ) വിധിയുടെ അടിസ്ഥാനത്തിൽ, നിയമവിരുദ്ധമായി ഒരു പൊതു പ്രവർത്തകനെ ജയിലിൽ അടച്ചും നാട്ടുകടത്തിയും പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

## മണി ചെയിൻ, ചെക്ക്, വിസ തട്ടിപ്പ് കേസുകൾ

156. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായും വിസാ തട്ടിപ്പുമായും ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ടെന്നും എത്ര രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിന്റെ കൊലപാതകം

157. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പുഴയ്ക്കൽ ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ്സിലെ പ്രതി മുഹമ്മദ് നിഷാമിനെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കേസ്സെടുത്തിട്ടുള്ളത്; പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കാമോ;

(ബി) മാരകമായി പരിക്കുപറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ചന്ദ്രബോസിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) മരണത്തിനു മുൻപ് ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിന് പൊലീസ് ബോധപൂർവ്വമായ വീഴ്ച വരുത്തി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്താതിരുന്നത് പ്രതിയ്ക്കെതിരെയുള്ള കേസ്സിനെ ദുർബലപ്പെടുത്തുമോ ; വ്യക്തമാക്കാമോ;

(ഇ) മൊഴി രേഖപ്പെടുത്താൻ വീഴ്ച വരുത്തിയ അന്വേഷണ ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ?

<u>വാഹന പരിശോധന</u>

158. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപരിശോധനയും ബോധവത്കരണവും ശക്തമാക്കിയിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ച് വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഈയിനത്തിൽ എത്ര തുക വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കിയെന്ന് ആഭ്യന്തരവകുപ്പ് കണക്കാക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(എഫ്) സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും പിഴയിനത്തിൽ എന്ത് തുക ഈടാക്കിയെന്നും വ്യക്തമാക്കാമോ;

(ജി) റോഡിന്റെ മറവിൽ നിന്ന് വാഹനപരിശോധന നടത്തിയതിന്റെയും ട്രാഫിക് സിഗ്നലിന്റെ സമീപത്ത് നിന്ന് വാഹനപരിശോധന നടത്തിയതിന്റെയും ഫലമായി പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായി എത്ര പേർ ഈ കാലയളവിൽ മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ ; പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 6/2012 ലംഘിച്ചുകൊണ്ട് ഇപ്പോഴും ചില പോലീസ്

ഉദ്യോഗസ്ഥർ ഇത്തരം വാഹനപരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുവാനും ഇത്തരത്തിലുള്ള വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

കേരള പോലീസ് സർവ്വീസ്

159. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് മാതൃകയിൽ ഡി.വൈ.എസ്.പി തസ്തികയിൽ ഉൾപ്പെടെ നേരിട്ട് നിയമനം നടത്തുന്ന തരത്തിൽ കേരള പോലീസ് സർവീസ് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കൂട്ട മതം മാറ്റൽ

160. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഘർവാപസി എന്ന പേരിൽ വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് കൂട്ട മതം മാറ്റൽ സംഭവം നടന്നിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) ഇത്തരം സംഭവത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റോഡ് സുരക്ഷ

161. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുടെ ഭാഗമായി മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഗതാഗത നിയമം ലംഘിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിൽ എത്ര ആളുകളുടെ ലൈസൻസ് റദ്ദ്

ചെയ്തിട്ടുണ്ട്;

(ഡി) നിരീക്ഷണ ക്യാമറകളിൽ ശേഖരിക്കപ്പെട്ട നിയമ ലംഘനങ്ങളിൽ, നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്ത കേസുകൾ എത്ര;

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഓരോ വർഷവും ഉണ്ടായ ഗതാഗത നിയമ ലംഘന കേസുകൾ എത്ര; വിശദമാക്കാമോ?

## ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എടുത്ത പോലീസ് നടപടി

162. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയതിന് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അഴിമതി കേസുകൾ

163. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര അഴിമതി കേസുകളാണ് നിലവിലുള്ളത് ;

(ബി) 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കാമോ ?

## സദാചാര പോലീസ് അക്രമങ്ങൾ .

164. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന സദാചാര പോലീസ് അക്രമങ്ങൾ എത്ര എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;ഇവയിൽ എത്രപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നു പറയാമോ;

(ബി) കേരളത്തിലെ സദാചാര പോലീസിന്റെ പേരിൽ നടത്തുന്ന അക്രമങ്ങളെ ഇല്ലാതാക്കുവാൻ ആഭ്യന്തര വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സദാചാര പോലീസിനെ നിയന്ത്രിക്കുന്നതിനും അത്തരം ആളുകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ പുതിയ നിയമനിർമ്മാണം നടത്തുമോ;

## <u>പോലീസ് സേനയിലെ ഒഴിവുകൾ</u>

165. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ നിലവിലുള്ള മൊത്തം ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു; ഓരോ തസ്തികയിലും അനുവദനീയമായ എണ്ണം എത്ര;

(ബി) സേനയിൽ എത്ര ശതമാനം സ്ത്രീകൾ ഉണ്ട്; സ്ത്രീകളുടെ ശതമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടു;പ്രസ്തുത നടപടി മുഖാന്തിരം എത്ര ശതമാനമായി എണ്ണം വർദ്ധിക്കുകയുണ്ടായി;

(സി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലനിൽക്കുന്നത്;

(ഡി) പ്രൊമോഷൻ നൽകുന്നതിനും ആശ്രിതർക്ക് ജോലി നൽകുന്നതിനുമായി നിയമനം നടത്താതെ മാറ്റിവെക്കപ്പെട്ട മൊത്തം ഒഴിവുകൾ എത്ര ; വിശദമാക്കുമോ?

## <u>സൈബർ സെല്ലിന്റെ അധികാരങ്ങൾ</u>

166. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ സെല്ലിന് ഏതൊക്ക നിയമപ്രകാരമാണ് കേസ്സെടുക്കുവാൻ അധികാരമുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) സൈബർ സെല്ലിന്റെ അധികാര പരിധിക്കപ്പുറം ഉള്ള ഇടപെടലുകൾ നടത്തുന്നതായി ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## <u>പോലീസ് കംപ്ലയിന്റ് അതോറിറ്റി</u>

167. ശ്രീ.ഹൈബി ഈഡന്‍

,, പി.എ.മാധവന്‍

,, വി.പി.സജീന്ദ്രന്‍

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിന്റെ പ്രവര്‍ത്തനത്തിനായി ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ?

<u>സൈബര്‍ കുറ്റകൃത്യങ്ങള്‍</u>

168. ശ്രീ.വി.ഡി.സതീശന്‍

,, ടി.എന്‍. പ്രതാപന്‍

,, സി.പി.മുഹമ്മദ്

,, അന്‍വര്‍ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സൈബര്‍ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാര്‍ത്ഥികളെ ബോധവത്ക്കരിക്കാന്‍ പോലീസ് വകുപ്പിന്റെ നേതൃത്വത്തില്‍ പരിപാടികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികള്‍ നടപ്പാക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം ബോധവത്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പരിപാടികള്‍ നടപ്പാക്കാന്‍ ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

<u>കൊല്ലം റൂറല്‍ പോലീസ് ജില്ലയില്‍ എ.ആര്‍ ക്യാമ്പ്</u>

169. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ എ.ആർ ക്യാമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) കൊട്ടാരക്കര ആസ്ഥാനമാക്കി എ.ആർ. ക്യാമ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെ എ പി മൂന്നാം ബറ്റാലിയനിലെ രണ്ട് കമ്പനി സേനയെ കൊല്ലം റൂറൽ പോലീസ് സേനക്കായി അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; അടിയന്തിരമായി പ്രസ്തുത സേനയെ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുമോ ?

<u>ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി</u>

170. ശ്രീ.സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) സ്കൂൾ- കോളേജ് ക്യാമ്പസുകളെ ലഹരി വിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതിയുമായി സഹകരിക്കുന്നത് ആരൊക്കെയാണ് ; വിശദാംശങ്ങൾ നൽകാമോ?

<u>ചേലക്കര മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

171. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ദേശമംഗലം കേന്ദ്രമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ വർഷം തന്നെ ഇവിടെ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കവർച്ച , മോഷണ കേസുകൾ

172. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് കവർച്ച, മോഷണം, പിടിച്ചുപറി എന്നിങ്ങനെയുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്ന് നാളിതുവരെ സംസ്ഥാനത്തെ എത്ര ക്ഷേത്രങ്ങളിലും, ക്രിസ്ത്യൻ ചർച്ചുകളിലും, മുസ്ലീം പള്ളികളിലും കവർച്ചയും, മോഷണങ്ങളും നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കതിരൂർ ബോംബ് സ്ഫോടനം

173. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ജനുവരി 18-ന് ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായി എന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ബോംബുകൾ നിർമ്മിച്ച പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) അങ്കണവാടിക്കുസമീപം ജീവഹാനി ഉണ്ടാക്കാവുന്നവിധം സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്ത സംഭവം ഗൗരവപൂർവം വീക്ഷിക്കുകയും, ദേശവിരുദ്ധ പ്രവർത്തനമെന്ന രീതിയിൽ കൈകാര്യം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ?

## നാദാപുരം ഷിബിൻ വധം

174. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്തിനടുത്ത് തൂണേരിയിൽ സി.പി.ഐ. (എം) പ്രവർത്തകനായ ചടയങ്കണ്ടിത്താഴ ഷിബിനെ വധിച്ച സംഭവത്തെത്തുടർന്ന് വർഗീയ സാമുദായിക നിറം കലർത്തുന്ന പ്രചാരണങ്ങൾ നടത്തിയവരെക്കുറിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സി.പി.ഐ. (എം) ഉത്തര മേഖല എ.ഡി.ജി.പി.യ്ക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) നവ മാധ്യമങ്ങളിലൂടെ നടത്തപ്പെട്ട ദുഷ്പ്രചരണങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; അന്വേഷണത്തെത്തുടർന്ന് എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ;വ്യക്തമാക്കുമോ?

(ഡി) ഫേസ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയ വഴി തെറ്റായ പ്രചരണങ്ങൾ നടത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു?

## <u>നാദാപുരം പീഡനകേസ്</u>

175. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം പാറക്കടവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച സംഭവത്തിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റാരോപിതർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

## <u>ഷിബിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം</u>

176. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ തൂണേരി ചടയൻകണ്ടിത്താഴ ഷിബിൻ എന്നയാളെ കൊലപ്പെടുത്തിയ കേസിൽ മുസ്ലീം ലീഗ് പ്രവർത്തകരായ ക്രിമിനലുകളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) കൊലപാതകവും അതിനായി നടന്ന ഗൂഢാലോചനയും സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കേസ് അന്വേഷണത്തിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; റിമാന്റിലുള്ളവർ എത്ര;

(ഡി) ഇതേവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തവർ എത്ര; അവർ ആരൊക്കെ;

(ഇ) സംഭവം സംബന്ധിച്ച് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(എഫ്) സംഭവത്തിൽ പരിക്ക് പറ്റിയവർ ആരൊക്കെയാണ്;

(ജി) കൊലചെയ്യപ്പെട്ട ഷിബിന്റെ ബന്ധുക്കളെ ആശ്വസിപ്പിക്കാൻ ഏതെല്ലാം മന്ത്രിമാർ

വീട്ടിൽ സന്ദർശനം നടത്തുകയുണ്ടായി?

<u>നാദാപുരം മേഖലയിലെ ക്രമസമാധാനം</u>

177. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മേഖലയിൽ വളരെക്കാലമായി നിലനിന്നിരുന്ന സൗഹാർദ്ദാന്തരീക്ഷം തകരാനിടയായ സാഹചര്യം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഏതെല്ലാം മതവിഭാഗങ്ങളിൽപ്പെട്ടവരുടെ കടകളും വീടുകളുമാണ് ആക്രമിക്കപ്പെട്ടത് എന്ന് വിശദമാക്കാമോ;

(ഡി) അഞ്ച് യുവാക്കൾ ബോംബ് പൊട്ടി മരിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ</u>

178. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ കരട് വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ1-21566/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മി. ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കുവാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

<u>ആഭ്യന്തര വകുപ്പിലെ പരിഷ്കാരങ്ങൾ</u>

179. **ശ്രീ.എ.എ.അസീസ്**

**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ വരുത്തിയിട്ടുള്ള വർധനവ് വ്യക്തമാക്കുമോ ?

<u>തിരുവല്ല മാർത്തോമ കോളേജിനു സമീപം കാർ കത്തിച്ചസംഭവം</u>

180. ശ്രീ.മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മാർത്തോമ കോളേജിനു സമീപം വീടിന്റെ പോർച്ചിൽ കിടന്ന കാർ കത്തിക്കുകയും സമീപം കിടന്ന കാർ അടിച്ചു തകർക്കുകയും ചെയ്ത സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ കേസിൽ ആരെയെങ്കിലും പ്രതി എന്നു സംശയിക്കുന്നുണ്ടോ;

(സി) ഈ കുറ്റകൃത്യം നടത്തിയ പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) കുറ്റകൃത്യം നടന്നിട്ട് ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>സോഷ്യൽ മീഡിയാകളുടെ ദുരുപയോഗം</u>

181. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്രചരണങ്ങൾ അഴിച്ചുവിടുന്നതിനും, വ്യക്തിഹത്യകൾ നടത്തുന്നതിനുമുൾപ്പെടെ സോഷ്യൽ മീഡിയാകൾ ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം സാമൂഹ്യമാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ സൈബർ നിയമങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>സോഷ്യൽ മീഡിയവഴിയുള്ള പ്രതികരണങ്ങൾ</u>

182. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വിവിധ അക്രമണ സംഭവങ്ങളുടെ തുടർച്ചയായി മതസൗഹാർദ്ദം തകർക്കുന്ന തരത്തിൽ സോഷ്യൽ മീഡിയകളിലൂടെ ചില

പ്രതികരണങ്ങളും കുറിപ്പുകളും പ്രചരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ജില്ലയിലെ ഏതെങ്കിലും വ്യക്തികളുടെയോ, സ്ഥാപനങ്ങളുടെയോ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സോഷ്യൽ മീഡിയകളിലൂടെ ഇത്തരം പ്രതികരണങ്ങളും, കുറിപ്പുകളും പ്രചരിപ്പിക്കപ്പെടുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

## രജിസ്റ്റർ ചെയ്ത സ്ത്രീപീഡന കേസുകൾ

183. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്താമോ?

(ബി) നാളിതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിക്കൽ, സ്ത്രീകളെ തട്ടികൊണ്ടുപോകൽ, സ്ത്രീകളെ കൊലപ്പെടുത്തൽ എന്നിങ്ങനെയുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ മാവോയിസ്റ്റ് ആക്രമണം

184. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ യുവാവ് വെടിയേറ്റ് മരിച്ചത് മാവോയിസ്റ്റ് ആക്രമണത്തെത്തുടർന്നാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച കേസ് അന്വേഷണം ഏതു ഘട്ടത്തിലാണ്;

(സി) പ്രതികളെ സംബന്ധിച്ച സൂചന ലഭ്യമായിട്ടുണ്ടോ;

(ഡി) എത്ര പേരെ ചോദ്യം ചെയ്തു; അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

## പുതിയതായി തുടങ്ങുന്ന പോലീസ് സ്റ്റേഷനുകൾ

185. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാമാണ് പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) നഗരൂർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

## <u>കരിഓയിൽ ഒഴിച്ചവരുടെ പേരിലുള്ള കേസ് .</u>

186. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ഫിബ്രുവരിയിൽ ഹയർ സെക്കന്ററി ഡയറക്ടറായിരുന്ന ശ്രീ.കേശവേന്ദ്രകുമാറിന് മേൽ കരിഓയിൽ ഒഴിച്ചവരുടെ പേരിലുള്ള കേസ് പിൻവലിക്കുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സംഭവുമായി ബന്ധപ്പെട്ട് എത്ര ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിച്ചു ;എന്നായിരുന്നു കേസ്;

(സി) കേസ് പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചത് എന്നായിരുന്നു;

(ഡി) പ്രസ്തുത കേസിൽ കോടതിയിൽ സമർപ്പിച്ചിരുന്ന കുറ്റപത്രത്തിന്റെയും കേസ് പിൻവലിക്കേണ്ടത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ:

(ഇ) ശ്രീ.കേശവേന്ദ്രകുമാർ Iഐ.എ.എസ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

187. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി,എഫ്.. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ, കൊല്ലപ്പെട്ടവരും കൊലപാതകികളും ആരെല്ലാമാണെന്നു തരംതിരിച്ചു വിശദമാക്കാമോ ;

(സി) ഓരോ കൊലപാതകത്തിലും ഏതെല്ലാം വകുപ്പ് ഉപയോഗിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;ഓരോ കേസ്സും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്നും, ഇവരുടെ രാഷ്ട്രീയ ബന്ധവും വിശദമാക്കാമോ ;

(ഡി) ഓരോ കേസ്സിലും ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും, ഇനി ആരെയൊക്കെ അറസ്റ്റ് ചെയ്യാൻ ബാക്കി ഉണ്ട് എന്നും തരംതിരിച്ച് വിശദമാക്കാമോ ?

<u>രാഷ്ട്രീയ പ്രവർത്തകർക്കെതിരായ കേസുകൾ</u>

188. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ(എം)ന്റെ പ്രവർത്തകർക്കെതിരായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോൺഗ്രസ്സിന്റെ പ്രവർത്തകരുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ?

<u>ഓപ്പറേഷൻ കുബേര</u>

189. ശ്രീ.വി.ഡി.സതീശൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>മലക്കപ്പാറ പോലീസ് സ്റ്റേഷൻ</u>

190. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ?

<u>കോഴിക്കോട് ജില്ലയിലെ സദാചാര ഗുണ്ടാ ആക്രമണ കേസുകൾ</u>

191. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് സദാചാര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പ്രതികൾ ഓരോ കേസിലും ഉൾപ്പെട്ടിട്ടുണ്ട് എന്നും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രതികളിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>കോഴിക്കോട് ജില്ലയിലെ തൂണേരിയിൽ നടന്ന ആക്രമണം</u>

192. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരത്തിനടുത്ത് തൂണേരിയിൽ ഷിബിൻ എന്ന യുവാവിന്റെ കൊലപാതകത്തിന് ശേഷം നടന്ന അക്രമത്തിലും കൊള്ളയിലും പങ്കെടുത്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) അക്രമത്തെ തുടർന്നുണ്ടായ കൊള്ളയിൽ നഷ്ടപ്പെട്ട ആഭരണം, പണം ,മറ്റ് സാധനങ്ങൾ എന്നിവ വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(സി) അക്രമം തടയുന്നതിൽ പോലീസിനുണ്ടായ വീഴ്ച പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സാമുദായിക സൗഹാർദ്ദം തകർക്കുന്ന എല്ലാ നടപടികളെയും ശക്തമായി പ്രതിരോധിക്കുന്നതിന് ഇവിടങ്ങളിൽ ഇന്റലിജൻസ് സംവിധാനം ശക്തമാക്കുമോ ?

## കാസർഗോഡ് കുമ്പളയിലെ പി. മുരളി കൊലപാതക കേസ് സംബന്ധിച്ച്

193. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സിലെ ഗൂഡാലോചനയിൽ പങ്കെടുത്തവരെ കൂടി പിടികൂടണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഗൂഡാലോചനയിൽ പങ്കെടുത്തവരെ പിടികൂടുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കാണാതായവരെ സംബന്ധിച്ച വിശദാംശങ്ങൾ

194. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാണാതായ പെൺകുട്ടികൾ, ആൺകുട്ടികൾ, വൃദ്ധർ, വനിതകൾ മറ്റുള്ളവർ എത്രയെന്നു തരംതിരിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ വിഭാഗത്തിൽ നിന്നും എത്ര പേരെ നാളിതുവരെ കണ്ടെത്തിയെന്നും എത്ര പേരെ കണ്ടെത്തുവാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ കൊല്ലപ്പെട്ടവർ, മനുഷ്യക്കടത്തിന് വിധേയരായവർ എത്രയെന്നു വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ കാണാതായവരെ കണ്ടെത്താനും ഇതിനു പിന്നിലെ അധോലോക ലോബികളെ കണ്ടെത്തുവാനും എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ കാണാതാകുന്നവരെ മനുഷ്യാവയവ കച്ചവട ലോബി തട്ടിപ്പിനു വിധേയരാക്കുന്നു എന്നതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം ആഭ്യന്തരവകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ക്രിമിനൽ കേസുകളിൽ പുനരന്വേഷണം

195. ശ്രീ.പി.കെ.ഗുരുദാസൻ

,, കെ.കെ.ജയചന്ദ്രൻ

,, എം. ഹംസ

,, ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവേദികളിലെ പ്രസംഗങ്ങളെ അടിസ്ഥാനമാക്കി, കോടതി വിധിന്യായം പുറത്തുവന്നതുൾപ്പെടെയുള്ള ക്രിമിനൽ കേസുകളിൽ, പുനരന്വേഷണം നടത്തുക എന്നത് സർക്കാരിന്റെ നയമാണോ ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ക്രിമിനൽ കേസുകളിൽ പുനരന്വേഷണം നടത്താൻ തീരുമാനിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സി.പി.ഐ(എം) ജില്ലാസെക്രട്ടറി എം. എം. മണിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ബാലുവധ കേസിൽ തുടരന്വഷണം നടത്താനുള്ള തീരുമാനം കേരള ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ച് തള്ളിക്കളഞ്ഞിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഇതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ നൽകിയ അപ്പീലിന്മേലുണ്ടായ വിധിപ്രസ്താവം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ നടത്തിയത് രാഷ്ടീയ പകപോക്കലും അധികാര ദുർവിനിയോഗവുമാണെന്ന ആക്ഷേപം ശരിവെക്കുന്നതാണ് സുപ്രീംകോടതി വിധി എന്ന കാര്യം അറിയാമോ ;

(ഇ) രാഷ്ടീയ പ്രസംഗത്തിന്റെ പേരിൽ എം. എം. മണിക്കെതിരെ നിയമവിരുദ്ധമായി കേസെടുത്ത് ഭീകര അന്തരീക്ഷം സൃഷ്ടിച്ച് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>കോഴിക്കോട് നാദാപുരത്തെ നരിക്കാട്ടേരിയിലെ സ്ഫോടന കേസ് അന്വേഷണം</u>

196. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിക്കാട്ടേരിയിൽ നടന്ന സ്ഫോടന കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; സ്ഫോടനത്തിൽ മരണപ്പെട്ടവർ എത്രയായിരുന്നു എന്നും കുറ്റപത്രം കോടതിയിൽ സമർപ്പിക്കാതിരിക്കുന്നതിന്റെ കാരണം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(ബി) സ്ഫോടനത്തിനുള്ള ഗൂഢാലോചന നടന്നത് എവിടെനിന്നാണെന്നും ആരെല്ലാമാണതിൽ പങ്കാളികളായതെന്നും അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ആരുടെ നേതൃത്വത്തിൽ ആരെല്ലാമടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നത് എന്നും സംഘത്തിൽപ്പെട്ടവർ ഇപ്പോൾ എവിടെയെല്ലാം ജോലി നോക്കി വരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസ് സംബന്ധിച്ച കുറ്റപത്രം എന്നത്തേയ്ക്ക് കോടതിയിൽ സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി/പട്ടികവർഗ്ഗ പീഡനനിരോധന നിയമപ്രകാരമുള്ള കേസുകൾ</u>

197. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ പീഡനനിരോധന നിയമപ്രകാരം സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലുള്ള കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ് "ആയിറ്റി" തീരദേശ പോലീസ് സ്റ്റേഷൻ</u>

198. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ "ആയിറ്റി"യിൽ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷൻ നാളിതുവരെയായും പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>സ്മാർട്ട് പോലീസ് സ്റ്റേഷൻ</u>

199. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയും അതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ആദ്യ സ്മാർട്ട് പോലീസ് സ്റ്റേഷൻ മലപ്പുറത്ത് ആരംഭിക്കുമെന്ന

മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ?

## അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

200. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വാഹനാപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതും ഗതാഗത കുരുക്കും കണക്കിലെടുത്ത് അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിന് പ്രഥമ പരിഗണന നൽകുമോ?

## നാദാപുരത്തെ അക്രമങ്ങൾ

201. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് തൂണേരിയിൽ നടന്ന ഷിബിന്റെ കൊലപാതകത്തെ തുടർന്ന് പ്രദേശത്തുണ്ടായ അക്രമങ്ങളിൽ എന്തൊക്കെ അതിക്രമങ്ങൾ നടന്നിട്ടുണ്ട് എന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അക്രമത്തിന് ഇരയായ കുടുംബങ്ങളിൽപ്പെട്ട ആരെയെങ്കിലും കൊലപാതകക്കേസ്സിൽ പ്രതി ചേർത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) സ്ത്രീകൾ മാത്രമുള്ള എത്ര വീടുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്; അക്രമികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം , വിജിലൻസ് കേസുകൾ

202. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകളും വിജിലൻസ് കേസുകളും ക്രൈംബ്രാഞ്ച് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

<u>മേപ്പയൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവം</u>

203. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേസിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അവരുടെ പേരു വിവരവും വ്യക്തമാക്കുമോ ;

(സി) പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ പേരു വിവരവും അറിയിക്കുമോ ;

(ഡി) കേസുമായി ബന്ധപ്പെട്ട കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ ;

(ഇ) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

<u>അഭിലാഷിന്റെ ദുരൂഹ മരണം</u>

204. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ ദുരൂഹ മരണം സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണം പൂർത്തിയാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ സ്റ്റുഡന്റ് പോലീസ് സ്കീം</u>

205. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ പാറപൊട്ടിച്ചു കടത്തുന്നതു സംബന്ധിച്ച പരാതി</u>

206. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അതിർത്തികൾ തകർത്ത് ബലാല്ക്കാരമായി കൈയേറി പാറപൊട്ടിച്ചു കടത്തുന്നതു സംബന്ധിച്ച് നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ മകൻ കുട്ടന്റെ പരാതി പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ കേസ് നമ്പർ വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി എന്തൊക്കെ നടപടികൾ ഏതൊക്കെ തീയതികളിൽ പോലീസ് സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(സി) ഇക്കാര്യത്തിൽ മുൻസിഫ് കോടതിയുടെ ഇഞ്ചംഗ്ഷൻ ഉത്തരവും, ജില്ലാ കളക്ടറുടെ സ്റ്റോപ് മെമ്മോയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതു നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിരോധനം ലംഘിച്ച എത്ര വാഹനങ്ങളും, മെഷിനറിയും പിടിച്ചെടുത്തിട്ടുണ്ട്,വിശദാംശങ്ങൾ നൽകുമോ?

<u>സംസ്ഥാനത്ത് നടക്കുന്ന മതപരിവർത്തനം</u>

207. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതപരിവർത്തനം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചു, എവിടെനിന്നുമാണ് പരാതി ലഭിച്ചത്, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഘർവാപസി കേരള ഘടകം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും പുനർമതപരിവർത്തനത്തിന് ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## നാദാപുരത്ത് വാഹനങ്ങൾ തീയിട്ട കേസുകൾ

208. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ നിരന്തരമായി വാഹനങ്ങൾ തീയിട്ട് നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത്തരം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിന് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ;

## പിൻവലിച്ച ക്രിമിനൽ കേസ്സുകൾ

209. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം വിശദമാക്കാമോ;

(സി) ഇതേ കാലയളവിൽ വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; അവ ഏതെല്ലാം വിശദമാക്കാമോ;

(ഡി) ഇതിൽ മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന കേസ്സുകളുണ്ടോ; വ്യക്തമാക്കാമോ?

## പയ്യന്നൂർ,ഹക്കീം വധം

210. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ഹക്കീം വധവുമായി ബന്ധപ്പെട്ട ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസന്വേഷണം സി.ബി.ഐ. ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ അറിയിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മറുപടി കേന്ദ്ര സർക്കാരിൽ നിന്ന്

ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബാർകോഴകേസ്

211. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർവിഷയത്തിൽ ധനമന്ത്രിക്കെതിരെ ബാറുടമകൾ പരസ്യമായി കോഴ പറ്റിയെന്നു പറഞ്ഞിട്ടും ആയതിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടും അറസ്റ്റുൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിയ്ക്കാത്തത് ആഭ്യന്തര വകുപ്പിന്റെ ഗുരുതരവും കുറ്റകരവുമായ അനാസ്ഥയാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(ബി) കേസിന്റെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും നൽകുമോ?

മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനം

212. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, പി.കെ.ബഷീർ

,, എം.ഉമ്മർ

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് പ്രസ്ഥാനം ഏതൊക്കെ ജില്ലകളിൽ സജീവമാണെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) അവരുടെ പ്രവർത്തനം വ്യാപകമാകുവാൻ സഹായകരമായ സാഹചര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനം നിയന്ത്രിക്കുന്നതിനായി, വനമേഖലയിലെയും വനാതിർത്തികളിലെയും ആദിവാസികളുൾപ്പെടെയുള്ളവരുടെ സഹകരണം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മപദ്ധതികൾ

213. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ടി.എൻ. പ്രതാപൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ?

(ബി) ഇതിനായി പ്രത്യേക പോലിസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭീഷണി നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം?

## മാവോയിസ്റ്റ് സംഘടന- പ്രതിരോധ സേനാ വിഭാഗം

214. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സംഘടനകളുടെ പേരിൽ നടന്ന ആക്രമണ സംഭവങ്ങൾ എത്രയാണ്; ഏതെങ്കിലും സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചവരായി കണ്ടെത്തിയവർ എത്ര; എത്രപേർ ശിക്ഷിക്കപ്പെട്ടു;

(ബി) മാവോയിസ്റ്റ് സംഘടനകളെ നേരിടുന്നതിനായി പ്രവർത്തിക്കുന്ന സേനാവിഭാഗത്തിൽപ്പെട്ടവർ എത്ര; അവർക്കായി ശമ്പളം ഉൾപ്പെടെ കഴിഞ്ഞ രണ്ട് വർഷം ചെലവഴിച്ചിട്ടുള്ള തുക എത്ര;

(സി) സേനയിലേയ്ക്ക് കൂടുതൽ ആളുകളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി

215. ശ്രീ.വി.റ്റി.ബൽറാം

,, കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും ഏങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ

216. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവ് ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പോലീസുകാരുടെ പ്രോട്ടോകോൾ ലംഘനം

217. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി സന്ദർശനം നടത്തിയിട്ടുള്ള ജനപ്രതിനിധികളോട് പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പോലീസുദ്യോഗസ്ഥർക്കെതിരായിട്ടാണ് പരാതി ലഭിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ കേസുകളിലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

218. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനും, നിരീക്ഷിക്കുന്നതിനും സംസ്ഥാന പോലീസിൽ പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത വിഭാഗത്തിന് എന്തു പേരാണ് വകുപ്പ് തലത്തിൽ നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര പോലീസ് സേനാംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റ് പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പോലീസ് സേനാവിഭാഗത്തിന് നൽകിയിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്നും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ;

(സി) മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അടിച്ചമർത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുള്ളതായി വെളിപ്പെടുത്തുമോ; ഇതിന് നിയോഗിക്കപ്പെട്ടിട്ടുള്ള സേനാംഗങ്ങൾക്ക് തങ്ങളുടെ തസ്തികക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കുപരിയായി എന്തെല്ലാം ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നു എന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്രപേർ പിടിക്കപ്പെട്ടിട്ടുണ്ടെന്നും പിടിക്കപ്പെട്ടവരിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെങ്കിലും പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>അച്ചൻകോവിൽ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടം</u>

219. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടം മേൽക്കൂര ഉൾപ്പെടെ തകർന്ന് അപകട ഭീഷണിയിൽ ആയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ആകെ രണ്ട് മുറികൾ മാത്രമുള്ള പ്രസ്തുത കെട്ടിടം ഓഫീസായി ഉപയോഗിയ്ക്കുന്നതിനും തൊണ്ടിമുതൽ സൂക്ഷിക്കുന്നതിനും പ്രതികളെ സൂക്ഷിക്കുന്നതിനും സൗകര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

കൊലപാതകത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടവർക്കെതിരെ കേസ്

220. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ.(എം) പ്രവർത്തകൻ പി. മുരളി കൊലചെയ്യപ്പെട്ട ദിവസം ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിനെതിരെ പോലീസ് എടുത്ത കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കുറ്റവാളിയെ പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ ; കൊലപാതകത്തിൽ ടിയാന് പങ്കുണ്ടായിരുന്നുവോ ;

(സി) ഗൂഡാലോചനയിൽ ഇദ്ദേഹത്തിനും പങ്കുള്ളതായി പരാതി ഉണ്ടായിരുന്നുവോ ; അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട്അരുൺകുമാർ എന്നയാൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസ് എഴുതി ത്തള്ളിയതായി അറിയുന്നത് ശരിയാണോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ചന്ദ്രബോസിന്റെ കൊലപാതകം

221. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിലെ പ്രതി മുഹമ്മദ് നിഷാം ഇതിനു മുമ്പ് സംസ്ഥാനത്ത് എത്ര കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ പോലീസിന്റെയും, പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുണ്ട്; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) നിരന്തരം ധാർഷ്ട്യത്തോടെ നിയമ ലംഘനം നടത്തി കേസ്സുകളിൽ പ്രതിയായിട്ടും, പണത്തിന്റെയും ഉന്നത ബന്ധങ്ങളിലെ സ്വാധീനം കൊണ്ടും മുഹമ്മദ് നിഷാം വിചാരണ ചെയ്യപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും രക്ഷപ്പെടുന്നുവെന്ന അതീവ ഗൗരവകരമായ ആക്ഷേപം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## ചന്ദ്രബോസിന്റെ കൊലപാതകം

222. ശ്രീ.മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ ചന്ദ്രബോസിനെ മൃഗീയമായ രീതിയിൽ കൊലപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ നിസ്സാമിന്റെ പേരിൽ എത്ര കേസ്സുകളാണ് നേരത്തേ ചാർജ്ജ് ചെയ്യപ്പെട്ടിരുന്നത് ;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങളും ആ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വ്യക്തമാക്കാമോ ;

(സി) നേരത്തേ ചാർജ്ജ് ചെയ്യപ്പെട്ട കേസുകളുടെ ചാർജ്ജ് ഷീറ്റുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള FIR ന്റെ പകർപ്പും അത് സംബന്ധിച്ച് നാളിതുവരെ കോടതിക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ പകർപ്പും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

## ഹിരണ്യനല്ലൂർ ക്ഷേത്രാഗ്നിബാധ - ക്രൈംബ്രാഞ്ച് അന്വേഷണം

223. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ളതായ നൂറ്റാണ്ടുകൾ പഴക്കമേറിയ ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിബാധക്കിരയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നിഷ്ക്രിയത്തം സബ്മിഷനിലൂടെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറാമെന്ന് മറുപടി നൽകിയിട്ടുണ്ടോ;

(സി) അനുബന്ധ മറുപടിയിന്മേൽ ബന്ധപ്പെട്ട കേസ്സ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ;

(ഡി) തികച്ചും സംശയാസ്പദമായ സാഹചര്യത്തിൽ നടന്ന ഈ ക്ഷേത്രത്തിലെ അഗ്നിബാധയിന്മേലുള്ള അന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ;

(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിക്കുമെന്ന സഭയിൽ നൽകിയിരുന്ന ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് തയ്യാറാകുമോ?

കൊലപാതകങ്ങളുടെ എണ്ണം

224. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ?

(ബി) ഓരോ വർഷവും എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ?

(സി) 2011 മെയ് മുതൽ നാളിതുവരെ എത്ര സി.പി.ഐ (എം) പ്രവർത്തകർ കൊല ചെയ്യപ്പെട്ടെന്ന് വിശദമാക്കാമോ?

(ഡി) സി.പി.ഐ(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ കേസുകളിൽ ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്താമോ?

ചന്ദ്രബോസിന്റെ കൊലപാതകം

225. ശ്രീ.കെ.രാധാകൃഷ്ണൻ

,, ബാബു എം. പാലിശ്ശേരി

,, പി.ശ്രീരാമകൃഷ്ണൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) അന്വേഷണത്തിലുണ്ടായ അനധികൃത ഇടപെടലുകളും ഗുരുതരമായ വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊലയാളിയുമായി മുൻ സിറ്റി പോലീസ് കമ്മീഷണർ രഹസ്യ കൂടിക്കാഴ്ച നടത്തിയതായ വിവരം ലഭിച്ചിട്ടുണ്ടോ;ഇത് ആരുടെ ഇടപെടലിനെ തുടർന്നായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) കേസ് അന്വേഷിച്ചുകൊണ്ടിരുന്ന സിറ്റി പോലീസ് കമ്മീഷണർ നിശാന്തിനിയെ അന്വേഷണ ചുമതലയിൽ നിന്ന് മാറ്റിയത് എന്തിനായിരുന്നു; ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലുള്ള സംഘമാണ്;

(ഇ) ആശുപത്രിയിലുണ്ടായിരുന്നപ്പോൾ ചന്ദ്രബോസിന് സംസാരശേഷി

ഉണ്ടായിരുന്നുവോ; ചന്ദ്രബോസിന്റെ മരണമൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;പ്രതി നിസാമിനെതിരെ നിലനിൽക്കുന്ന കേസുകൾ ഏതൊക്കെയാണ്?

<u>സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെയുള്ള അതിക്രമങ്ങൾ</u>

226. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ശാസ്ത്രീയ സമീപനങ്ങളും ശക്തമായ നടപടികളും സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>കടുത്തുരുത്തിയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

227. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പുതുതായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പക്കൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ വെഹിക്കിൾ ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 9639/E/Home/2015 ഫയലിൽ പി. എച്ച്. ക്യൂ. -വിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആസ്തി വികസന ഫണ്ട് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി. എച്ച്. ക്യൂ. റിപ്പോർട്ട് ആവശ്യമായിട്ടുണ്ടോ?

## ക്രിമിനൽക്കേസുകൾ

228. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ക്രിമിനൽക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവനഭേദനം, ദേവാലയ കവർച്ച എന്നീ ഇനങ്ങളിൽ ഓരോന്നിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഇതിൽ ഓരോ വിഭാഗത്തിലും അന്വേഷണം പൂർത്തിയാക്കി പ്രതികൾ ശിക്ഷിക്കപ്പെട്ടത് എത്രയെണ്ണമുണ്ട് എന്ന് അറിയിക്കാമോ ?

## കൊള്ളപ്പലിശക്കാർക്കെതിരെ നടപടി

229. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് പഞ്ചായത്തിലെ ഈഞ്ചപ്പുരി പഴവുണ്ണി ആറ്റിൻപുറം സ്വദേശിനി വീണ കൊള്ളപ്പലിശക്കാരൻ കിടപ്പാടം തട്ടിയെടുത്തതിൽ മനംനൊന്ത് ആത്മഹത്യക്ക് ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കിടപ്പാടം തട്ടിയെടുക്കാൻ ശ്രമിച്ചയാളിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

## 2014 ലെ റോഡപകടങ്ങൾ

230. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014ൽ എത്ര റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ മരിച്ചവരെത്ര; പരിക്കേറ്റവർ എത്ര; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## മിഷൻ 676 വഴിയുള്ള പദ്ധതികൾ

231. ശ്രീ.കെ.മുരളീധരൻ

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി നിർഭയ കേരളം, സുരക്ഷിത കേരളം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതു വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## <u>ക്രൈം നമ്പർ **885/2014**</u>

232. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടൗൺ പോലിസ് സ്റ്റേഷനിൽ ക്രൈം നമ്പർ 885/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികൾ ഉണ്ട്;

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നഗരത്തിലെ ഒരു മെഡിക്കൽ സ്റ്റോറിൽ രാത്രി ഉണ്ടായ തീ പിടിത്ത സംഭവം പോലീസ് എങ്ങനെയാണ് വിലയിരുത്തുന്നത്;

(സി) സംഭവത്തിൽ ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ എന്താണു രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>അരൂർ ഫയർ സ്റ്റേഷൻ കെട്ടിടം</u>

233. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മേഖലയിലും പരിസരത്തുമായി കഴിഞ്ഞ നാല് വർഷങ്ങളിൽ തീപിടിത്തവും അമോണിയ ലീക്ക് ചെയ്യുന്നതും ഉൾപ്പെടെയുള്ള അപകടങ്ങൾ എത്ര തവണ നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനാൽ അവിടെ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി ആലപ്പുഴ ജില്ലാ കളക്ടർ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; എങ്കിൽ ജനപ്രതിനിധികൾ ഉൾപ്പെടെ ആരെല്ലാം പങ്കെടുത്തു; യോഗ തീരുമാനങ്ങളുടെ പകർപ്പ് നൽകുമോ;

(സി) അതു പ്രകാരം അഗ്നിശമന വകുപ്പ് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിനോ വ്യവസായ വകുപ്പിനോ അപേക്ഷ നൽകിയോ; ഇൻഡസ്ട്രീസ് ഡയറക്ടറുടെ മറുപടി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ബി.എസ്.എൻ.എൽ.ന്റെ കൈവശമുള്ള ഭൂമി അനസ് എന്ന വ്യവസായിക്ക് അനുവദിച്ചതും അതിന്മേൽ ബി.എസ്.എൻ.എൽ. ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഭൂമി അനസ്സിന് കൈമാറ്റം ചെയ്ത വ്യവസായ വകുപ്പിൻറെ നടപടി ബഹു.ഹൈക്കോടതി ശരിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സ്ഥലം ഫയർ സ്റ്റേഷൻ ആവശ്യത്തിന് വിട്ടുതരുവാൻ ശ്രീ. അനസ് സമ്മതിച്ചതിന് പകരമായി മറ്റൊരു സ്ഥലം അദ്ദേഹത്തിന് നൽകുന്നതിന് തീരുമാനിച്ചത് പാലിക്കാതെ വ്യവസായ വകുപ്പ് മറ്റൊരാൾക്ക് കൊടുക്കുവാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അരൂർ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ; ഇല്ലെങ്കിൽ നിർദ്ദിഷ്ട പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ചു മാറ്റി കെട്ടിടം നിർമ്മിച്ചു തന്നാൽ അവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുമോ;

(ജി) പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലത്തിന് അപേക്ഷ നൽകുവാൻ അഗ്നി ശമന വകുപ്പിന് അടിയന്തര നിർദ്ദേശം നൽകുമോ?

<u>മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ</u>

234. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കുറവും കേസ്സുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും കാരണം മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ ഓരോന്നിലും ഫയർമാന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; അവ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഫയർ സ്റ്റേഷനുകളിൽ എത്രയും വേഗം ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ

നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ജില്ലയിൽ പുതുതായി ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതികൾ വ്യക്തമാക്കാമോ ?

<u>കോഴിക്കോട് ജില്ലയിലെ പുതിയ ഫയർ സ്റ്റേഷനുകൾ</u>

235. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിലും, പന്തീരം കാവിലും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ലോകായുക്ത ആക്ട്</u>

236. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ബാർ കോഴ കേസ്</u>

237. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനമന്ത്രി ശ്രീ. കെ. എം. മാണി ബാറുടമകളിൽ നിന്നും കോഴ വാങ്ങിയെന്നതിന്റെ ശബ്ദരേഖ എന്ന് അവകാശ പെടുന്നതടക്കമുള്ള തെളിവുകൾ, ബാർ അസോസിയേഷൻ വർക്കിംങ് പ്രസിഡന്റ് ബിജു രമേശ് വിജിലൻസിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ബിജു രമേശ് വാർത്താ സമ്മേളനം നടത്തി പ്രഖ്യാപിച്ച കാര്യങ്ങളെക്കുറിച്ച് വിജിലൻസ് സംഘം അന്വേഷിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## ബാർ കോഴയും ബിജു രമേശിന്റെ ഫോൺ സംഭാഷണവും

238. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടക്കാരിൽ നിന്നും അരിമില്ലുകാരിൽ നിന്നും ബേക്കറിക്കാരിൽ നിന്നുമുൾപ്പെടെ സംസ്ഥാന ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി കോടികൾ കോഴ വാങ്ങിയെന്നാരോപിച്ചുകൊണ്ടുള്ള മുൻമന്ത്രിയും യു.ഡി.എഫ് നേതാവുമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ബാർ അസോസിയേഷൻ പ്രസിഡണ്ട് ബിജു രമേശും തമ്മിലുള്ള ഫോൺ സംഭാഷണം പുറത്ത് വന്നിട്ടുള്ളത് വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ ബാലകൃഷ്ണപിള്ളയും ബിജു രമേശും തമ്മിലുള്ള ഫോൺ സംഭാഷണത്തിന് പുറമേ ഗവൺമെന്റ് ചീഫ് വിപ്പ് പി.സി. ജോർജും ബിജു രമേശും തമ്മിലുള്ള ഫോൺ സംഭാഷണവും പുറത്തു വന്നിട്ടുള്ളതായി അറിയാമോ;

(സി) ബാർ കോഴക്കേസ് അന്വേഷിക്കുന്ന വിജിലൻസ് അന്വേഷണസംഘം, ഫോൺ സംഭാഷണങ്ങളിലൂടെ പുറത്തുവന്ന വിവരങ്ങൾ എല്ലാം ശേഖരിക്കുകയും അതിന്റെ കൂടി അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## ശ്രീ.വി.എ അരുൺകുമാറിനെതിരെ വിജിലൻസ് അന്വേഷണം

239. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ.വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

## ആർ.ടി.ഒ. ഓഫീസുകൾ -വിജിലൻസ് റെയ്ഡുകൾ

240. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ആർ.ടി.ഒ. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) വിജിലൻസ് റെയ്ഡുകളിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകളും അഴിമതിയും കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്;

(ഡി) ആർ.ടി.ഒ. ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ബാർ കോഴ അന്വേഷണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ</u>

241. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ അന്വേഷണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിന്ന് എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഉത്തരവുകൾ ഏതെല്ലാമാണെന്നും ഉത്തരവുകളുടെ കോപ്പികളും ലഭ്യമാക്കാമോ?

<u>മുൻ ചീഫ് സെക്രട്ടറിയ്ക്കെതിരെ വിജിലൻസ് അന്വേഷണം</u>

242. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ.ഭരത് ഭൂഷൻ അനധികൃത സ്വത്ത് സമ്പാദിച്ചുവെന്ന ആക്ഷേപം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം ഇപ്പോൾ ഇത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ;

(ബി) സിവിൽ വ്യോമയാന ഡയറക്ടർ ജനറലായിരിക്കേ ശ്രീ.ഭരത് ഭൂഷൻ സ്വകാര്യ കമ്പനിയുടെ ഹെലികോപ്റ്ററിൽ നടത്തിയ യാത്രകൾ ഔദ്യോഗികമായിരുന്നുവോ; ഇത് സംബന്ധിച്ച് വ്യോമയാന മന്ത്രാലയത്തിൽ നിന്നുള്ള വിവരങ്ങൾ വിജിലൻസ് സംഘത്തിന് ലഭിച്ചിട്ടുണ്ടോ;

(സി) ജമ്മുകാശ്മീർ സർക്കാരിന്റെ ഹെലികോപ്റ്ററിൽ അമർനാഥിലേക്ക് ഭാര്യയുമൊത്ത് ഭരത് ഭൂഷൻ നടത്തിയതായി പറയപ്പെടുന്ന ക്രമവിരുദ്ധ യാത്രയെക്കുറിച്ചുള്ള വിവരങ്ങൾ വിജിലൻസ് തേടിയിട്ടുണ്ടോ;

(ഡി) മുൻ ചീഫ് സെക്രട്ടറി, നിയമവിരുദ്ധമായി പ്രവൃത്തിച്ചതായി ഉന്നയിക്കപ്പെട്ട ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി</u>

243. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതികളെ കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) സ്പോർട്സ് വകുപ്പ് മന്ത്രി ശ്രീ .തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഴിമതി സംബന്ധിച്ച അന്വേഷണം നടത്തിയാൽ കുടുങ്ങുന്ന ചിലരുണ്ടെന്നും അവരുടെ പേര് പിന്നീട് പറയാമെന്നും പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(സി) അന്വേഷണ സംഘത്തിന് തനിക്കറിയാവുന്നവരുടെ പേര് മന്ത്രി നല്കിയിട്ടുണ്ടോ;അന്വേഷണ സംഘം മന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അഴിമതി നടത്തിയതിനെക്കുറിച്ച് അറിയാവുന്ന മന്ത്രി അക്കാര്യം യഥാസമയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് എത്രത്തോളം കുറ്റകരമാണ്; ഇക്കാര്യത്തിൽ ഒരു മന്ത്രിയ്ക്ക് പ്രത്യേക പരിരക്ഷ ഉണ്ടോ; വിശദമാക്കാമോ?

<u>പാറ്റൂർ ഭൂമി വിജിലൻസ് അന്വേഷണം</u>

244. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂരിലെ ജലവിഭവ വകുപ്പ വക ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) അധികാരദുർവിനിയോഗവും അഴിമതിയും ക്രമക്കേടുകളും നടത്തിയതായി വിജിലൻസ് കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ;

(സി) കുറ്റക്കാരായവർക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത് എന്നാണ്;

(ഡി) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടായിരുന്നുവോ;

(ഇ) അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് കൈമാറിയ ശേഷം ചീഫ് സെക്രട്ടറി, വിജിലൻസ് ഡയറക്ടറെ ഫോണിലും അല്ലാതെയും എത്ര തവണ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു;

(എഫ്) ചീഫ് സെക്രട്ടറിക്ക് വിജിലൻസ് വകുപ്പിന്റെ എന്തെങ്കിലും ചുമതല നേരിട്ട് ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ വിജിലൻസ് ഡയറക്ടറെ ഔദ്യോഗികമായ എന്തെല്ലാം കാര്യങ്ങൾക്കാണ് ഫോണിൽ ബന്ധപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ, അന്വേഷണ ഏജൻസിയുടെ ഡയറക്ടറെ നിരന്തരം ബന്ധപ്പെടുന്നത് എത്രത്തോളം ഉചിതമാണ് ?

## ബാർകോഴ - വിജിലൻസ് അന്വേഷണം

245. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ ഇടപാടിൽ ആരോപിതരായ മന്ത്രിമാരും നേതാക്കൻമാരും തങ്ങളുടെ പേര് വിവരങ്ങളും തെളിവുകളും പുറത്തു വരാതിരിക്കാൻ ബാറുടമകളിൽ ഒരു വിഭാഗത്തിൻമേൽ സമ്മർദ്ദം ചെലുത്തിയതായുള്ള റിപ്പോർട്ടുകൾ വിജിലൻസ് അന്വേഷണ സംഘം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാക്ഷികളെ സമ്മർദ്ദത്തിലാക്കാൻ ശ്രമിച്ചതായുള്ള പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അന്വേഷണ സംഘത്തിന് തെളിവുകളും മൊഴികളും നൽകാതിരുന്ന സാക്ഷികൾ ആരൊക്കെയാണെന്ന് വെളിവായിട്ടുണ്ടോ?

## ബാർകോഴ കേസ് അന്വേഷണം

246. ശ്രീ.എസ്.ശർമ്മ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.കെ.നാരായണൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തിന് ലഭിച്ച, ബാറുടമകളുടെ സംസ്ഥാന നിർവ്വാഹക സമിതിയോഗത്തിന്റെ ശബ്ദരേഖയിൽ നിന്നും എന്തെല്ലാം തെളിവുകൾ വെളിവാക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) സാക്ഷികളായി ആരെയെല്ലാം ഇതിനകം വിജിലൻസ് സംഘം ചോദ്യം ചെയ്യുകയുണ്ടായി ; നിർവ്വാഹക സമിതി യോഗത്തിൽ സംസാരിച്ച ആരെങ്കിലും, ബന്ധപ്പെട്ട ശബ്ദരേഖയിൽ പറയുന്നതിന് വിരുദ്ധമായി നിലപാട് സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഭരണത്തിലെ ഉന്നതതലത്തിൽപ്പെട്ടവർ ആരോപിതരായ ഈ കേസിൽ ബറുടമകൾ ആരെക്കിലും സമ്മർദ്ദങ്ങൾക്കിടയായിട്ടുള്ളതായി അറിയാമോ ;

(ഡി) അഴിമതി പണം കൈപറ്റിയവർ അതിന് രസീതോ തെളിവോ നല്കുകയില്ലെന്ന കാര്യം അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ ;

(ഇ) ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലും, സാക്ഷി മൊഴി നൽകാൻ തയ്യാറായവരെ സമ്മർദ്ദക്കാരിൽ നിന്ന് വിമുക്തമാക്കിയും സത്യസന്ധവും വസ്തുതാപരവുമായ അന്വേഷണം ഉറപ്പാക്കിയും കോഴ വാങ്ങിയവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

## ബാർകോഴ കേസ് അന്വേഷണം

247. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർക്കോഴയുമായി ബന്ധപ്പെട്ട് 31.12.2014-ൽ നടന്ന ബാർ അസോസിയേഷൻ യോഗത്തിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായത് വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യോഗത്തിൽ നടന്ന ചർച്ചകളുടെ ശബ്ദരേഖ വിജിലൻസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(സി) ശ്രീ മാണി കോഴ വാങ്ങിയതായുള്ള ആരോപണങ്ങളെ ബലപ്പെടുത്തുന്ന ഒട്ടേറെ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ബാർ അസോസിയേഷൻ യോഗത്തിന്റെ ശബ്ദരേഖ കൈവശപ്പെടുത്തി ക്കൊണ്ട്, അന്വേഷണം നടത്തി പുതുതായി ആരെയെല്ലാം കേസിൽ പ്രതികളാക്കുകയുണ്ടായിട്ടുണ്ട്?

## ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന

248. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന റിപ്പോർട്ടിന്റെ ഒരു പകർപ്പും ശേഖരിച്ച തെളിവുകളുടെയും രേഖകളുടെയും പകർപ്പുകളും

ലഭ്യമാക്കാമോ;

(ബി) ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർനടപടി വിശദമാക്കാമോ;

(സി) കേരള ഹൈക്കോടതിയിൽ ബാർകോഴ സംബന്ധിച്ച കേസുകളിൽ വിജിലൻസും സർക്കാരും അറിയിച്ച നിലപാടുകൾ വിശദമാക്കാമോ;കോടതിയിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച വിജിലൻസ് അന്വേഷണം</u>

249. ശ്രീ.എ.കെ.ബാലൻ

,, വി.ശിവൻകുട്ടി

,, എം. ഹംസ

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച ലോകായുക്ത നിർദ്ദേശപ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിജിലൻസ് എ.ഡി.ജി.പി. ലോകായുക്തയ്ക്ക് നൽകിയ റിപ്പോർട്ടിൽ, ഭൂമി ഇടപാടിൽ മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും പങ്ക് വ്യക്തമാക്കുന്നുണ്ടോ;

(സി) കേരള വാട്ടർ സപ്ലൈസ് ആന്റ് സ്വീവറേജ് നിയമത്തിന് വിരുദ്ധമായ നടപടികളിലൂടെ അഴിമതി വിരുദ്ധ നിയമപ്രകാരമുള്ള കുറ്റം ഉന്നത ഭരണനേതൃത്വത്തിൽ നിന്നുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) ഉന്നത ഭരണനേതൃത്വം പങ്കാളിയാണെന്ന് എ.ഡി.ജി.പി. സൂചിപ്പിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഫയലുകളിലെ ഖണ്ഡികകൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണോ; റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഫയലിലെ 57 മുതൽ 60 വരെയുള്ള ഖണ്ഡികകൾക്ക് താഴെ ഒപ്പിട്ടിരിക്കുന്നത് ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) വാട്ടർ അതോറിറ്റിയുടെ പൈപ്പ്‌ലൈൻ മാറ്റിയിട്ട് കൊടുക്കുവാനായി ഉത്തരവ് നല്കിയതാരാണ്; ഇതിനാധാരമായ റിപ്പോർട്ട് നിയമവിരുദ്ധമായി ഉണ്ടാക്കിയതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) പൈപ്പ്‌ലൈൻ പോയ പുറമ്പോക്ക് ഭൂമിയെ സംബന്ധിച്ച് കൃത്യത ഉണ്ടായിരിക്കെ, കയ്യേറ്റം ഒഴിപ്പിക്കാൻ ഉത്തരവ് നൽകാതെ, സെറ്റിൽ ചെയ്യാൻ മുഖ്യമന്ത്രി ഉത്തരവ് നൽകിയത് എന്തുകൊണ്ടായിരുന്നു;

(ജി) പൈപ്പ്ലൈനിന്റെ സമ്പൂർണ്ണ അധികാരം വാട്ടർ അതോറ്റിക്കാണോ; എങ്കിൽ ജലവിഭവ വകുപ്പിനെ അവഗണിച്ചുകൊണ്ട് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയത് നിയമാനുസൃതമായിരുന്നുവോ; വിശദമാക്കാമോ; ഇത് സംബന്ധമായ വിജിലൻസ് എ.ഡി.ജി.പി.യുടെ കണ്ടെത്തൽ എന്തായിരുന്നു; പുറമ്പോക്കിലെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിന് നൽകിയ എൻ.ഒ.സി.കൾ റദ്ദാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പാറ്റൂർ ഭൂമി ഇടപാട്,വിജിലൻസ് അന്വേഷണ റിപ്പോർട്ട്

250. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി ഇടപാടിൽ വിജിലൻസ് അന്വേഷിച്ച് കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ആരെല്ലാം എടുത്ത തീരുമാനത്തിന്റെയും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് പാറ്റൂരിലെ സർക്കാർ ഭൂമി, റിയൽ എസ്റ്റേറ്റ് മുതലാളിക്ക് മറിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമവിരുദ്ധമായ തീരുമാനം എടുത്ത് പൊതുസ്വത്ത് നഷ്ടപ്പെടുത്തിയ ഉന്നതരെയെല്ലാം പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പാറ്റൂർ ഭൂമി കുംഭകോണം സംബന്ധിച്ച വിജിലൻസ് അന്വേഷണം

251. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി കുംഭകോണം സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർക്ക് ലഭിച്ച നിയമ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ലഭിച്ച നിയമ ഉപദേശത്തിന്റെ പശ്ചാത്തലത്തിൽ വിജിലൻസ് ഡറക്ടർ, ആർക്കെല്ലാം കത്തുകൾ അയച്ചിട്ടുണ്ട് ; ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി, ആരെല്ലാം ആവശ്യപ്പെട്ടത് പ്രകാരമാണ് കത്തുകൾ അയച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ ;

(ഡി) സംസ്ഥാന ചീഫ് സെക്രട്ടറിയെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ എന്തെല്ലാം ഉന്നയിക്കപ്പെട്ടിട്ടുണ്ടായിരുന്നു ?

## പാറ്റൂർ ഭൂമി തട്ടിപ്പ് കേസ്സ്

252. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി തട്ടിപ്പ് കേസ്സിൽ ലോകായുക്തയ്ക്ക് ശക്തമായ അന്വേഷണ റിപ്പോർട്ട് നൽകിയ വിജിലൻസ് ഡി.ജി.പി. ജേക്കബ് തോമസ് ഏതുനിമിഷവും ആക്രമിക്കപ്പെട്ടേയ്ക്കാം എന്ന അദ്ദേഹത്തിന്റെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ അഭിപ്രായം വ്യക്തമാക്കാമോ;

(ബി) സത്യസന്ധരും, മികവുറ്റ അന്വേഷണ ഉദ്യോഗസ്ഥരുമായവർക്ക് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യാൻ ആവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

## ബാർകോഴ ആരോപണം

253. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ അടക്കമുള്ള ധനമന്ത്രി ശ്രീ.കെ.എം.മാണിയുടെ ഇടപാടുകൾ സംബന്ധിച്ച് മുഖ്യമന്ത്രിയോട് പറഞ്ഞിരുന്നുവെന്ന യു.ഡി.എഫ് നേതാവും മുൻമന്ത്രിയുമായ ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ടെലിഫോൺ സംഭാഷണത്തിലൂടെയുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാർ കോഴ ആരോപണം സംബന്ധിച്ച് അന്വേഷിക്കുന്ന വിജിലൻസ് സംഘം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്താണ്;

(സി) ബാർ കോഴ ഇടപാട് സാധ്യത സംബന്ധിച്ച് മുഖ്യമന്ത്രിയിൽ നിന്നും മുൻകൂട്ടിയുള്ള നിർദ്ദേശം വിജിലൻസിന് ലഭിച്ചിട്ടുണ്ടായിരുന്നുവോ; ബാലകൃഷ്ണപിള്ള പറഞ്ഞതായി പറയപ്പെടുന്ന വിവരം മുഖ്യമന്ത്രി വിജിലൻസിന് കൈമാറിയിട്ടുണ്ടോ ;

(ഡി) വെളിപ്പെടുത്തലിനെതുടർന്ന് വിജിലൻസ് സംഘം മുഖ്യമന്ത്രിയോടും, ധനകാര്യമന്ത്രിയോടും വെളിപ്പെടുത്തലുകളെ സംബന്ധിച്ച് ആരായുകയുണ്ടായോ; ഇതേ തുടർന്ന് പ്രത്യേകമായി ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന്

വ്യക്തമാക്കാമോ?

വിജിലൻസ് ലോകായുക്തയ്ക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

254. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ലോകായുക്ത ആവശ്യപ്പെട്ടതനുസരിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടുള്ള പരാതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ ഏതെല്ലാം പരാതികളിന്മേൽ വിജിലൻസ് ലോകായുക്തയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്;

(സി) വിജിലൻസ് അന്വേഷണത്തിൽ പ്രഥമ ദൃഷ്ട്യാ ആരോപണം ശരിയാണെന്ന് തെളിഞ്ഞ കേസുകൾ ഏതെല്ലാം; അത്തരം കേസുകളിലെല്ലാം ലോകായുക്തയുടെ റിപ്പോർട്ട് നല്കുന്നതോടോപ്പം വിജിലൻസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം കേസുകളിൽ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ആഫീസിനെക്കുറിച്ച് ഉന്നയിച്ച ആരോപണങ്ങൾ

255. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ആഫീസിനെക്കുറിച്ച് മുൻ മന്ത്രി ശ്രീ. ഗണേഷ് കുമാർ എം.എൽ.എ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശ്രീ. ഗണേഷ് കുമാർ എം.എൽ.എ. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകിയിരുന്ന കത്തിന്മേൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(സി) ആരോപണം ഉന്നയിച്ച ആളിൽ നിന്നും, ആരോപിതരായവരിൽ നിന്നും വിജിലൻസ് തെളിവ് എടുത്തിട്ടുണ്ടോ;

(ഡി) ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

256. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കും ആഫീസിനും എതിരെ ലോകായുക്തയ്ക്ക് പരാതി ലഭിച്ചിട്ടുണ്ടോ; ലോകായുക്ത കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസിൽ മുൻ മന്ത്രിയും നിയമസഭാംഗവുമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ മൊഴി നൽകിയിട്ടുണ്ടോ;അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) മന്ത്രിക്കും ആഫീസിനും എതിരായുള്ള പരാതിയിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

257. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതിയിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; അതിൽ ഏതെല്ലാം പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും എന്ന് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന പരാതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) കോടതിയിൽ സമർപ്പിക്കപ്പെട്ട എഫ്.ഐ.ആർ. പ്രകാരം പ്രതികളായിട്ടുള്ളവർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ വിജിലൻസ് സംഘമാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പാറ്റൂർ സ്വദേശി സുനിൽ നൽകിയ പരാതിയിൽ കുറ്റക്കാരായ ആരെയെല്ലാം ശിക്ഷിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) അന്വേഷണം നടക്കുന്ന മറ്റ് പരാതികൾ ആർക്കെല്ലാം എതിരായിട്ടുള്ളതാണെന്ന് വിശദമാക്കാമോ?

മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെയുള്ള വിജിലൻസ് അന്വേഷണം

258. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് എത്ര ഹർജികൾ ലഭിച്ചു ; വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചവ എത്ര; സർക്കാരിന് ലഭിച്ചവ എത്ര ;

(ബി) ഏതെല്ലാം ഹർജികൾ പ്രാഥമിക അന്വേഷണം നടത്തി തുടർ അന്വേഷണം ആവശ്യമില്ലെന്ന് കണ്ട് ഉപേക്ഷിച്ചു ;

(സി) ഏതെല്ലാം ഹർജികളിൽ വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ട്;ഇതിലെ കക്ഷികൾ ആരെല്ലാം ; അന്വേഷണം പൂർത്തിയാക്കിയവ എത്ര;

(ഡി) സർക്കാരിന് ലഭിച്ച എത്ര ഹർജികൾ വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര?

<u>മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി</u>

259. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, ബെന്നി ബെഹനാൻ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി, തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

260. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ മന്ത്രിമാർക്കെതിരെ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന വിജിലൻസ് കേസുകൾ എത്രയായിരുന്നു; ആർക്കെല്ലാം എതിരെ ;ഏതെല്ലാം കേസുകൾ ഉണ്ടായിരുന്നു;

(ബി) മന്ത്രിമാർക്കെതിരെ എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ടായിരുന്നു; ആർക്കെല്ലാം എതിരെ ഏതെല്ലാം കേസുകൾ എന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിമാർ ആയിരിക്കെ, അവർക്കെതിരെ ഏതെല്ലാം കേസുകളിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ട്; ഉണ്ടായിരുന്ന ഏതെല്ലാം കേസുകൾ പിൻവലിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി; എത്ര ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു ?

## പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്

261. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് -1958 നിയമ പ്രകാരമുള്ള പരിരക്ഷ നിലവിൽ സംസ്ഥാനത്ത് എത്രപേർക്ക് ലഭിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ആക്ടിന്റെ പരിരക്ഷ സംസ്ഥാനത്ത് കാര്യമായി പ്രയോജനപ്പെടുത്താത്ത സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആദ്യമായി കുറ്റം ചെയ്യുന്നവരെ നിരീക്ഷിക്കുന്നതിനും ജയിലുകളിലേയ്ക്കയക്കുന്നത് ഒഴിവാക്കുന്നതിനുമായി ഈ നിയമം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) നിയമത്തിന്റെ വകുപ്പുകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

## അസിസ്റ്റന്റ് പ്രിസൺ ആഫീസർ നിയമനം

262. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) അസിസ്റ്റന്റ് പ്രിസൺ ആഫീസർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) മോഡൽ പ്രിസൺ മാനുവൽ പ്രകാരം തിരുവനന്തപുരം ജയിൽ യൂണിറ്റിലെ എത്ര അസിസ്റ്റന്റ് പ്രിസൺ ആഫീസർമാരുടെ ഒഴിവുകൾ നികത്തേണ്ടതായുണ്ട് എന്ന

വിവരം വെളപ്പെടുത്തുമോ?

<u>വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം</u>

263. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം ഓൺലൈൻ വഴിയാക്കിയതിന്റെ ഗുണദോഷങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഓൺലൈൻ ലേല നടപടി ആരംഭിച്ചതിനുശേഷം ഇന്നേവരെ വില്പനയിൽ കുറവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഓൺലൈൻ രീതി പരാജയപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തി എന്ന ആക്ഷേപം സർക്കാരിനറിയുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) അനുവർത്തിച്ചുപോന്നിരുന്ന ലേലനടപടി, ഓൺലൈനിലാക്കിയപ്പോൾ കടുത്ത നിബന്ധനകൾ സാധാരണക്കാരെ ലേലത്തിൽനിന്നും അകറ്റാനിടയാക്കിയെന്നറിയുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓൺലൈനിലൂടെയുള്ള മരംലേല നടപടി സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ സുതാര്യവും ലളിതവുമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എഫ്) വനം വകുപ്പിലെ ചില അധികാരികളും മരവ്യാപാരികളും തമ്മിലുള്ളതായി ആക്ഷേപിക്കപ്പെട്ട അവിശുദ്ധ ബന്ധം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>വനം വകുപ്പ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ</u>

264. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ സുതാര്യത ഇല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ മുഖേന വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ, ജനപ്രതിനിധികളുടെയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സുതാര്യത ഉറപ്പ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും തടികളുടെ ഓൺലൈൻ ലേലത്തിനും സംവിധാനം.</u>

265. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിനു കീഴിലുള്ള വിവിധ റേഞ്ചുകളിൽ നിന്നും തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും ഡിപ്പോകളിലും റെയിഞ്ചുകളിലും അട്ടിവച്ചിട്ടുള്ള തടികളുടെ ഓക്ഷനും ഓൺലൈൻ സംവിധാനം എന്നുമുതലാണ് ഏർപ്പെടുത്തിയത് ; തടി മുറിക്കുന്നതിന് ഇ ടെൻഡറും , തടി ലേലത്തിന് ഇ ഓക്ഷനും ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; ആരുടെ നിർദ്ദേശപ്രകാരമാണ് ഈ രണ്ടു മേഖലയിലും ഇ ടെൻഡറും, ഇ ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇ ടെൻഡറും, ഇ ഓക്ഷനും നടത്തുന്നത് വനംവകുപ്പ് നേരിട്ടാണോ ; അല്ലെങ്കിൽ ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കുന്നത് ; ഇത് പൊതുമേഖലാ സ്ഥാപനമാണോ ; ഇങ്ങനെ ഒരു ഏജൻസിയെ ഇത് ഏൽപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ ; എത്ര ശതമാനം തുകയാണ് ഈ ഏജൻസിക്ക് നൽകേണ്ടി വരിക; ഇ ടെൻഡറിംഗും , ഇ ഓക്ഷനും ഏർപ്പെടുത്തിയതിനു ശേഷം എത്ര തുകയ്ക്കുള്ള ഇ ടെൻഡർ, ഇ ഓക്ഷൻ എന്നിവ ഈ ഏജൻസി വഴി നടത്തി ; എത്ര തുക ഇതിനായി ഏജൻസിക്ക് നൽകി ;

(സി) ഇ ടെൻഡറിലും ഇ ഓക്ഷനിലും പങ്കെടുക്കാനായി കരാറുകാർ ലൈസൻസ് ഫീസോ, രജിസ്ട്രേഷൻ ഫീസോ ഈ ഏജൻസിക്ക് അടയ്ക്കേണ്ടതുണ്ടോ ; എങ്കിൽ ഓരോ വിഭാഗത്തിലും അടയ്ക്കേണ്ട തുക എത്ര വീതം ; ഈ തുക നിശ്ചയിച്ചത് ആരാണ്;

(ഡി) സംസ്ഥാന വനംവകുപ്പിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ഇത്തരത്തിൽ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തടി വിൽപ്പനയ്ക്കായി വനംവകുപ്പിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ ; ഇ ഓക്ഷൻ ഏർപ്പെടുത്തുന്നതിന് മുമ്പ് ഡിപ്പോകളിലെ ലേലത്തിന് സാധാരണയായി പങ്കെടുത്തിരുന്നവർ എത്ര ; ഇ ഓക്ഷന് രജിസ്റ്റർ ചെയ്തവർ എത്ര ; ഇ ഓക്ഷൻ വരുന്നതിനു മുമ്പുള്ള 4 മാസത്തെ ശരാശരി വിൽപ്പന നികുതിയും, വന്നതിനുശേഷം 4 മാസത്തെ വിൽപ്പന നികുതിയും എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(എഫ്) മറ്റ് സംസ്ഥാനങ്ങളിൽ പരാജയപ്പെട്ട ഈ പരീക്ഷണംവഴി സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന നിരവധി ചെറുകിട കച്ചവടക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയും, , സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം വരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ സംവിധാനം പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാവുമോ ?

കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെയുള്ള ചപ്പാത്ത് നിർമ്മാണം

266. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ തെന്മല ഗ്രാമപഞ്ചായത്തിൽ ചെറുകടവ് വാർഡിൽ തൊടിയിൽ കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെ ചപ്പാത്ത് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം വനം വകുപ്പിന് ലഭിച്ച തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ടി പ്രവൃത്തിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്നാണ് ;ആയതിനു 19.11.2014-ലെ FC2-47083/2014 നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)നൽകിയ മറുപടി കത്തുകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കാവുകളുടെ സംരക്ഷണം

267. ശ്രീ.പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ വനംവകുപ്പ് നടപടി സ്വീകരിക്കുമോ ?

വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവർ

268. ശ്രീ.വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സമൂഹങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ?

<u>ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

269. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ നിഷേധാത്മക സമീപനം കാരണം ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വികരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ച മരങ്ങൾ പിഴുത് വീണത് ഉൾപ്പെടെ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നത് മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>മാവോയിസ്റ്റ് ഭീഷണി</u>

270. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയുള്ള വനപ്രദേശങ്ങൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ ഡിവിഷനുകളുടേയും, റെയ്ഞ്ചുകളുടേയും പരിധിയിൽ വരുന്ന പ്രദേശങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണി തീവ്രവാദികളിൽ നിന്നും ഉണ്ടായ സംഭവങ്ങൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് നൽകുന്നുണ്ടോ എന്നും എങ്കിൽ എത്ര രൂപ വീതമെന്നും ഇല്ലെങ്കിൽ റിസ്ക് അലവൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ;

(ഇ) മാവോയിസ്റ്റ് സാന്നിദ്ധ്യമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഉണ്ടാകാവുന്ന ഭീഷണികൾ സംബന്ധിച്ച് സർക്കാരിന് ബോധ്യമുണ്ടോ എന്നും ഇത് സംബന്ധിച്ച് എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) മാവോയിസ്റ്റുകൾ വനം വകുപ്പിനെ പ്രധാന ശത്രുക്കളായി കണ്ട് ഇറക്കിയ ലഘുലേഖകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് മുൻകരുതൽ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമി.

271. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിക്ക് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നെൻമാറ ഡി.എഫ്.ഒ. നൽകിയ എൻ.ഒ.സി. സർക്കാർ പിന്നീട് സ്റ്റേ ചെയ്തിട്ടുണ്ടോ?

(ബി) എങ്കിൽ അതിനെതിരെ കരുണാ എസ്റ്റേറ്റ് കോടതിയെ സമീപിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് പോബ്സൺ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) പോബ്സണിന് വേണ്ടി കേസിൽ വക്കാലത്ത് എടുത്തിട്ടുള്ള വക്കീലൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ഇ) കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് സർക്കാരിന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## പുത്തൂർ സുവോളജിക്കൽ പാർക്ക്

272. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## അഗസ്ത്യാർകൂട സന്ദർശനം

273. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ അഗസ്ത്യാർകൂടം സന്ദർശനം പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തത് ഏതൊക്കെ ദിവസങ്ങളിലായിരുന്നു;

(ബി) സന്ദർശനത്തിനായി പാസ് നൽകിയത് എപ്രകാരമൊക്കെയായിരുന്നു;

(സി) എത്ര പേർക്കാണ് പാസ് നൽകിയത്;

(ഡി) എത്ര അന്യ സംസ്ഥാനക്കാർക്കാണ് പാസ് നൽകിയത്;

(ഇ) സ്ഥിരമായി അഗസ്ത്യാർകൂട സന്ദർശനം നടത്തിവരുന്ന കേരളീയർക്ക് മുഴുവൻ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മിഷൻ **676** ൽ പരിസ്ഥിതി സംരക്ഷണം.

274. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, വി.പി.സജീന്ദ്രൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

## ദേശീയ ഗെയിംസ് കളിസ്ഥലങ്ങളുടെ സംരക്ഷണം

275. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, അൻവർ സാദത്ത്
,, വി.റ്റി.ബൽറാം
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന് വേണ്ടിനവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ സംരക്ഷണം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

## റൺ കേരള റൺ

276. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ കൂട്ടയോട്ടം സംഘടിപ്പിക്കാൻ സർക്കാർ ടെണ്ടർ ക്ഷണിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്നു ടെണ്ടർ വ്യവസ്ഥകൾ എന്നതിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും, ക്വാട്ട് ചെയ്ത തുകയും വ്യക്തമാക്കുമോ;

(സി) ടെണ്ടറിൽ പങ്കെടുക്കുവാൻ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ ഉറപ്പിച്ച സ്ഥാപനം ഏതായിരുന്നു എന്നും എത്ര രൂപയായിരുന്നു ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ;

(ഇ) ദേശീയ ഗെയിംസിന്റെ സംഘാടനത്തിന് എത്ര രൂപയാണ് ചിലവായതെന്നും കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയായിരുന്നു എന്നും വ്യക്തമാക്കുമോ?

## റൺ കേരള റൺ സംഘടിപ്പിക്കുന്നതിന് ചെലവായ തുക

277. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായ റൺ കേരള റൺ സംഘടിപ്പിച്ച തിന് ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം ചെലവ് വരുമെന്ന് വ്യക്തമാക്കാമോ; ഇതിനകം ചെലവായ തുക എത്ര;

(ബി) പത്ര-ദൃശ്യ മാധ്യമങ്ങൾക്കും, പരസ്യ/മാനേജ്മെന്റ്/ഇതര ഏജൻസികൾക്കുമായി ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം നൽകേണ്ടതായിട്ടുണ്ട്; ഇതിനകം നൽകിയ തുക എത്ര;

(സി) റൺ കേരള റൺ പരിപാടിയുമായി ബന്ധപ്പെട്ട് തയ്യാറാക്കപ്പെട്ട ബഡ്ജറ്റിൽ എന്തു തുക ഏതെല്ലാം ഇനത്തിൽ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു; യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര;വിശദമാക്കുമോ?

<u>ദേശീയ ഗയിംസ്</u>

278. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ വിജയകരമായ പരിസമാപ്തി കേരളത്തിന്റെ സ്പോർട്സ് മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും സ്പോർട്സിന്റെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയ ഗെയിംസിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ദേശീയ ഗയിംസ് സംബന്ധിച്ച സാമ്പത്തിക ക്രമക്കേടുകൾ .</u>

279. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗയിംസ് സംബന്ധിച്ച് സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ആലോചിക്കുന്നുണ്ടോ;

<u>ദേശീയ ഗെയിംസ്</u>

280. ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതിന് ആകെ എന്ത് തുക ചെലവായി;

(ബി) കേന്ദ്ര ഗവൺമെന്റ് ഇതിന് വേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റുകളിലായി എത്ര തുക ഇതിനു വേണ്ടി വകയിരുത്തിയിട്ടുള്ളത്;

(ഡി) ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ദേശീയ ഗെയിംസിന്റെ മുന്നോടിയായി കൂട്ടയോട്ടം സംഘടിപ്പിക്കാനുള്ള തീരുമാനം എപ്പോഴാണ് കൈക്കൊണ്ടത്; ആരാണ് കൈക്കൊണ്ടത്;

(എഫ്) കൂട്ടയോട്ടം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് എന്ത് തുക ചെലവഴിക്കേണ്ടി വന്നു;

(ജി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ എന്ത് തുക ചെലവഴിക്കേണ്ടി വന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ദേശീയ ഗെയിംസ് പൈറോ ടെക്നിക് കരിമരുന്നു പ്രയോഗം

281. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാം ദേശീയ ഗെയിംസിന്റെ ഉദ്ഘാടന -സമാപന ചടങ്ങുകളിൽ പൈറോ ടെക്നിക് എന്ന കരിമരുന്നു പ്രയോഗത്തിനായി ആകെ എത്ര തുകയാണ് വിനിയോഗിക്കപ്പെട്ടതെന്നും, ഇവയിൽ ഓരോ ചടങ്ങിലും എത്ര സമയം വീതം പൈറോടെക്നിക് ഉപയോഗിച്ചുവെന്നും, ഈ പൈറോടെക്നിക് നിർവ്വഹിച്ചത് ഏത് കമ്പനി/വ്യക്തി ആണെന്നും, ഇതു സംബന്ധിച്ചുള്ള ടെണ്ടർ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## ദേശീയ ഗെയിംസ് മീഡിയ സെന്റർ

282. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി പ്രധാന മീഡിയ സെന്റർ സ്ഥാപിച്ചത് സർക്കാർ കെട്ടിടത്തിലാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര കോടി രൂപ ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) മീഡിയാ സെന്ററിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഗെയിംസിന് ശേഷം ഇവയുടെ സംരക്ഷണം നിക്ഷിപ്തമാക്കിയിരിക്കുന്നത് സർക്കാരിന്റെ ഏത് സംവിധാനത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഗെയിംസ് ആരംഭിക്കുന്നതിന്റെ എത്ര ദിവസം മുമ്പ് ഈ സൗകര്യങ്ങളെല്ലാം പൂർത്തീകരിക്കുകയുണ്ടായി എന്ന് അറിയിക്കാമോ;

(എഫ്) മീഡിയാ സെന്ററിന്റെ പ്രവർത്തനം പുതുതായി ഒരുക്കിയ സംവിധാനത്തിലൂടെ എന്നാണ് ആരംഭിച്ചതെന്നു വിശദമാക്കാമോ ?

<u>ദേശീയ ഗെയിംസ് വേദികൾ</u>

283. **ശ്രീമതി.പി.** അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിന്റെ വേദിയല്ലാത്ത ഏതെല്ലാം സ്റ്റേഡിയങ്ങളും കായികവേദികളും ഗെയിംസിനായി അനുവദിക്കപ്പെട്ടതോ വകയിരുത്തിയതോ ആയ പണം ഉപയോഗിച്ചു നവീകരിക്കുയുണ്ടായി;

(ബി) ഓരോ നവീകരണ പ്രവർത്തികൾക്കും എത്ര തുക ചെലവായി;

(സി) ഗെയിംസ് വേദികളല്ലാത്ത ഇടങ്ങളിൽ പ്രസ്തുത നവീകരണ പ്രവർത്തികൾ നടത്തിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ദേശീയ ഗെയിംസ് സംഘടനാ സമിതിയും ഉപകമ്മിറ്റികളും</u>

284. **ശ്രീ.**സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് സംഘടനാ സമിതിയും ഉപകമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ കമ്മിറ്റിയ്ക്കും പ്രസ്തുത ഉത്തരവ് വഴി നൽകിയ അധികാരങ്ങൾ എന്തൊക്കെയായിരുന്നു; അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ദേശിയ ഗെയിംസ് സംഘാടന കമ്മിറ്റികൾ

285. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗെയിംസ് സംഘാടനവുമായി ബന്ധപ്പെട്ട് എത്ര കമ്മിറ്റികൾ രൂപീകരിച്ചു ; അവയിൽ നിന്നും പിന്നീട് ആരൊക്കെ രാജിവെച്ചു ; രാജി സന്നദ്ധത പ്രസ്താവനയിലൂടെയും മറ്റും അറിയിച്ചവർ ആരൊക്കെ; വിശദമാക്കാമോ;

(ബി) രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ഓരോന്നും എത്ര തവണ വീതം യോഗം ചേർന്നു ; രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ഏതെങ്കിലും യോഗം ചേരാതിരുന്നിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) ഏത് മന്ത്രിസഭാ യോഗത്തിലാണ് സ്പോർട്സ് വകുപ്പ് മന്ത്രി, വകുപ്പ് ഒഴിവാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടായിരുന്നത് ; കാരണം എന്തായിരുന്നു ; ചീഫ് സെക്രട്ടറിയുടെ ഏതെങ്കിലും നിലപാടിനെ സ്പോർട്സ് വകുപ്പ് മന്ത്രി മന്ത്രിസഭാ യോഗത്തിലും പുറത്തും വിമർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ?

## ദേശിയ ഗെയിംസ് ഉദ്ഘാടന ചടങ്ങ്-കരിമരുന്ന് പ്രയോഗം

286. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗെയിംസ് ഉദ്ഘാടന ചടങ്ങിൽ കരിമരുന്ന് പ്രയോഗിക്കാൻ തീരുമാനം എടുത്തത് ഏത് തലത്തിലാണ്; ഇതിനായി എസ്റ്റിമേറ്റ് ചെയ്ത തുക എത്ര; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കിയത്; ഏജൻസിയെ കണ്ടെത്തിയത് ഏത് നടപടി ക്രമത്തിലൂടെയാണ്;

(ബി) ഇതിനായി ചെലവായ തുക എത്ര; തീരുമാനിച്ചതനുസരിച്ചുള്ള കരിമരുന്നു പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയത് ഏതു രീതിയിലായിരുന്നു; ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരായിരുന്നു ;

(സി) കരിമരുന്നു പ്രയോഗവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ ?

## ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിന്റെ നടത്തിപ്പ്

287. ശ്രീ.എം.ചന്ദ്രൻ

,, പി.ടി.എ. റഹീം

ശ്രീമതി.കെ.കെ.ലതിക

ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വിനോദപരിപാടി സംഘടിപ്പിച്ചത് ആരാണ്;

(ബി) വിനോദപരിപാടിയുടെ പ്രതിഫലമായി ആർക്കെല്ലാം എത്ര തുകവീതം നൽകുകയുണ്ടായി; ആരെങ്കിലും പ്രതിഫല തുക തിരികെ നൽകുകയുണ്ടായോ; എങ്കിൽ ആരെല്ലാം; എത്ര തുക; ഇതിനിടയായ സാഹചര്യം എന്തായിരുന്നു;

(സി) പ്രതിഫല തുക തിരിച്ച് വാങ്ങേണ്ടതില്ലെന്ന് മന്ത്രിസഭ തീരുമാനിച്ചത് ആരുടെയെല്ലാം കാര്യത്തിലാണ്; ആയതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) മോഹൻലാലിൽ നിന്ന് പണം തിരികെ വാങ്ങേണ്ടതില്ലെന്ന മന്ത്രിസഭാ തീരുമാനം, ഉത്തരവുവഴി സി.ഇ.ഒ.യെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പണം കൈപ്പറ്റാതെ തിരിച്ചയക്കാതിരുന്നത് എന്തുകൊണ്ടാണ്; സഞ്ചിതനിധിയിൽ നിന്നുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച ഏത് വ്യവസ്ഥ പ്രകാരമാണ് മന്ത്രിസഭയുടെ പ്രസ്തുത തീരുമാനം;

(ഇ) പ്രതിഫലതുക തിരികെ വാങ്ങണമെന്ന അഭ്യർത്ഥനയുമായി മുഖ്യമന്ത്രിയും കായിക വകുപ്പ് മന്ത്രിയും ആരെയെല്ലാം നേരിട്ട് കാണുകയുണ്ടായി; തിരിച്ചയച്ച പണം ശ്രീ. മോഹൻലാൽ സ്വീകരിക്കുകയുണ്ടായോ ; കൂടിക്കാഴ്ചയിൽ ഏതെങ്കിലും കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ശ്രീ. മോഹൻലാലിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കാമോ;

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം നടപടികളിൽ വീഴ്ച ഉണ്ടായിട്ടുണ്ട്; ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; മന്ത്രിസഭാ യോഗത്തിൽ, ചെയർമാനും ആക്ടിംഗ് ചെയർമാനും വീഴ്ചകളിലുണ്ടായതായ പങ്ക് വിലയിരുത്തിയിട്ടുണ്ടോ?

<u>ദേശീയ ഗെയിംസ് കമ്മിറ്റി രൂപീകരണം</u>

288. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിലേക്കായി ആകെ എത്ര സബ്കമ്മിറ്റികളാണ് രൂപീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കമ്മിറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദേശീയ ഗെയിംസ് കമ്മിറ്റിയിൽ ധനവകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ എത്തിയവർ, തുറമുഖ വകുപ്പിൽ നിന്നും എത്തിയ വിരമിച്ചവർ, മുൻമന്ത്രിമാരുടെ

പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർ എന്നിവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ദേശീയ ഗെയിംസ് നിർമ്മാണ പദ്ധതികൾ

289. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി നല്കി ; അവ ഓരോന്നിനും ടെക്നിക്കൽ സാങ്ഷൻ നൽകിയത് ഏത് തീയതികളിലായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതി, ടെണ്ടർ വിളിച്ച തീയതി , ടെണ്ടർ ഉറപ്പിച്ച തീയതി, വർക്ക് അവാർഡ് ചെയ്ത തീയതി, എഗ്രിമെന്റ് വെച്ച തീയതി, വർക്ക് ആരംഭിച്ച തീയതി, വർക്ക് പൂർത്തികരിക്കുന്നതിന് കരാറുകാർക്ക് നല്കിയ തീയതി, വർക്ക് പൂർത്തിയാക്കിയ തീയതി, കമ്മീഷൻ ചെയ്ത തീയതി എന്നിവ വിശദീകരിക്കാമോ ;

(സി) ഏതെങ്കിലും വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായിട്ടുണ്ടോ; ഏതെല്ലാം വർക്കിന് എത്ര ശതമാനം വീതം ടെണ്ടർ എക്സസ് നല്കുകയുണ്ടായി ?

ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി

290. **ശ്രീ.ഇ.പി.ജയരാജൻ**

**,, വി.ശിവൻകുട്ടി**

**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

**,, പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ നിറയെ അഴിമതിയുണ്ടായിരുന്നുവെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴിമതികൾ നടന്നത് സംബന്ധിച്ച് തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കാൻ കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, പിരപ്പൻകോട് നീന്തൽകുളം, കൊല്ലത്തെ ഹോക്കി സ്റ്റേഡിയം തുടങ്ങിയവിടങ്ങളിൽ നിന്നും സിബിഐക്ക് തെളിവെടുക്കേണ്ടി വന്നിട്ടുള്ളതായി പുറത്തുവന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ; ഇതിനായി സംസ്ഥാന സർക്കാർ നോട്ടിഫിക്കേഷൻ

പുറപ്പെടുവിച്ചുകൊണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) കോമൺവെൽത്ത് ഗെയിംസ്, ഝാർഖണ്ഡ് ദേശീയഗെയിംസ് എന്നിവയുടെ നടത്തിപ്പുകാരിൽ ആരോപിതരായ ഒട്ടേറെപേർ അറസ്റ്റിലാവുകയും ജയിലിൽ അടക്കപ്പെടുകയും ചെയ്തിട്ടുള്ള കാര്യം സർക്കാരിനറിയാമോ ;

(എഫ്) ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടന്ന ദേശീയഗെയിംസിന്റെ നടത്തിപ്പിൽ അഴിമതി ഉണ്ടെങ്കിൽ അത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

<u>ദേശീയ ഗെയിംസ് നിർമിതികളുടെ പുനരുപയോഗം</u>

291. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനായി ഒരുക്കിയ ഗെയിംസ് വില്ലേജ് അടക്കമുള്ള പ്രി-ഫാബ്രിക്കേറ്റഡ് നിർമ്മിതികൾ ഇനി എന്തു ചെയ്യാനാണ് ഉപയോഗിക്കുന്നത് ;

(ബി) ഇവ സംസ്ഥാനത്തെ വിവിധ സ്പോർട്സ് കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(സി) ഇങ്ങിനെ ചെയ്യുമ്പോൾ ഗെയിംസിന് വേദിയാവാത്ത ജില്ലകൾക്ക് മുൻഗണന നൽകുമോ ;

(ഡി) വിവിധ സ്പോർട്സ് ഉപകരണങ്ങളും വീണ്ടും ഉപയോഗിക്കുന്നതിനായി നൽകാൻ ആലോചിക്കുന്നുണ്ടോ ?

<u>ദേശിയ ഗെയിംസ് വേദികൾക്കായുള്ള അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ</u>

292. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗെയിംസ് വേദികൾക്കാവശ്യമായ അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ടെണ്ടർ വിളിച്ചത് ഏത് തീയതിയിലാണ്, ഏതെല്ലാം പത്രങ്ങളിൽ ഇതിനായി ടെണ്ടർ പരസ്യം നല്കുകയുണ്ടായി, സർക്കാർ വെബ്സൈറ്റിലും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ വെബ്സൈറ്റിലും ഈ പരസ്യം നല്കിയത് ഏത് തീയതിയിലായിരുന്നു എന്നിവ സംബന്ധിച്ച വിവരങ്ങൾ നല്കാമോ;

(ബി) സുതാര്യമായ നടപടികളില്ലാതെ ധൃതിപിടിച്ച് ടെണ്ടർ വിളിക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം എന്തായിരുന്നു; അഗ്നിശമന സുരക്ഷാ ഉപകരണങ്ങളുടെ ആവശ്യം മുൻകൂട്ടി കാണാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ലേ എന്ന് വ്യക്തമാക്കാമോ ?

(സി) ടെണ്ടറിൽ പങ്കെടുത്തവർ ആരോക്കെയെന്നും ആരിൽ നിന്നെല്ലാം ക്വാട്ട് വാങ്ങുകയുണ്ടായെന്നും അറിയിക്കാമോ;

(ഡി) മൊത്തം എത്ര തുകയുടെ ഉപകരണങ്ങൾ വാങ്ങിക്കുകയുണ്ടായി എന്ന് അറിയിക്കാമോ; ഉപകരണങ്ങൾക്ക് വേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്തെന്ന വ്യക്തമാക്കാമോ;

(ഇ) ടെണ്ടറുമായി ബന്ധപ്പെട്ടുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ എന്ന് വിശദമാക്കാമോ ?

## <u>ദേശീയ ഗെയിംസിന്റെ ചെലവ്</u>

293. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ സംഘാടന ചെലവ്, പരസ്യം എന്നിവയ്ക്കായി പൊതുജനങ്ങളിൽ നിന്നോ സ്ഥാപനങ്ങളിൽനിന്നോ പണം പിരിക്കാൻ സംഘാടക സമിതിയോ സർക്കാരോ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ആർക്കെല്ലാമായിരുന്നു പിരിവിന്റെ ചുമതല; എത്ര രൂപയാണ് പിരിക്കാൻ തീരുമാനിച്ചത്; എത്ര രൂപ പിരിഞ്ഞുകിട്ടി;വിശദമാക്കാമോ;

(സി) പിരിവിന് ഏതെങ്കിലും വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) പിരിവിന് തീരുമാനിച്ചിട്ടില്ലെങ്കിൽ സംസ്ഥാനത്ത് പിരിവ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## <u>ദേശീയ ഗെയിംസിന്റെ ചെലവ്</u>

294. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി, എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ചത് എപ്പോഴൊക്കെയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും തരംതിരിച്ച് വിശദമാക്കാമോ?

## ദേശീയ ഗെയിംസിന്റെ സംഘാടക കമ്മിറ്റികൾ

295. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നയപരവും സാമ്പത്തിക ബാധ്യത വരുത്തുന്നതുമായ തീരുമാനങ്ങൾ എടുത്തത് ഏത് കമ്മിറ്റിയാണ്;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഭാരവാഹികൾ ആരൊക്കെയാണ്; എത്ര തവണ പ്രസ്തുത കമ്മിറ്റി യോഗം ചേരുകയുണ്ടായി;

(സി) ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്തു തീരുമാനം എടുക്കാതെ എന്തെങ്കിലും ചെലവ് നടത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) സാമ്പത്തിക കാര്യങ്ങളിലും നയപരമായ സംഗതികളിലും തീരുമാനം എടുക്കാനുള്ള അധികാരവും പ്രസ്തുത കമ്മിറ്റികൾക്ക് സർക്കാർ ഉത്തരവ് വഴി നല്കുകയുണ്ടായിട്ടുണ്ടോ; നിക്ഷിപ്തമായ അധികാരങ്ങൾക്ക് പുറത്ത് എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ?

## ദേശീയ ഗെയിംസിന്റെ നടത്തിപ്പ്

296. ശ്രീ.എ.കെ.ബാലൻ

,, എളമരം കരീം

,, രാജു എബ്രഹാം

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പും ഉദ്ഘാടന-സമാപന പരിപാടികളുമായും ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണങ്ങളെല്ലാം സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ;

(ബി) അന്വേഷണം നടത്താൻ തീരുമാനിച്ചതിനുശേഷം ആരോപണങ്ങൾ പാടെ തള്ളിക്കളയാനും അത് പരസ്യമായി പത്ര സമ്മേളനം നടത്തി പ്രഖ്യാപിക്കുവാനും കാരണം എന്തായിരുന്നു; ഇത് പ്രാഥമികമായ ഏതെങ്കിലും അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ; മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം അന്വേഷണത്തെ സ്വാധീനിക്കുമെന്നറിയാമോ; ഗെയിംസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെക്കുറിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്. വിശദമാക്കാമോ; ഇക്കാര്യത്തിൽ കായിക വകുപ്പ് മന്ത്രി ചീഫ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തായിരുന്നു;

(സി) ഉദ്ഘാടന ചടങ്ങിന് ചെലവിട്ട തുക കൂടിയെന്നും സമാപന ചടങ്ങിലെ ചെലവ് കുറക്കുമെന്നും പിഴവുകളുണ്ടായിട്ടുണ്ടെന്നും ദേശീയഗെയിംസ് പ്രവർത്തനം അവലോകനം നടത്തിയതിനുശേഷം ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായിരുന്നുവോ; കൂടിയതായി കണ്ടെത്തിയ ചെലവുകൾ എന്തെല്ലാമായിരുന്നു. സർക്കാറിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; സർക്കാരിൽ നിന്നും കൈപ്പറ്റിയ പണം ആരെല്ലാം തിരിച്ച് നൽകുകയുണ്ടായി;

(ഡി) ഗെയിംസ് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ വിലയിരുത്തലുകൾ സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ഇ) ഗെയിംസ് ഉദ്ഘാടന പരിപാടി യാതൊരു അടുക്കും ചിട്ടയുമില്ലാതെ അലങ്കോലമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണക്കാർ ആരൊക്കെയാണ്;

(എഫ്) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ആരെല്ലാമായി എത്ര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു; അവ ഏതെല്ലാം; ഏതെല്ലാം കരാറുകളിൽ ലംഘനമുണ്ടായിട്ടുണ്ട്;

(ജി) സർക്കാരിനുണ്ടായ നഷ്ടം തിരിച്ചു നൽകാൻ തയ്യാറായവരിൽ നിന്നെല്ലാം ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

<u>ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പരാതികൾ</u>

297. ശ്രീ.പുരുഷൻ കടലുണ്ടി

,, കെ.വി.അബ്ദുൾ ഖാദർ

,, ജെയിംസ് മാത്യു

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയഗെയിംസിന്റെ ഒരുക്കങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളെയും കെടുകാര്യസ്ഥതകളെയും സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) ഉന്നയിക്കപ്പെട്ട പരാതികൾ എന്തെല്ലാമായിരുന്നു ; അവ ഓരോന്നിന്റെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(സി) ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ദേശീയഗെയിംസുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു ; അവയിൽ യഥാസമയവും ഇനിയും കൈവരിക്കാൻ സാധ്യമായിട്ടില്ലാത്തവ എന്തെല്ലാമാണ് ;

(ഡി) ദേശീയഗെയിംസിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ടിരുന്നു ; അവയിൽ പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിയാതെ

പോയിട്ടുള്ളവ എന്തൊക്കെയാണ് ;

(ഇ) ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്ന് ആരെല്ലാം രാജിവെച്ചിട്ടുണ്ട് ;എന്തെല്ലാം കാരണങ്ങളാലാണ് രാജിവെച്ചത് ;

(എഫ്) ഒരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാനത്തെത്തിയ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും കായിക മന്ത്രാലയവും ഗെയിംസ് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ അറിയിച്ചിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

## ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങൾ

298. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത ഓരോ പരിശീലന ഉപകരണങ്ങൾക്കും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര വീതം ഉപകരണങ്ങളാണ് ഇറക്കുമതി ചെയ്തത് ; ഓർഡർ ചെയ്ത ഉപകരണങ്ങളുടെ എണ്ണം ലഭ്യമാക്കുമോ ; ഏത് കമ്പനികൾക്കാണ് ഓരോ ഉപകരണങ്ങളുടെയും ഇറക്കുമതി അനുവാദം കൊടുത്തത് ; ഈ അനുവാദത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യാമാക്കുമോ ;

(ബി) ദേശീയ ഗെയിംസിന് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങളിൽ ഉപയോഗിക്കാത്തവ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;ഇല്ലെങ്കിൽ അവ അടിയന്തരമായി തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേശീയ ഗെയിംസുള്ള ബഡ്ജറ്റ്

299. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനുള്ള അന്തിമ ബഡ്ജറ്റിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം വകയിരുത്തുകയുണ്ടായി;

(ബി) വിവിധ ഇനങ്ങളിലൂടെ എത്ര തുക വരവ് പ്രതീക്ഷിച്ചു;

(സി) വകയിരുത്തിയതിലും കൂടുതൽ ചെലവുണ്ടായത് ഏതെല്ലാം ഇനങ്ങൾക്കാണ്;

(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഏതെല്ലാം പരിപാടികൾ ലഘൂകരിക്കുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടുണ്ട് ;

(ഇ) ദേശീയ ഗെയിംസിന്റെ വരവുചെലവു കണക്കുകൾ വിശദമാക്കാമോ;

(എഫ്) പത്ര-ദൃശ്യ മാദ്ധ്യമങ്ങൾക്ക് പരസ്യം നൽകിയതിന് എത്ര തുക ചെലവ് വന്നു;

ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു?

<u>കായിക താരങ്ങൾക്ക് ജോലി .</u>

300. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ മെഡൽ നേടിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് എന്തൊക്കെ പാരിതോഷികങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ ജോലി നൽകുന്നത്; 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു പ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നല്കിയിട്ടുണ്ട്; എത്ര പേർക്ക് ജോലി നല്കാനുണ്ട്; വിശദാംശം നല്കുമോ;

(സി) കായിക താരങ്ങൾക്ക് നിയമനം നല്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>

301. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും സാധനസാമഗ്രികളോ സേവനങ്ങളോ വാങ്ങിയതിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ, സാധനസാമഗ്രികൾ, സേവനങ്ങൾ തുടങ്ങിയവയും അതിന് ചെലവായ തുകയും വിശദമാക്കാമോ?

<u>നാഷണൽ ഗെയിംസ് ചെലവുകൾ.</u>

302. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന് എത്ര കോടി രൂപ കേന്ദ്രവിഹിതമായി ലഭിച്ചു; കേരളത്തിന്റെ വിഹിതമായി എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ;

(ബി) ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന്റെ ഭാഗമായി എത്ര കോടി രൂപ ചെലവഴിച്ചു; പുതിയതായി എത്ര സ്റ്റേഡിയങ്ങൾ പണികഴിപ്പിച്ചു; എത്ര കോടി രൂപ

ചെലവഴിച്ചു;

(സി) നാഷണൽ ഗെയിംസ് ഇനത്തിൽ ആകെ ലഭിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും ഇനം തിരിച്ച വിശദാംശം നൽകുമോ;ഉദ്ഘാടനച്ചടങ്ങിനു മാത്രമായി എത്ര കോടി രൂപ ചെലവഴിച്ചു; വിശദവിവരം നൽകുമോ;

(ഡി) ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മന്ത്രിമാർക്കും, എം.എൽ. മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവേശന പാസുകൾ പോലും അർഹിക്കുന്ന പ്രാധാന്യത്തോടെ നൽകിയില്ലെന്ന തരത്തിലുള്ള വാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

(ഇ) ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മന്ത്രിമാർക്കും, M.L.A മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവേശന പാസുകൾ പോലും അർഹിക്കുന്ന പ്രാധാന്യത്തോടെ നൽകാതെ പരിഹസിയ്ക്കുന്ന തരത്തിലുള്ള വാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## നാഷണൽ ഗെയിംസ് ഉദ്യോഗസ്ഥർക്ക് ചെലവായ തുക

303. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാം നാഷണൽ ഗെയിംസിന്റെ സി.ഇ.ഒ., പ്രിൻസിപ്പൽ കോ-ഓഡിറ്റർ എന്നിവർ ശമ്പളം/അലവൻസ്/ഓണറേറിയം/ടി.എ/ഡി.എ/മറ്റിനങ്ങൾ-എന്നിങ്ങനെ വിവിധ ഇനങ്ങളിൽ കൈപ്പറ്റിയ തുക, ഇനം, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോരുത്തരും കൈപ്പറ്റിയ ആകെ തുക വെവ്വേറെ ലഭ്യമാക്കുമോ?

## തലസ്ഥാന നഗരിയിലെ അനധികൃത പൊളിച്ചു മാറ്റൽ

304. ശ്രീ.സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽ കുളവും, അനുബന്ധ കെട്ടിടങ്ങളും വിപുലീകരണത്തിനെന്ന പേരിൽപൊളിച്ചു മാറ്റിയത് എന്നാണ്; ആ തീരുമാനം കൈക്കൊണ്ടത് ആരെല്ലാമാണ്; പൊളിച്ചു മാറ്റിയതിനു ഏതു ഫണ്ടിൽ നിന്ന്;എന്തു തുക ചെലവാക്കി;

(ബി) നീന്തൽ കുളം വിപുലീകരണത്തിന്റെ ഭാഗമായി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിനു സമീപം കുഴിച്ചതിനും, അടിയിൽ പൈപ്പ് ലൈൻ ഉള്ളതിനാൽ നിർമ്മാണം ഉപേക്ഷിച്ചതിനും എന്തു തുക ചെലവായി; ഇതു സംബന്ധമായ തീരുമാനങ്ങൾ കൈക്കൊണ്ടത് ആരെല്ലാം; ഏതെല്ലാം തീയതികളിൽ;

(സി) പൊളിച്ചു മാറ്റിയ നീന്തൽ കുളത്തിന്റെ പുനർ നിർമ്മിതിക്ക് എന്തു തുക ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

<u>നാഷണൽ ഗെയിംസിനായി വാങ്ങിയ ദിശാ ബോർഡുകൾ</u>

305. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാമതു നാഷണൽ ഗെയിംസിൽ ഉപയോഗിക്കുന്നതിനായി മുള കൊണ്ടു നിർമ്മിച്ച എത്ര ദിശാ ബോർഡുകൾ വാങ്ങി എന്നും ഓരോന്നിനും എത്ര വിലയുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) അവ വാങ്ങുന്നതിനായി ആകെ എത്ര തുക വിനിയോഗിച്ചുവെന്നും, എവിടെ നിന്നാണ് വാങ്ങിയത് എന്നും, ഗെയിംസ് പര്യവസാനിച്ചതിനു ശേഷം ഇവ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കമോ?

<u>ടെന്നീസ് പരിശീലനവേദിയിലെ അടിസ്ഥാനസൗകര്യങ്ങൾ</u>

306. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി ടെന്നീസ് താരങ്ങളുടെ പരിശീലന വേദിയായ ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കി നൽകിയതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുമാരപുരത്തുള്ള ടെന്നീസ് കോംപ്ലക്സിലെ പ്രധാന കോർട്ടിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

<u>ചാലക്കുടി, പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ</u>

307. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എം.എൽ.എ. യുടെ ട്രഷറി നിക്ഷേപസമാഹരണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടിയിലധികം രൂപ ചെലവു ചെയ്ത് നിർമ്മിച്ച സ്റ്റേഡിയത്തിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും നിർമ്മിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം

308. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസ് നടത്തിപ്പിനായി നവീകരിച്ച ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം ഇനിമുതൽ ആർക്കാണെന്നും സ്റ്റേഡിയത്തിൽ പുതിയതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) നാഷണൽ ഗെയിംസിന്റെ ഭാഗമായി സ്റ്റേഡിയം നവീകരിക്കുവാൻ എന്തു തുക ചെലവഴിച്ചിട്ടിണ്ടെന്നും മത്സരയിനങ്ങൾ നടത്തിയതിന് എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

309. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, ആർ . സെൽവരാജ്

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;?

## മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസ്

310. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി, തിരുവനന്തപുരത്തെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ മൊത്തം എത്രപേർക്കുള്ള ഇരിപ്പിടങ്ങൾ സജ്ജമാക്കിയിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ദേശീയ ഗെയിംസിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുന്നതിന് പ്രവേശന പാസ്സ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഏതെല്ലാം വിഭാഗങ്ങളിലായി എത്ര പ്രവേശന പാസ്സുകൾ പ്രിന്റ് ചെയ്യുകയുണ്ടായി; അവയിൽ വിതരണം ചെയ്തവയെത്ര; ഏതെല്ലാം മാർഗ്ഗേനയാണ് പാസ്സ് വിതരണം ചെയ്തിരുന്നത്; സ്പോർട്സ് വകുപ്പ് മന്ത്രിയുടെ ആഫീസ്സ് വഴി വിതരണം ചെയ്ത പ്രവേശന പാസ്സുകൾ എത്രയായിരുന്നു;

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പ്രവേശന പാസ്സുകൾ പ്രിന്റ് ചെയ്ത ഇനത്തിൽ മൊത്തം എന്ത് തുക ചെലവായിട്ടുണ്ട്;

(ഡി) പ്രാവേശന പാസ്സുകൾ പണം ഈടാക്കി വില്പന നടന്നത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ?

## **35-**മത് ദേശീയ ഗെയിംസ്

311. ശ്രീ.റ്റി.യു. കുരുവിള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-മത് ദേശീയ ഗെയിംസ് വിജയകരമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസിനായി നവീകരിച്ച സ്റ്റേഡിയങ്ങൾ സൂക്ഷിക്കുന്നതിനും, കായിക താരങ്ങൾക്ക് സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗെയിംസിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ അത് ലെറ്റിക് മീറ്റ്, ദേശീയ സ്കൂൾ കായിക മേള തുടങ്ങിയവ കേരളത്തിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## നാഷണൽ ഗെയിംസിനായി **6** എം.എം. ബുള്ളറ്റുകൾ/കാട്രിഡ്ജുകൾ

312. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14-വരെ കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിൽ 300 മീറ്റർ ഷൂട്ടിംഗ് റേഞ്ച് ആവശ്യമുള്ള 6 എം.എം. ബുള്ളറ്റ് കാട്രിഡ്ജുകൾ ഉപയോഗിക്കപ്പെടുന്ന ഷൂട്ടിംഗ് മത്സരങ്ങൾ ഒരു മത്സര ഇനമായി ഉൾപ്പെടുത്തിയിരുന്നോ;ഇല്ലെങ്കിൽ 6 എം.എം. ബുള്ളറ്റുകൾ/കാട്രിഡ്ജുകൾ 35-മത് നാഷണൽ ഗെയിംസിനായി വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങിയിരുന്നുവെങ്കിൽ ആയത് എന്തിനാണെന്നും ഇവ വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതി</u>

313. ശ്രീ.അൻവർ സാദത്ത്

,, ഹൈബി ഈഡൻ

,, പി.എ.മാധവൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള ഉൾപ്പെടെയുള്ളവയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

<u>കെ എസ് ആർ ടി സി ജീവനക്കാരുടെ പണിമുടക്കും അക്രമപ്രവർത്തനവും</u>

314. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ എസ് ആർ ടി സിയിലെ വിവിധ തൊഴിലാളി യൂണിയനുകൾ തിരുവനന്തപുരം ജില്ലയിൽ മാത്രം 17.12.2014 ന് നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് വ്യാപകമായി നടന്ന അക്രമപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ രോഗിയുമായി ചികിത്സാർത്ഥം എത്തിയപ്പോൾ സമരാനുകൂലികൾ അവരെ ആക്രമിച്ച സംഭവത്തിൽ എതെല്ലാം വകുപ്പ് പ്രകാരം എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സിൽ പ്രതി ചേർക്കപ്പെട്ടവർക്കെതിരെ എന്തെല്ലാം വകുപ്പ് തല നടപടികൾ സ്വീകരിച്ചു; വിശദവിവരം നൽകുമോ;

(ഡി) കെ എസ് ആർ ടി സി ജീവനക്കാർ നടത്തുന്ന ഇതുപോലുള്ള സമരങ്ങളിൽ പൊതുജനങ്ങൾ അക്രമിക്കപ്പെടാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി ടെർമിനൽ കം ഷോപ്പിംങ്ങ് കോംപ്ലക്സ്

315. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ടെർമിനൽ കം ഷോപ്പിംങ്ങ് കോംപ്ലക്സ് ഏതെല്ലാം സ്ഥലങ്ങളിൽനിർമ്മിക്കുന്നതിന് മുൻ സർക്കാർ പദ്ധതിയിട്ടിരുന്നു;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണം ആരംഭിച്ചത് ഏത് തീയതി മുതലാണ്; ആരംഭിച്ച് എത്ര മാസങ്ങൾക്കകം നിർമ്മാണം പൂർത്തിയാക്കണമെന്നാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്; ഓരോ പദ്ധതിയുടെയും കാര്യത്തിൽ എത്ര കാലതാമസം നേരിട്ടു; പൂർണ്ണതോതിൽ പദ്ധതി പൂർത്തികരിക്കാൻ ഒരോ പദ്ധതിക്കും ഇനിയും എത്ര മാസങ്ങൾ ആവശ്യമാണ്; കാലതാമസത്തിനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) നിർമ്മാണകാലാവധി പ്രതീക്ഷിച്ചതിലും കൂടിയത് മൂലം നിർമ്മാണ ചെലവിൽ എത്ര ശതമാനം വർധന നേരിട്ടിട്ടുണ്ട്; അതുവഴി പദ്ധതി ചെലവ് എത്രയിൽ നിന്നും എത്രയായി വർധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യാൻ താമസിച്ചുപോയതിനാൽ ഓരോ പദ്ധതിയിൽ നിന്നും പ്രതിക്ഷിക്കുന്ന വരുമാനത്തിൽ ഇതിനകമുണ്ടായ നഷ്ടം എത്ര കോടി വീതമാണ്?

## കെ.എസ്.ആർ.ടി.സി ടിക്കറ്റിനോടൊപ്പമുള്ള സെസ്സ്

316. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ് യാത്രക്കാരിൽനിന്ന് ടിക്കറ്റിനോടൊപ്പം സെസ്സ് പിരിക്കാൻ തുടങ്ങിയത് ഏത് തീയതി മുതലാണ് ; ഇത് സംബന്ധമായ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രതിവർഷം എത്ര കോടി രൂപ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി പ്രതീക്ഷിക്കുന്നു ; സെസ്സ് ഇനത്തിൽ ഈടാക്കുന്ന തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതെന്നും എപ്രകാരമാണ് സൂക്ഷിക്കുന്നതെന്നും വിശദമാക്കുമോ ;

(സി) യാത്രക്കാരന്റെമേൽ ചുമത്തപ്പെട്ട സെസ്സ് നിരക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## കെ.എസ്.ആർ.ടി.സി. പുതിയ പദ്ധതികൾ

317. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം സമീകരിക്കുന്നതിനായി കൊറിയർ/പാർസൽ സർവ്വീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ നാളിതുവരെ അനുബന്ധ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) അനുബന്ധ പദ്ധതി സാദ്ധ്യത സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരത്തിലുള്ള ഒരു ക്രമീകരണം നടത്തുന്നതിന് തയ്യാറാകുമോ?

## കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ

318. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഇവ വാങ്ങുന്നതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം ഡിപ്പോകളിലേയ്ക്കാണ് നൽകിയിട്ടുള്ളതെന്ന വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) അടൂർ ഡിപ്പോയിലേയ്ക്ക് നൽകാമെന്ന് ഉറപ്പ് നൽകിയിരുന്ന പുതിയ ബസ്സ് ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്.

319. ശ്രീ.കെ.ശിവദാസൻ നായർ

,, എ.റ്റി.ജോർജ്

,, അൻവർ സാദത്ത്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി. യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

320. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5 വർഷത്തിൽ അധികമായി കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലികമായി ജോലി ചെയ്യുന്ന എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള സാധ്യത സംബന്ധിച്ച് പരിശോധനകൾ നടത്തുമോ;

(സി) ആയതിന് സഹായകമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സിയ്ക്ക് ഇന്ധന സബ്സിഡി

321. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയ്ക്ക് രാജ്യത്തെ എണ്ണകമ്പനികൾ സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്നത് പുനഃരാരംഭിച്ചിട്ടുണ്ടോ;എങ്കിൽ എന്നു മുതൽ ;

(ബി) അന്നു മുതൽ ഈ ഇനത്തിൽ എന്ത് തുക കെ.എസ്.ആർ.ടി.സി. യ്ക്ക് ലാഭിക്കാനായിട്ടുണ്ട്; വാങ്ങിയ ഇന്ധന അടിസ്ഥാനത്തിൽ പട്ടിക തിരിച്ച് കണക്ക്

നല്കുമോ?

<u>ബസ് യാത്രാ നിരക്ക് വർദ്ധനയും ഇന്ധന വിലയും</u>

322. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്നുമുതലാണ് ബസ് യാത്രാ നിരക്കുകൾ വർദ്ധിപ്പിച്ചത് ;

(ബി) വർദ്ധനവ് പ്രാബല്യത്തിൽ വന്നശേഷം എന്ന് മുതലാണ് ഡീസൽ വില കുറഞ്ഞു തുടങ്ങി ഇന്നത്തെ താഴ്ന്ന നിലയിലെത്തിയത് ;

(സി) ഇന്ധന വിലയിടിഞ്ഞതിനെത്തുടർന്ന് KSRTCയ്ക്ക് ആ ഇനത്തിൽ ഇതുവരെ എന്ത് തുക ലഭ്യമായിട്ടുണ്ട് ;വിശദമാക്കാമോ ;

(ഡി) ലാഭം KSRTCയ്ക്ക് ഏത് വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

<u>വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസ്</u>

323. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ഉപയുക്തമായ എത്ര ബസുകളാണ് ഉണ്ടായിരുന്നതെന്നും ഇതു വഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര ബസുകൾ കണ്ടം ചെയ്ത് മാറ്റിയിട്ടുണ്ടെന്നും എത്ര ബസുകൾ കൂടുതലായി ഡിപ്പോയിലേക്ക് അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചതിൽ എത്ര പുതിയ ബസുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇപ്പോൾ എത്ര ബസുകളാണ് ഉള്ളതെന്നും ഇതുവഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വൈക്കം ഡിപ്പോയിലേയ്ക്ക് അനുവദിച്ച ബസുകൾ ഏതൊക്കെ മോഡലുകളിൽ ഉള്ളവയാണെന്ന് വ്യക്തമാക്കുമോ?

<u>എംപാനൽ ജീവനക്കാരെ പിരിച്ചു വിടൽ</u>

324. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എംപാനൽ ജീവനക്കാരെ പിരിച്ച് വിട്ട് നിലവിലുള്ള കണ്ടക്ടർ ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഓരോ ഡിപ്പോയിലും സേവനമനുഷ്ഠിക്കുന്ന എംപാനൽ ജീവനക്കാരുടെ എണ്ണവും, ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട ജീവനക്കാരുടെ വിശദവിവരവും ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ?

ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

325. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നു എന്നും പ്രതിദിനം എത്ര ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യപ്പെടുന്നു എന്നും പറയാമോ;

(ബി) ക്യാൻസൽ ആക്കുന്നതിന് എന്തൊക്കെയാണ് കാരണങ്ങൾ എന്നു പറയാമോ;

(സി) ബസ്സുകളുടെ കുറവുകൾ, സ്പെയർ പാർട്ട്സ് ഇല്ലായ്മ ഇവ മൂലം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറയുമോ?

ദീർഘദൂര സൂപ്പർക്ലാസ് ബസ് റൂട്ടുകൾ

326. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സൂപ്പർക്ലാസ് ബസ് റൂട്ടുകൾ ഏറ്റെടുക്കുന്നതിന് കെ.എസ്.ആർ.ടി.സിക്ക് തടസ്സമായി നൽക്കുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സൂപ്പർ ക്ലാസ്സ് ബസ് റൂട്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ബസ്സുകളുടെ എണ്ണത്തിലുള്ള കുറവ് എത്രയെന്നു വ്യക്തമാക്കുമോ ;

(സി) 2014-15-ൽ എത്ര പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി പുറത്തിറക്കിയിട്ടുണ്ടെന്നും ഈ ബസ്സുകൾ ഏതെല്ലാം ഡിപ്പോകളിൽ നിന്നാണ് സർവ്വീസ് നടത്തുന്നതെന്നും അറിയിക്കുമോ?

## കോഴിക്കോട് മംഗലാപുരം ബസ് റൂട്ട്

327. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് -മംഗലാപുരം റൂട്ടിൽ പെർമിറ്റ് കാലാവധി കഴിഞ്ഞ എത്ര സ്വകാര്യ ബസ്സുകൾ ഉണ്ടെന്നു ബസ്സ്, റൂട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പെർമിറ്റ് കാലാവധി തീർന്ന സ്വകാര്യ ബസ്സുകൾക്ക് പകരം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ആരംഭിച്ചതെന്ന് ഡിപ്പോ, റൂട്ട് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പകരം ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഭൂരിഭാഗവും ടൗൺ ടു ടൗൺ സർവ്വീസുകളാണെന്നതും യാത്രക്കാർക്ക് സൗകര്യപ്രദമായ ലിമിറ്റഡ്, ഓർഡിനറി ബസ്സുകൾ ഇതോടൊപ്പം ആവശ്യത്തിന് ആരംഭിച്ചിട്ടില്ലെന്നതുമായ പരാതികൾ ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതികൾ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് പുതിയ ബസുകൾ

328. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സർവ്വീസ് യോഗ്യമായ ആകെ എത്ര ബസ്സുകളാണുള്ളത്;

(ബി) കാലപ്പഴക്കം മൂലം അടുത്ത രണ്ട് വർഷത്തിനകം പ്രസ്തുത ഡിപ്പോയിൽ സർവ്വീസ് യോഗ്യമല്ലാതായി തീരുന്ന എത്ര ബസ്സുകളാണ് ഉള്ളത് ;

(സി) സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വാഹനങ്ങളിലെ ഹോൺ ദുരുപയോഗം

329. ശ്രീ.എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ ഹോൺ ദുരുപയോഗം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അനുവദനീയ ഡെസിബലിൽ കൂടിയ ഹോണുകൾ ഫിറ്റ് ചെയ്ത് നിരന്തരം മുഴക്കി ശല്യമുണ്ടാക്കുന്ന

കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് അപകടങ്ങൾക്കും വഴിയാത്രക്കാർക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ;

(സി) നഗരങ്ങളിൽ വേഗപരിധിയും, ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനവും, കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണ സംവിധാനവും നിലനില്ക്കുന്ന സാഹചര്യത്തിൽ നഗരപരിധികളിൽ ഹോൺ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

## യാത്രക്കൂലി വർദ്ധന

330. ശ്രീ.കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി , സ്വകാര്യ ബസ് ,എന്നിവയിൽ അവസാനമായി യാത്രക്കൂലി വർദ്ധിപ്പിച്ചത് എന്ന് മുതലാണ് ;

(ബി) ഡീസൽവില കുറഞ്ഞിട്ടും യാത്രക്കൂലിയിൽ വരുത്തിയ വർദ്ധന കുറയ്ക്കാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) എണ്ണവില കുറഞ്ഞിട്ടും വർദ്ധിപ്പിച്ച ഓട്ടോ, ടാക്സി കൂലി ഉൾപ്പെടെയുള്ള യാത്രാ നിരക്ക് കുറയ്ക്കാത്തത് നീതിയുക്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

## വാഹനങ്ങളുടെ വേഗപരിധി

331. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം. വി. നിയമപ്രകാരം ഓരോതരം വാഹനത്തിനും അനുവദനീയമായ വേഗപരിധി പട്ടിക തിരിച്ച് വിശദമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷംവാഹനങ്ങളുടെ വേഗപരിധി വിഷയത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിരുന്നോ; വിശദവിവരം നൽകാമോ ;

(സി) വേഗതാപരിധി പാലിക്കുന്നതിൽ ഏതെങ്കിലും വാഹനങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഇളവ് അനുവദിച്ചതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ?

## രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ്

332. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ വികസന സമിതി പ്രമേയം പാസാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ബൈപ്പാസിൽ ബസ് സർവ്വീസ് ഇല്ലാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>യാത്രാക്കൂലി</u>

333. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, ഡീലക്സ് ബസുകളിലെ മിനിമം യാത്രാനിരക്കും പോയിന്റനുസരിച്ച് കൂട്ടുന്ന തുകയും വിശദമാക്കാമോ;

(ബി) ഇപ്പോഴത്തെ ഈ ചാർജ്ജ് നിലവിൽ വന്നത് എന്നുമുതൽ എന്നും അന്ന് ഡീസൽ വില ലിറ്ററിന് എത്ര രൂപയായിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) നിരക്ക് നടപ്പിലാക്കുമ്പോഴത്തേയും ഇപ്പോഴത്തേയും ഡീസൽ വിലയിലുള്ള വ്യത്യാസം എത്രയെന്ന് വ്യക്തമാക്കാമോ; ഡീസൽ വില കുറയുന്നതിനനുസരിച്ച് ആനുപാതികമായി യാത്രാക്കൂലിയിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇന്ധന വിലക്കുറവിന് അനുസരിച്ച് യാത്രക്കൂലിയിൽ കുറവുവരുത്താൻ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>റോഡപകടങ്ങൾ</u>

334. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും സംസ്ഥാനത്ത് റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>പടിഞ്ഞാറത്തറ - കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം</u>

335. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറത്തറ - കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം പ്രവർത്തകർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റയിൽ നിന്നും പടിഞ്ഞാറത്തറയിലേക്ക് സർവ്വീസ് നടത്തുന്ന ഏതെങ്കിലും ഒരു ബസ്സിന്റെ ട്രിപ്പ് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ രാവിലെയും വൈകിട്ടും കുറ്റിയാം വയലിലേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>രാമചന്ദ്രൻ കമ്മീഷൻ ശുപാർശ</u>

336. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുന്നതിന് രാമചന്ദ്രൻ കമ്മീഷൻ നൽകിയ ശുപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഡീസൽ വില ഇടിഞ്ഞ സാഹചര്യത്തിൽ യാത്രാ-ചരക്ക് കൂലികൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോ ; കടത്ത് കൂലി കുറയ്ക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വൻ കുറവ് ഉണ്ടാകുന്ന സാഹചര്യം കൂടി പരിഗണിച്ച് യാത്രാ-ചരക്ക്കൂലി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

## കോഴിക്കോട് ജില്ലയിൽ ലോ ഫ്ലോർ ബസ് സർവീസുകൾ

337. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കോഴിക്കോട് ജില്ലയിൽ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ എത്ര ലോ ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഏതെല്ലം റൂട്ടുകളിലാണ് ഈ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ റൂട്ടുകളിലാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് ബസുകൾ വാങ്ങുന്ന പദ്ധതി

338. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് ബസുകൾ വാങ്ങുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എം.എൽ.എ. മാരുടെ സഹകരണം എത്രത്തോളം പ്രയോജനപ്പെടുത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് 2015 മാർച്ച് 31 ന് മുൻപ് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമോ ; വ്യക്തമാക്കുമോ ?

## കണ്ടക്ടർമാരുടെ ശമ്പളസ്കെയിൽ

339. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്റ്റംബർ മാസം പി.എസ്.സി അഡ്വൈസ് ലഭിച്ച് കെ.എസ്.ആർ.ടി.സി യിൽ നിയമിതരായ കണ്ടക്ടർമാർക്ക് ശമ്പളം നൽകിയത് ഏത് സ്കെയിലിലാണ്;

(ബി) പി.എസ്.സി യിൽ നിന്ന് അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ടവർക്ക് ആദ്യം അഡ്വൈസ്ഡ് എംപാനൽ തലക്കെട്ടിൽ 110 രൂപ നിരക്കിലും പിന്നീട് മുൻകാല പ്രാബല്യം നൽകി അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ട ദിവസം മുതൽ ശമ്പള സ്കെയിൽ നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി യിൽ ജോലി നോക്കിയ കണ്ടക്ടർമാർക്ക് ശമ്പള സ്കെയിൽ നൽകിയപ്പോൾ ഇവിടെ നിന്നും ഡെപ്യൂട്ടേഷനിൽ പേഴ്സണൽ സ്റ്റാഫിലേക്ക് പോയ ആൾക്കും പ്രസ്തുത സ്കെയിലിൽ ശമ്പളം നൽകേണ്ടതല്ലേയെന്നത് വ്യക്തമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II നിയമനം</u>

340. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II തസ്തികയിൽ താൽക്കാലിക നിയമനം വഴി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; സ്ഥിരം നിയമനത്തിനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) പി.എസ്.സി. മുഖാന്തിരം ഈ തസ്തികയിൽ ഈ വർഷം എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>റോഡ് ടാക്സ്</u>

341. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ റോഡ് ടാക്സ് സ്വീകരിക്കുന്ന രീതിയിലോ തോതിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നതിന്റെ വിശദവിവരം നല്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി) സംസ്ഥാനത്ത് ഓണേഴ്സ് വാഹനങ്ങൾക്കും ടാക്സികൾക്കും റോഡ് ടാക്സ് സ്വീകരിക്കുന്ന രീതിയിൽ വരുത്തിയ മാറ്റം സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്നുണ്ടെന്ന കാര്യം അറിവുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഓണേഴ്സ് വാഹന ഉടമകൾ റോഡ് ടാക്സ് കാലാവധി കഴിയുന്ന മുറയ്ക്ക് നേരത്തെ രണ്ടു കൊല്ലത്തേക്ക് ഒരുമിച്ചടച്ചിരുന്നത് ഇപ്പോൾ അഞ്ചു കൊല്ലത്തേക്ക് മാത്രമേ അടയ്ക്കാനാവൂ എന്ന് നിർബന്ധിക്കുന്ന വ്യവസ്ഥ സാമ്പത്തിക ബുദ്ധിമുട്ടുള്ള പലർക്കും പാലിക്കാനാകുന്നില്ലെന്ന വസ്തുത ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ; ഇതിൽ ആർക്കെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ ഓണേഴ്സ് വാഹന ഉടമകളെ അധിക കാലത്തേക്ക് ടാക്സ് അടയ്ക്കുന്നതിന് നിർബന്ധിക്കുന്ന വ്യവസ്ഥ മാറ്റുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

<u>ഹെൽമറ്റ് ധാരികളായ യാത്രക്കാർ</u>

342. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി 31 വരെ ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രികരിൽ നിന്ന് എന്ത് തുക പിരിച്ചെടുക്കുന്നതിനാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇതിൽ നിന്നുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) ഹെൽമറ്റ് ധരിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നത്തിന് കാരണമാവുന്ന രോഗികളായ യാത്രക്കാർക്കായി ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

<u>ഹെൽമറ്റ് ധരിക്കാത്ത യാത്രക്കാരിൽ നിന്ന് ഈടാക്കിയ പിഴ</u>

343. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹെൽമറ്റ് ധരിക്കാത്ത രോഗികളുൾപ്പെടെയുള്ള ടൂവീലർ യാത്രക്കാരിൽ നിന്ന് എന്ത് തുക പിഴയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട് ;

(ബി) പ്രസ്തുത തുക മുൻ സർക്കാരിന്റെ ഇതേ കാലയളവിൽ പിരിച്ചെടുത്ത തുകയുമായി താരതമ്യം ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) യഥാർത്ഥ രോഗികൾക്ക് ഇളവ് നൽകാതെ പിഴ ഈടാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഹെൽമറ്റ് നിർബന്ധമാക്കുന്ന നിയമത്തിൽ ഇളവ്

344. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽമറ്റ് ധരിക്കാത്ത ആരോഗ്യപ്രശ്നങ്ങളുള്ള ടൂ വീലർ യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുന്ന നിയമത്തിൽ ഇളവ് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ;

(ബി) ഹെൽമറ്റ് ധരിക്കുന്നതിലെ അസൗകര്യം കണക്കിലെടുത്ത്, പിൻസീറ്റ് യാത്രികാർക്ക് ഇളവ് അനുവദിച്ച സംസ്ഥാന സർക്കാർ, എന്തുകൊണ്ട് യഥാർത്ഥ രോഗികളായവർക്ക് ഇളവനുവദിക്കുന്നില്ലെന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് കാർഡ്

345. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസും ആർ. സി. രജിസ്ട്രേഷനും ഡിജിറ്റലൈസ് ചെയ്യുവാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്മാർട്ട് കാർഡ് ഇംപ്ലിമെന്റേഷന് വേണ്ടി ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(സി) ഇതിനായി ഏജൻസിയെ കണ്ടെത്തുന്നതിന് വിളിച്ച ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണന്ന് അറിയിക്കാമോ;

ഓട്ടോറിക്ഷകളിൽ പ്രിന്റഡ് ഫെയർ ബില്ല്

346. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളിൽ യാത്ര ചെയ്യുന്നവർക്ക് പ്രിന്റഡ് ഫെയർ ബില്ല് നൽകുന്ന മീറ്റർ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇത് ഏർപ്പെടുത്തുന്നതിനെതിരെ എന്തെങ്കിലും തരത്തിലുള്ള സമ്മർദ്ദം ഗവൺമെന്റിന് മേൽ ഉണ്ടാകുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) ഇത് എന്നുമുതലാണ് ഇതു നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
01-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].